പഞ്ചായത്ത്‌രാജ്

പുസ്തകം 53 ◆ ലക്കം 08 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം നവംബർ 2013

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

നവംബർ 1-7 ശ്രേഷ്ഠഭാഷാവാരം

5 എഡിറ്ററുടെ പേജ്

6 മലയാളം എന്റെ സർഗധാരയുടെ ഉറവ
ഡോ. എം.കെ. മുനീർ

8 ഭരണവും ഭാഷയും
ഡോ. എഴുമറ്റൂർ രാജരാജവർമ്മ

11 ഭരണഭാഷ മലയാളം – പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും
എം.വി. തോമസ്



15 വൈവിധ്യങ്ങൾ ഇഴപിരിച്ച് കയർബോർഡ് അറുപതാം വർഷത്തിലേക്ക്
അബ്ദു മനാഫ്.കെ.



18 ഗ്രാമ പഞ്ചായത്തുകളിലൂടെ
പ:ന്യൂ:സർവ്വീസ്

20 ഇനി നമുക്കാവശ്യം – ഒരു തിരിച്ചറിവ്.
ജോൺ എസ്. ജയിംസ്

23 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

26 പെൻകൾചർ – നൂതനമായ മത്സ്യകൃഷി
റിപ്പോർട്ട് – ബിന്ദുരാജ്.എം.എ.

30 കാഴ്ച്ചക്കുല
എം.എ. സുധീർ ബാബു, പട്ടാമ്പി

32 നഗര ഭരണത്തിന് ഇ – ഗവേണൻസ്
അജിത്ത് വെണ്ണിയൂർ

35 ലാസ്യത്തിന്റെ പരിശുദ്ധി – തിരുവാതിരക്കളി
ടി.സി. സുനിൽ ദത്ത്

38 മലപ്പുറം ജില്ലക്ക് ചരിത്ര നേട്ടം
വി.പി. സുകുമാരൻ

40 സാമൂഹ്യനീതി ദിനാഘോഷം

നൂതന പദ്ധതികൾ ഏറ്റെടുത്ത് കേരളം ഇന്ത്യയ്ക്കു മാതൃകയാകണം

ഡോ. എം.കെ. മുനീർ

ഗ്രാമ പഞ്ചായത്തുകൾ നൂതന പദ്ധതികൾ ഏറ്റെടുത്തു സമയ ബന്ധിതമായി പൂർത്തീകരിച്ച് ഇന്ത്യയ്ക്കു മാതൃകയാകണമെന്ന് പഞ്ചായത്തു സാമൂഹ്യ നീതി വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ അഭിപ്രായപ്പെട്ടു. 28.10.2013ൽ പഞ്ചായത്തു അസോസിയേഷൻ ഹാളിൽ കൂടിയ പദ്ധതി അവലോകനയോഗത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു മന്ത്രി. കഴിഞ്ഞ വർഷം പുതിയ മാർഗ്ഗ നിർദ്ദേശം ഏർപ്പെടുത്തിയതിനാൽ പദ്ധതി നടത്തിപ്പിന് മതിയായ സമയം ലഭിച്ചില്ല എന്ന പരാതിയുണ്ടായിരുന്നു. എന്നാൽ ഈ വർഷം മതിയായ സമയം ലഭിച്ചിട്ടും സാമ്പത്തിക വർഷത്തിന്റെ പകുതി പിന്നിട്ടപ്പോൾ നാം പ്രതീക്ഷിച്ച അത്രയും ചെലവ് പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ഗ്രാമ പഞ്ചായത്തുകൾ ഈ വിഷയം ഗൗരവമായി എടുക്കണം. എവിടെയോ താളപ്പിഴ സംഭവിക്കുന്നു എന്നു വേണം കരുതാൻ. ഇൻജിനിയറിംഗ് വിംഗും, പഞ്ചായത്തുകളും തമ്മിൽ കോ-ഓർഡിനേഷനിൽ എന്തോ പ്രശ്നം ഉണ്ടെന്ന് തോന്നുന്നു. സ്പിൽ ഓവർ പ്രവർത്തികൾക്കു വിരാമം ഇടേണ്ട സമയമായിരിക്കുന്നു. അനന്തമായി ഇതു നീട്ടി കൊണ്ട് പോയിട്ട് കാര്യമില്ല. ബനിഫിഷ്യറി ലിസ്റ്റുകൾ പൂർണ്ണമായിരിക്കണം. ടെൻഡർ നടപടികൾ വേഗത്തിലാക്കാൻ കഴിയണം-ഇതൊക്കെ ചെയ്തിരുന്നെങ്കിൽ ഇപ്പോൾ 60% ചെലവ് ചെയ്യാമായിരുന്നു എന്നും മന്ത്രി അഭിപ്രായപ്പെട്ടു.

SC, ST ഫണ്ടുകൾ ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ ജില്ലയിൽ തന്നെ മറ്റുള്ളവർക്ക് ഫണ്ട് കൈമാറുന്നതിനെകുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. മെയിന്റനൻസ് നോൺറോഡ്-ഫണ്ടുകൾ കൂടുതൽ ചെലവഴിക്കാൻ കഴിയണം. അംഗൻവാടികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, വിദ്യാലയങ്ങൾ, കൃഷി ഭവനുകൾ എന്നീ മേഖലകളിൽ ചെലവഴിക്കാൻ കഴിയുന്ന ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ശ്മശാനം, അറവുശാല, പൊതു ശൗചാലയം എന്നീ പദ്ധതികൾക്ക് പ്രാമുഖ്യം നല്കണം, ISO സർട്ടിഫിക്കറ്റ് നേടാൻ ശ്രമിക്കണം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ നല്കപ്പെടുന്ന ലോക ബാങ്ക് ധനസഹായം നഷ്ടപ്പെടുത്തരുത്, തനതു വരുമാനം ഉള്ളത് പിരിച്ചെടുക്കാനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കണം. സേവന മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ മുൻപിലാണ്. അതുപോലെ പദ്ധതി ചെലവിന്റെ കാര്യത്തിലും മുൻപിലെത്തി എല്ലാ പഞ്ചായത്തും സ്മാർട്ട് ഗ്രാമപഞ്ചായത്തായി മാറണം എന്നു പറഞ്ഞു കൊണ്ട് മന്ത്രി തന്റെ പ്രസംഗം അവസാനിപ്പിച്ചു.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാപഞ്ചായത്തു പ്രസിഡന്റ്-അൻസജിതാ റസ്സൽ, തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറി രാജൻ കൊബ്രഗഡെ, പഞ്ചായത്തു ഡയറക്ടർ മിത്ര റ്റി. LSGD ചീഫ് എഞ്ചിനീയർ സജി കുമാർ, പഞ്ചായത്തു ജോയിന്റ് ഡയറക്ടർ സി.എൻ. ബാബു തുടങ്ങിയവർ പങ്കെടുത്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ള ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരും സെക്രട്ടറിമാരുമാണ് അവലോകന യോഗത്തിൽ പങ്കെടുത്തത്. ■

പ:ന്യൂ:സർവ്വീസ്

എഡിറ്റോറിയൽ

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2013
പുസ്തകം 53
ലക്കം 08
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ
ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
മിത്ര. റ്റി ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
മിത്ര. റ്റി, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

ഏതൊരു സമൂഹത്തിന്റേയും പുരോഗതിയുടെ ചരിത്രം പരിശോധിച്ചാൽ അവർക്കു അവരുടേതായ ഒരു ഭാഷയും സംസ്കാരവും ഉണ്ടായിരുന്നതായി കാണാം. കേരളീയരായ നമുക്ക് മലയാളം നമ്മുടെ ഭാഷയും സംസ്കാരവുമാണ്. മലയാളി സമൂഹത്തിന്റെ പുരോഗതി – മലയാള ഭാഷയുടേയും പുരോഗതിയാണ്. രാജ്യം സ്വാതന്ത്ര്യം നേടി ജനകീയ ജനാധിപത്യ രാജ്യമായപ്പോൾ നാനാത്വത്തിൽ ഏകത്വം എന്ന നയം സ്വീകരിച്ച് രാജ്യത്ത് ത്രിഭാഷാ പദ്ധതി നടപ്പിലാക്കി ഭാഷാടിസ്ഥനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടു. അങ്ങനെ മലയാള ഭാഷ സംസാരിക്കുന്ന ജനങ്ങൾ ഉൾക്കൊണ്ട തിരുവിതാംകൂറും തിരുകൊച്ചിയും മലബാർ പ്രവിശ്യയും കൂട്ടിചേർത്തു കേരളം എന്ന സംസ്ഥാനം പിറന്നു. അൻപത്തിഏഴ് വർഷങ്ങൾക്കുമുമ്പ് 1956 നവംബർ 1 നായിരുന്നു അത്. എല്ലാ നവംബർ 1–ം നാം കേരള പിറവി ദിനമായി ആഘോഷിക്കുന്നു.

ജനങ്ങൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട് ഭരണം നടത്തുന്ന മഹത്തായ ജനാധിപത്യ സംവിധാനം നിലവിലുള്ള രാജ്യത്ത് ജനങ്ങളുടെ ഭാഷയിൽ തന്നെ ഭരണ നിർവ്വഹണം നടക്കേണ്ടതുണ്ട് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ റിപ്പോർട്ടിനെ തുടർന്ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപം കൊണ്ടത്.

ജി. ശങ്കരക്കുറുപ്പും, എസ്.കെ. പൊറ്റെക്കാട്ടും, തകഴി ശിവശങ്കരപ്പിള്ളയും, എം.ടി.വാസുദേവൻ നായരും, ഒ.എൻ.വി. കുറുപ്പും സാഹിത്യലോകത്തെ പരമോന്നത പുരസ്ക്കാരങ്ങൾ കരസ്ഥമാക്കിയത് മാതൃഭാഷയായ മലയാളത്തിനു അഭിമാനമാണ്.

രാഷ്ട്രപിതാവായ മാഹാത്മജി വിഭാവനം ചെയ്ത ഗ്രാമ സ്വരാജും അതിനുവേണ്ടിയുള്ള സ്വദേശി പ്രസ്ഥാനവും നമ്മോട് മാതൃഭാഷയുടെ പ്രോത്സാഹനത്തിന്റെ അനിവാര്യത പറയാതെ പറയുന്നുണ്ട്. നാം മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി കഴിഞ്ഞ നവംബർ 1 മുതൽ ഒരു വർഷക്കാലം ഭരണഭാഷ മാതൃഭാഷ എന്ന മുദ്രാവാക്യം സ്വീകരിച്ച് ഭാഷാവർഷമായി ആചരിക്കാൻ തീരുമാനിച്ചു. സർക്കാർ കാര്യാലയങ്ങളിൽ നടത്തപ്പെടുന്ന എഴുത്തു ഇടപാടുകൾ മാതൃഭാഷയിൽ തന്നെ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. ഇക്കാലയളവിൽ തന്നെ മലയാള ഭാഷക്ക് ശ്രേഷ്ഠ ഭാഷാ പദവിയും ലഭിച്ചതു മലയാളികളായ നമുക്ക് ഏറെ അഭിമാനമായി മാറി. മാതൃഭാഷക്കുവേണ്ടി മാത്രം ഒരു സർവ്വകലാശാലയും നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു.

ഇത്തവണ നവംബർ 1 മലയാള ദിനമായും തുടർന്ന് ഒരാഴ്ചക്കാലം ശ്രേഷ്ഠ ഭാഷാ വാരമായും നാം ആഘോഷിച്ചു. മലയാള ഭാഷയുടെ സാഹിത്യ സമ്പുഷ്ടിയും, മറ്റും കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും അതിലൂടെ നമുക്കു കഴിഞ്ഞു. പ്രാദേശിക സർക്കാരുകളായ ഗ്രാമ പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന ജനങ്ങൾക്ക് മലയാള ഭാഷയിൽ വിവിധ സേവനങ്ങൾ ലഭ്യമാക്കാൻ കഴിയുന്നു.

മിത്ര റ്റി. ഐ.എ.എസ്
(പഞ്ചായത്ത് ഡയറക്ടർ)

മലയാളം എന്റെ സർഗധാരയുടെ ഉറവ

ഡോ. എം.കെ.മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജ്. എന്നും ഗൃഹാതുരത്വം തുളുമ്പുന്ന ഓർമ്മയാണെനിക്ക്. എന്റെ ജീവിതത്തിന്റെ പാത നിർണ്ണയിച്ച കലാലയമാണത്. ബോഗൻവില്ല പടർന്നുപന്തലിച്ച അതിന്റെ പോർട്ടിക്കോ താരുണ്യത്തെ മാടിവിളിക്കുന്നതായിരുന്നു. അവിടത്തെ നാല് വർഷം ജീവിതത്തിന്റെ സകലഭാവങ്ങളും ഹൃദയത്തിൽ ഉൾച്ചേർത്തു തന്നു. എന്റെ ആദ്യകാല സർഗസൃഷ്ടികൾക്ക് പശ്ചാത്തലമായതും ഈ കലാലയമാണ്. കോളജ് അനുഭവങ്ങളുടെ ഒരു നർമ്മകഥനമാണ് മുകുളത്തിൽ നിന്ന് ആദ്യമായി വിരിഞ്ഞത്. കോളജിലെ കയ്യെഴുത്ത് മാസികയിൽ അത് എന്റെ പ്രീഡിഗ്രിക്കാലത്ത് പ്രത്യക്ഷപ്പെട്ടു. മലയാളത്തിലെ എന്റെ സാഹിത്യ പരിശ്രമങ്ങൾക്ക് അവിടെ തുടക്കമായി. എന്നെ സംബന്ധിച്ച് ശ്രേഷ്ഠമായ തുടക്കം.

ഓർമ്മയുടെ ഫ്രെയിമിൽ അനശ്വരമായി ആവാഹിച്ചുവച്ചതാണ് പ്രിയങ്കരനായ യേശുദാസിന്റെ ചിത്രം. അതിന് ഏറെ മിഴിവ് പകർന്നു തന്നു ക്രിസ്ത്യൻ കോളജ് അനുഭവം. അദ്ദഹത്തെ നേരിട്ട് കോളജ് ഫൈൻ ആർട്സ് ഡേ ഉദ്ഘാടനത്തിനു ക്ഷണിച്ചതും അതോടൊപ്പം തന്നെ അവിടെ സൗജന്യമായി ഗാനമേള നടത്താമെന്ന് സമ്മതിച്ചതും ഓർമ്മപ്പുസ്തകത്തിൽ കുറിച്ചിട്ടതാണ്. പ്രിയപ്പെട്ട ദാസേട്ടനുമായി പിന്നീട് എത്രയോ തവണ അമൂല്യ മുഹൂർത്തങ്ങൾ പങ്കിടാനും ആ സ്വരമാധുരി പ്രാണന്റെ പ്രാണനായി തീർക്കാനും കഴിഞ്ഞു!

മലയാള ഭാഷയുടെ ലാവണ്യമത്രയും വിദ്യാർത്ഥികളിലേക്ക് സംക്രമിപ്പിക്കുവാൻ കഴിഞ്ഞ പ്രിയങ്കരനായ നാരായണൻകുറുപ്പ് സാറിനെ അദ്ധ്യാപകനായി ലഭിക്കാൻ ഭാഗ്യമുണ്ടായതും ക്രിസ്ത്യൻ കോളജ് കാലത്താണ്. അദ്ദേഹം ഊഷ്മള സാന്നിദ്ധ്യമായിരുന്നു. സഞ്ജയന്റെ ആരാധകനായിരുന്നു കുറുപ്പ് സാർ. അദ്ദേഹവും നർമ്മത്തിന്റെ വഴിയേ സഞ്ചരിച്ചു. പുതിയ കാലത്തെയും വ്യവസ്ഥിതിയെയും കളിയാക്കുന്നതിൽ അദ്ദേഹം ഒരു ലോപവും വരുത്തിയില്ല. മലയാളത്തിന്റെ കുലപതിയായ സാക്ഷാൽ എം.ടിയെ എന്റെ ഉള്ളിലേക്ക് കയറ്റി വിട്ടത് നാരായണൻ കുറുപ്പ് സാറിന്റെ ക്ലാസ്സുകളാണ്. എം.ടിയുടെ സർഗശേഷി അദ്ദേഹം ഞങ്ങൾക്ക് മുന്നിൽ വരച്ചിട്ടുണ്ട്.

പിന്നെയും പിന്നെയും എന്റെ ഓർമ്മകളും അനുഭവങ്ങളും യാത്രകളും വായനാസമൂഹസമക്ഷം അവതരിപ്പിക്കുവാൻ തീർച്ചയായും എന്നെ കൊതിപ്പിക്കുന്നത് മലയാളം തന്നെയാണ്. എന്റെ ചിത്രരചനകൾ, കാർട്ടൂണുകൾ, പ്രഭാഷണങ്ങൾ, ഗാനാലാപനം, എഴുത്ത്, അഭിനയം, രാഷ്ട്രീയം, ഔദ്യോഗിക കൃത്യ നിർവഹണം, ജീവിതം ഇവയ്ക്കൊക്കെ പിൻബലവും, സൗന്ദര്യവും, ശക്തിയും മലയാളം തന്നെ. അനേക തലമുറകൾ താണ്ടി സർഗധനരുടെ പരമ്പരയിലൂടെ എന്റെ സിരകളിൽ നിറയുന്ന ഈ മലയാളം എനിക്കും നമുക്കും കൽപ്പാന്തകാല ത്തോളം ശ്രേഷ്ഠം തന്നെയാണ്. നമ്മുടെ സംസ്കാരമാണ്!!

എം.ടി യോട് ആരാധനയും ആദരവും മുളപൊട്ടി. എം.ടിയെ കാണാൻ ചില ദിവസങ്ങളിൽ ഞങ്ങൾ വീട്ടിൽ ചെല്ലും. പറഞ്ഞറിയിക്കാൻ ആകാത്ത ആവേശം ഉൾക്കൊണ്ട് അവിടെ നിന്ന് മടങ്ങും. 'നാല്കെട്ട്' പാഠപുസ്തകമായിരുന്നു. എം.ടിയുടെ പുസ്തക ലോകത്തിലൂടെ കടന്ന് പോയത് ഈ കാലത്താണ്. എം.ടി എന്ന വലിയ മനുഷ്യന്റെ സ്നേഹവും വാത്സല്യവും ഇത്രമേൽ അനുഭവിക്കാൻ ഭാഗ്യം കൈവന്നതിന് പശ്ചാത്തല മൊരുക്കിയത് ക്രിസ്ത്യൻ കോളജ് ദിനങ്ങളാണ്.

'ഫാഷിസവും സംഘപരിവാറും' മലയാളത്തിലെ എന്റെ ആദ്യത്തെ പ്രധാന രചനയാണ്. എന്റെ ആശയലോകവും വിശ്വാസചക്രവാളവും കേരളീയർക്ക് മുമ്പാകെ ഈ പുസ്തകത്തിലൂടെ എന്റെ മാതൃഭാഷയിൽ തുറക്കപ്പെടുകയായിരുന്നു. സി.അച്യുതമേനോൻ പുരസ്കാരം ഈ പുസ്തകത്തിന് കൂടുതൽ ധന്യത നൽകി. പിന്നെയും പിന്നെയും എന്റെ ഓർമ്മകളും അനുഭവങ്ങളും യാത്രകളും വായനാസമൂഹസമക്ഷം അവതരിപ്പിക്കുവാൻ തീർച്ചയായും എന്നെ കൊതിപ്പിക്കുന്നത് മലയാളം തന്നെയാണ്. എന്റെ ചിത്രരചനകൾ, കാർട്ടൂണുകൾ, പ്രഭാഷണങ്ങൾ, ഗാനാലാപനം, എഴുത്ത്, അഭിനയം, രാഷ്ട്രീയം, ഔദ്യോഗിക കൃത്യനിർവഹണം, ജീവിതം ഇവയ്ക്കൊക്കെ പിൻബലവും, സൗന്ദര്യവും, ശക്തിയും മലയാളം തന്നെ. അനേക തലമുറകൾ താണ്ടി സർഗധനരുടെ പരമ്പരയിലൂടെ എന്റെ സിരകളിൽ നിറയുന്ന ഈ മലയാളം എനിക്കും നമുക്കും കൽപ്പാന്തകാല ത്തോളം ശ്രേഷ്ഠം തന്നെയാണ്. നമ്മുടെ സംസ്കാരമാണ്!! ■

ഭരണവും ഭാഷയും

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഭരണം ഭരണീയ ജനങ്ങളുടെ ഭാഷയിലായിരിക്കണം എന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്. ജനാധിപത്യ സംവിധാനത്തിനു മുൻപുള്ള ഭരണക്രമങ്ങളിൽ, ബഹുഭൂരിപക്ഷത്തെ തങ്ങളുടെ ഹിതത്തിനു വിധേയമാക്കിക്കൊണ്ട് ഭരണം നടത്തിയ ന്യൂനപക്ഷം അവരുടെ ഭാഷ ഭരണത്തിന് ഉപയോഗിച്ചു വന്നു. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ ഭരണത്തിൽ നിന്ന് അകറ്റി നിറുത്തുന്നതിനുള്ള ഒരു മറ കൂടി ആയിരുന്നു അന്ന് ഭരണഭാഷ. ജനങ്ങളിലുള്ള അവിശ്വാസ്യത ആയിരുന്നു ആ ഭരണത്തിന്റെ സവിശേഷത. ജനങ്ങൾ ജനങ്ങൾക്കു വേണ്ടി നടത്തുന്ന ജനങ്ങളുടെ ഭരണസമ്പ്രദായത്തിൽ ജനങ്ങൾക്ക് പങ്കാളിത്തം ഉണ്ടാകണം. അവർക്ക് ഭരണം മനസ്സിലാകണം. അതിന് അവരുടെ ഭാഷയിൽത്തന്നെ ഭരണകാര്യങ്ങൾ നിർവ്വഹിക്കപ്പെടണം. ചുരുക്കത്തിൽ ജനാധിപത്യം സാർഥകമാകുന്നത് ഭരണഭാഷ ജനങ്ങളുടെ ഭാഷയാകുമ്പോഴാണ്.

ദേശീയ പശ്ചാത്തലത്തിൽ

അതത് ദേശത്തെ ജനങ്ങളുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ആണ് ഭാഷ അടിസ്ഥാനത്തിലുള്ള സംസ്ഥാന പുന:സംഘടന വിഭാവനം ചെയ്തത്. ഭരണഘടനയിലെയും ഭാഷാപ്രവിശ്യാ കമ്മീഷൻ റിപ്പോർട്ടിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഭാരതത്തിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുന:സംഘടിപ്പിച്ചതിന്റെ പിന്നിൽ, നമ്മുടെ സങ്കീർണ്ണമായ ഭാഷാപ്രശ്നത്തിന് ഒരു പരിഹാര മാർഗം കാണുക എന്ന ഉദ്ദേശ്യം കൂടി ഉണ്ടായിരുന്നു. ആന്ധ്രയിലെ പോറ്റി ശ്രീരാമലുവിനെപ്പോലെ മാതൃഭാഷയ്ക്കുവേണ്ടി സത്യാഗ്രഹം അനുഷ്ഠിക്കാനും ജീവത്യാഗം ചെയ്യാനും ഇവിടെ ആളുണ്ടായി എന്നതും പുന:സംഘടനയ്ക്ക് പ്രേരണയായിട്ടുണ്ട്. 1956 നവംബർ ഒന്നിന് ഐക്യകേരളം രൂപംകൊണ്ടതിന്റെ പിന്നിലും ഭാഷാഭിമുഖ്യത്താലുള്ള പ്രക്ഷോഭങ്ങളുടെ ചരിത്രമുണ്ട്.

ഭാഷ അതു സംസാരിക്കുന്ന ജനങ്ങളുടെ ആത്മാഭിമാന ത്തിന്റെ പ്രശ്നമാണ്. ഭാഷ അവരുടെ സംസ്കാര ത്തിന്റെ സംവാഹിയാണ്.

നിയമനിർമ്മാണം

ഭാരതത്തിലെ ഔദ്യോഗിക ഭാഷാ ആക്ട് 1963-ൽ പാസായി. 1967-ൽ അതിന് ഭേദഗതിയും ഉണ്ടായി. ഭരണഘടനയുടെ ഷെഡ്യൂളിൽ ഉൾപ്പെട്ട ഭാഷകളെയെല്ലാം ഔദ്യോഗിക ഭാഷ കളായി അംഗീകരിച്ചുകൊണ്ടും ഹിന്ദിയും ഇംഗ്ലീഷും ബന്ധ ഭാഷകളായി വ്യവസ്ഥ ചെയ്തുകൊണ്ടുമാണ് നിയമം നിർമി ച്ചത്. രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ സമ്മതിക്കുന്ന പക്ഷം കത്തിടപാടുകൾ നടത്തുന്നതിന് ഹിന്ദി മാത്രം ഉപയോഗി ക്കാനും നിയമം അവർക്ക് സ്വാതന്ത്ര്യം നൽകുന്നു. ഇതിന്റെ ഫലമായി ഭരണഭാഷാ മാറ്റം ലക്ഷ്യമിട്ട വേഗതയിൽ പുരോ ഗമിച്ചില്ല. പ്രാദേശിക ഭാഷയും രാഷ്ട്രഭാഷയായ ഹിന്ദിയും ബന്ധഭാഷയായ ഇംഗ്ലീഷും പഠിക്കണമെന്നു വ്യവസ്ഥ ചെയ്യുന്ന ത്രിഭാഷാ പദ്ധതിക്കു തന്നെ ഇതുമൂലം വീഴ്ച സംഭവിച്ചു. രാഷ്ട്ര ഭാഷയായ ഹിന്ദി പ്രാദേശിക ഭാഷയാ യിട്ടുള്ള ജനവിഭാഗങ്ങൾ ഒരു ദക്ഷിണേന്ത്യൻ ഭാഷ പഠിക്ക ണമെന്ന വ്യവസ്ഥയും അട്ടിമറിക്കപ്പെട്ടു. ത്രിഭാഷാ പദ്ധതി ചില ഇടങ്ങളിൽ ഏക ഭാഷാ പദ്ധതിയായും മറ്റു ചില ഇട ങ്ങളിൽ ദ്വിഭാഷാപദ്ധതിയായും ചുരുങ്ങിയെന്നു സാരം. ഇത് ലക്ഷ്യത്തിന് വിരുദ്ധമായി സംഭവിച്ച ഒരു യാഥാർത്ഥ്യമാണ്. ഭാരതീയർ പ്രദേശിക ഭാഷകൾ അവഗണിച്ച് വിദേശ ഭാഷ യായ ഇംഗ്ലീഷിന് കീഴ്പെടുന്നത് കണ്ട് ദു:ഖവും രോഷവും പൂണ്ട് മഹാത്മാഗാന്ധി പറയുന്നുണ്ട്, നാം നമ്മുടെ പ്രാദേ ശിക ഭാഷകളെ അവഗണിക്കുക വഴി നൂറ്റാണ്ടുകളോളം പഴ ക്കമുള്ള ഭാരതസംസ്കാരം നമുക്ക് അന്യമാകുന്നു എന്ന്. ഇങ്ങനെയൊരു വിരോധാഭാസം ഭാരതത്തിൽ മാത്രമെ കാണു ന്നുള്ളൂവെന്നും ഇത് ആത്മഹത്യാപരമാണെന്നും ഈ അത്യാഹിതത്തിൽ നാം ഇനിയും ലജ്ജിക്കുന്നില്ലായെന്നും ഉള്ളത് ഇത് ദു:ഖിപ്പിക്കുന്നുവെന്ന് ഗാന്ധിജി ആവർത്തിച്ചു ട്ടുണ്ട്. ഭാഷയും സംസ്കാരവും തമ്മിലുള്ള നാഭീനാള ബന്ധ ത്തെ അടിസ്ഥാനമാക്കിയാണ് ഗാന്ധിജി ഇങ്ങനെ പറഞ്ഞത്.

കേരളത്തിൽ

ഐക്യകേരളപ്പിറവിയെത്തുടർന്ന് ആദ്യം നിലവിൽ വന്ന ഇ.എം.എസ് സർക്കാർ ഭരണഭാഷാപ്രശ്നം ഗൗരവമായെടു ക്കുകയും ഭരണഭാഷാപ്രശ്നം പഠിക്കുന്നതിന് കോമാട്ടിൽ അച്യുതമേനോനെ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കു കയും ചെയ്തു. കമ്മിറ്റി തൊട്ടടുത്ത വർഷം തന്നെ റിപ്പോർട്ട് സമർപ്പിച്ചു. 'ജനങ്ങൾ ജനങ്ങൾക്കുവേണ്ടി നടത്തുന്ന ജനങ്ങ ളുടെ ഭരണം ഏതു വിഷയത്തെ അധികരിച്ചുള്ളതായാലും അത് ജനങ്ങളുടെ ഭാഷയിലായിരിക്കണം എന്നത് നിർവിവാ ദമായ സംഗതിയാണ്' എന്നത് റിപ്പോർട്ടിൽ വ്യക്തമാക്കുകയും ഭരണഭാഷ മലയാളമാക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു. കേരളത്തിലെ ഭര ണഭാഷ പൂർണമായും മലയാളമാക്കുക എന്നത് സർക്കാരി ന്റെ നയമായി പ്രഖ്യാപിക്കപ്പെട്ടു. 1960-ൽ ത്തന്നെ ആദ്യത്തെ ഇംഗ്ലീഷ് മലയാളം ശബ്ദകോശം പ്രകാശിതമായി. 1965-ൽ ഭരണഭാഷാ മാറ്റ നടപടികൾ പ്രായോഗിക തലത്തിലെത്തി. മലയാളം ടൈപ്പിംഗിലും ചുരുക്കെഴുത്തിലും ഉദ്യാഗസ്ഥർക്ക് പരിശീലനം നൽകി. 1969-ൽ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് പാസ്സായി. 1973-ൽ അതിന് ഭേദഗതിയുമുണ്ടായി.

കേരളത്തിലെ ഔദ്യോഗിക ഭാഷകളായി മലയാളവും ഇംഗ്ലീഷും അംഗീകരിച്ചു. ഒരു വകുപ്പിൽ ഭരണഭാഷ മലയാ ളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാർ അധികാരം നൽകുന്ന വ്യവസ്ഥ അനുസരിച്ച് പല കാലങ്ങളിലായി നാളിതുവരെ അറുപത്തി ഒൻപത് സർക്കാർ വകുപ്പുകളിലും സെക്രട്ടറിയേറ്റിലെ അവയുടെ ഭരണ വകു പ്പുകളിലും 36 അർദ്ധ സർക്കാർ-സ്വയംഭരണ-പൊതുമേഖലാ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് ഉത്ത രവായിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, ഇടുക്കി ജില്ലകളിൽ തമിഴും കാസർഗോഡ് ജില്ലയിൽ കന്നഡയും ന്യൂനപക്ഷ ഭാഷ യായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വിദേശത്തേക്കോ കേന്ദ്രഗ വൺമെന്റിലേക്കോ അന്യസംസ്ഥാനത്തിലേക്കോ സംസ്ഥാ നത്തിനകത്തുള്ള കേന്ദ്രഗവൺമെന്റ് ഓഫീസുകളിലേക്കോ കോടതികളിലോ ഉള്ള എഴുത്തുകുത്തുകളും കത്തിടപാടു കളും ഇംഗ്ലീഷിൽ തുടരാം എന്നും വ്യവസ്ഥയുണ്ട്. ചുരുക്ക ത്തിൽ, നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തി ട്ടുള്ള സംഗതികൾ ഒഴികെ എല്ലാ ഔദ്യോഗിക ആവശ്യ ങ്ങൾക്കും മലയാളം ഉപയോഗിക്കണം എന്നും ഇംഗ്ലീഷിൽ

കത്തിടപാടുകൾ നടത്തുന്ന ഫയലുകളിലും കുറിപ്പുകൾ മലയാളത്തിൽ എഴുതണം എന്നുമാണ് നിലവിലുള്ള നിർദ്ദേശം.

പദ്ധതികൾ

ഭരണഭാഷാമാറ്റത്തിന് വിവിധ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. വകുപ്പുകളുടെ കോഡുകൾ, മാനുവലുകൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി സൂക്ഷ്മപരിശോധന നടത്തി പ്രസിദ്ധീകരിക്കുക എന്നതാണ് ഒന്ന്. ഭരണഭാഷ മലയാളമാക്കുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സരളവും സുതാര്യവും ഋജുവും ആയ മലയാളഭാഷ ഉപയോഗിക്കുന്നതിന് പരിശീലനം നേടുന്നതിനും ഉതകുന്ന ഔദ്യോഗികഭാഷാ പരിശീലന പരിപാടിയാണ് മറ്റൊന്ന്. ഇനിയൊന്ന്, സഹായക ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണമാണ്. മുൻപു പറഞ്ഞ ഭരണ ശബ്ദ കോശത്തിനു പുറമെ ഇംഗ്ലീഷ് മലയാളം ഭരണ ശബ്ദ സഹായി, ഭരണഭാഷാപ്രയോഗ പദ്ധതി, ഭരണഭാഷാ പഠന പദ്ധതി, ഔദ്യോഗിക ഭാഷാ സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും, പദകോശം എന്നിങ്ങനെ ഒട്ടേറെ പുസ്തകങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഭരണഭാഷാ മാറ്റത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നൽകുന്ന ഭരണഭാഷാപുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മലയാളത്തിലെ ലിപിവിന്യാസ വ്യവസ്ഥ ഏകീകരിച്ചു കൊണ്ടും നിലവിലുള്ള മലയാളം സോഫ്റ്റ്‌വെയറുകളിലെ പിഴവുകൾ പരിഹരിച്ചു കൊണ്ടും ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കാൻ സഹായകമാകും വിധത്തിൽ സർക്കാർ നിർമ്മിച്ചിട്ടുള്ള ഔദ്യാഗിക മലയാളം സോഫ്റ്റ്‌വെയർ ആണ് ഇനിയൊരു പ്രമുഖ പദ്ധതി. www.clickeralam.org. എന്ന സർക്കാർ വെബ്സൈറ്റിൽ നിന്ന് കാവേരി എന്ന സോഫ്റ്റ്‌വെയർ സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. കത്തിന്റെ മാതൃകകൾ, ഭരണ ശബ്ദാവലി, ഇ-മെയിൽ സംവിധാനം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഇതിൽ ഇൻസ്ക്രിപ്റ്റ്, ഇംഗ്ലീഷ് കീബോർഡുകളിലായി അഞ്ചു ഭാഷകളിൽ ടൈപ്പു ചെയ്യാനുള്ള സംവിധാനമുണ്ട്. സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടവിധം അതിൽ വിവരിച്ചിട്ടുമുണ്ട്. ഇന്റർനെറ്റ് സൗകര്യം ഇല്ലാത്ത ഓഫീസുകളിലേക്ക് 50രൂപ നിരക്കിൽ സി.ഡിറ്റിൽ നിന്ന് ഇതിന്റെ സി.ഡി വാങ്ങാവുന്നതുമാണ്. എല്ലാവർഷവും നവംബർ ഒന്നു മുതൽ ഏഴുവരെ സംസ്ഥാനവ്യാപകമായി ആഘോഷിച്ചു വരുന്ന മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും, മലയാളഭാഷയുടെ പോഷണത്തിനും ഭരണഭാഷയുടെ വ്യാപനത്തിനും സഹായിക്കുന്നു. സംസ്ഥാനത്തെ ഭരണഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിന് താലൂക്ക്-ജില്ലാ-സംസ്ഥാന-ഉന്നത തലങ്ങളിലായി പ്രവർത്തിക്കുന്ന ഔദ്യോഗിക ഭാഷാസമിതികളാണ് മറ്റൊരു സംവിധാനം. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് ആണ് ഈ പ്രവർത്തനങ്ങളുടേയെല്ലാം മേൽനോട്ടം വഹിക്കുന്നത്. ഭരണഭാഷാ സംബന്ധമായ കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് നിയമസഭാസമിതിയും പ്രവർത്തിക്കുന്നു.

ജനങ്ങൾ ജനങ്ങൾക്കു വേണ്ടി നടത്തുന്ന ജനങ്ങളുടെ ഭരണസമ്പ്രദായത്തിൽ ജനങ്ങൾക്ക് പങ്കാളിത്തം ഉണ്ടാകണം. അവർക്ക് ഭരണം മനസ്സിലാകണം. അതിന് അവരുടെ ഭാഷയിൽത്തന്നെ ഭരണകാര്യങ്ങൾ നിർവ്വഹിക്കപ്പെടണം.

ആരോഗ്യകരമായ തിരിച്ചുപോക്ക്

ഭരണഭാഷാമാറ്റം ആരോഗ്യകരമായ ഒരു തിരിച്ചുപോക്കാണ്. ഐക്യകേരളപ്പിറവിയ്ക്കു മുൻപുള്ള, തിരുവിതാംകൂർ, കൊച്ചി, മലബാർ നാട്ടുരാജ്യങ്ങളുടെ ഭരണനിർവ്വാഹണരേഖകൾ പരിശോധിച്ചാൽ ഇതുവ്യക്തമാകും. ഇന്ന് മലയാളത്തിൽ ചെയ്യാത്തതും ചെയ്യാൻ പറ്റില്ലെന്നു ധരിക്കുന്നതും ആയ പല ഭരണകാര്യങ്ങളും അന്ന് മലയാളത്തിൽ നിർവ്വഹിച്ചിരുന്നു. തിരുവിതാം കൂർ ഹൈക്കോടതിയിൽ പോലും മലയാളഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ പുരോഗമിക്കുന്നു എന്ന് ആശ്വസിക്കാമെങ്കിലും ഇന്നും ലക്ഷ്യം ഏറെ ദൂരെയാണ്. പഴയ യാഥാർത്ഥ്യം പലരും അറിയുന്നുമില്ല.

ഭാഷയും അഭിമാനവും

ഭാഷ അതു സംസാരിക്കുന്ന ജനങ്ങളുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമാണ്. ഭാഷ അവരുടെ സംസ്കാരത്തിന്റെ സംവാഹിയാണ്. ഭാഷയിൽ നിന്നകലുന്ന ജനത സംസ്ക്കാരശൂന്യരായി മാറുന്നു. ഒരു ഭാഷയുടെ വളർച്ച അതു സംസാരിക്കുന്ന ജനങ്ങളുടെ ഉണർവ്വുയുടെയും ഉയർച്ചയുടെയും നിദർശനമാണ്. ഭാഷാഭിമുഖ്യമുള്ള ജനതയ്ക്ക് ദേശാഭിമാനവും ആത്മബലവും വർദ്ധിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, മനോഭാവമാണ് പ്രധാനം. ഭാഷാഭിമാനവും സംസ്ക്കാരാഭിമുഖ്യവും ബാഹ്യമോടിയുടെ കാര്യമല്ല, അന്താരാത്മാവിന്റെ നീരോട്ടങ്ങളാണ്. മലയാളമില്ലെങ്കിൽ മലയാളിയില്ല, കേരളസംസ്ക്കാരവുമില്ല. ഇതുതന്നെയാണ് ഭരണത്തിൽ മാതൃഭാഷയുടെ പ്രസക്തിയും. ■

(കേരള സർക്കാരിന്റെ മുൻഭാഷാ വിദഗ്ദ്ധനാണ് ലേഖകൻ)

എം.വി. തോമസ്

ഭരണഭാഷ മലയാളം പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

അതിപുരാതന കാലം മുതൽ കേരളത്തിലെ ഭരണ ഭാഷ മലയാളമായിരുന്നു. കൊല്ലവർഷാരംഭം മുതൽ മലയാളത്തിലെഴുതിയ രാജകല്പനകൾ ശിലാശാസന ങ്ങളുടെയും ചെപ്പേടുകളുടെയും താളിയോലകളു ടെയും രൂപത്തിൽ ഇപ്പോഴും കാണാൻ കഴിയും. വിദേ ശികളായ വ്യാപാരികൾ ഇവിടത്തെ രാജാക്കന്മാരു മായി എഴുത്തു കുത്തുകൾ നടത്തുകയും അവർ അതിനു മറുപടികൾ നല്കുകയും ചെയ്തിരുന്നത് മല യാളത്തിൽ തന്നെ.

ഭരണപരമായ കാര്യങ്ങൾക്കു വേണ്ടി ഭരണകർത്താക്കൾ ഉപയോഗിക്കുന്ന ഭാഷയാണ് ഭരണഭാഷ. സ്വാഭാവികമായും ഇത് ഭരണകർത്താക്കളുടെ ഭാഷ തന്നെ ആയിരിക്കും. രാജാവ് ഭരിച്ചാൽ രാജാവിന്റെ ഭാഷയും വിദേശി ഭരിച്ചാൽ വിദേശി യുടെ ഭാഷയും ജനങ്ങൾ ജനങ്ങളുടെ ഭാഷയും ഭരണഭാഷ യായി ഉപയോഗിക്കുകയെന്നത് സാധാരണമാണ്.

ഭരണഭാഷ അല്പം ചരിത്രം

മുഗളന്മാർ ഉൾപ്പെടെയുള്ള പേർഷ്യൻ രാജവംശങ്ങൾ ഭരി ച്ചപ്പോൾ ഇന്ത്യയിലെ പൊതുവായ ഭരണ ഭാഷ പേർഷ്യൻ ഭാഷ ആയിരുന്നു. ലോകത്തെവിടെയും ഇംഗ്ലീഷുകാർ ഭരിച്ച പ്രദേശങ്ങളിൽ ഇംഗ്ലീഷ് ഭരണഭാഷയായി. പോണ്ടിച്ചേരി ഉൾപ്പെടെയുള്ള ഫ്രഞ്ച് ഭരണ പ്രദേശങ്ങളിൽ ഫ്രഞ്ച് ഭാഷ യ്ക്ക് ഭരണഭാഷാ പദവി ലഭിച്ചു. ഗോവ ഉൾപ്പെടെ പോർട്ട്ഗീ സുകാർ ഭരിച്ച പ്രദേശങ്ങളിലൊക്കെ പോർട്ടുഗീസ് ഭാഷയാ യിരുന്നു ഭരണഭാഷ. ബ്രിട്ടീഷുകാരുടെ സാമന്തന്മാരായിരുന്ന രാജാക്കന്മാർ ഭരിച്ച നാട്ടുരാജ്യങ്ങളിൽ അവരുടെ മാതൃഭാഷ യായിരുന്ന നാട്ടുഭാഷയ്ക്ക് ആണ് ഭരണഭാഷ എന്ന സ്ഥാനം ലഭിച്ചത്. അങ്ങനെ കേരളത്തിലെ തിരുവിതാംകൂറിലും കൊച്ചി യിലും മലയാളമാണ് ഔദ്യോഗിക കാര്യങ്ങൾക്ക് ഉപയോഗി ച്ചിരുന്നത്. ആദ്യം സാമൂതിരിയുടെയും മറ്റ് ചെറുകിട രാജാ ക്കന്മാരുടെയും പിന്നീട് ബ്രിട്ടീഷുകാരുടെയും ഭരണത്തിലാ യിരുന്ന മലബാറിൽ താലൂക്കുതലം വരെ മലയാളത്തിലും ജില്ലാതലത്തിലും അതിനുമുകളിലും ഇംഗ്ലീഷിലും ഭരണകാ ര്യങ്ങൾ നടന്നു.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയാൽ പിന്നെ ഭരണഭാഷ യെന്ന നിലയിൽ ഈ രാജ്യത്ത് ഇംഗ്ലീഷിന് പ്രസക്തിയില്ലെന്ന് മഹാത്മാഗാന്ധി തുടങ്ങിയ ദേശീയ നേതാക്കൾ കാലേകൂട്ടി മനസ്സിലാക്കിയിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ദേശീയ തല ത്തിൽ രാഷ്ട്രഭാഷയായി ഹിന്ദിയും സംസ്ഥാനങ്ങളിലെ ഭരണ ഭാഷയായി അതതു പ്രദേശത്തെ ഭൂരിപക്ഷം ജനങ്ങൾ സംസാ രിക്കുന്ന പ്രാദേശിക ഭാഷയും ഉപയോഗിക്കണമെന്ന് അവർ ആഗ്രഹിച്ചു. സ്വാതന്ത്ര്യം കിട്ടിയാലുടൻ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവത്ക്കരിക്കുമെന്ന് 1938 ജൂലൈയിൽ വാർധായിൽ സമ്മേളിച്ച കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി പ്രഖ്യാപിച്ചു. 1948ൽ എസ്.കെ.ധർ അദ്ധ്യക്ഷനായി ഒരു ഭാഷാ പ്രവിശ്യാ കമ്മീഷന് കേന്ദ്ര സർക്കാർ രൂപം നൽകി. പ്രവിശ്യാ രൂപീകരണത്തിൽ ഭാഷയ്ക്കു പുറമേ ഭരണ സൗകര്യവും കണ ക്കിലെടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.



ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയാൽ പിന്നെ ഭരണഭാഷയെന്ന നിലയിൽ ഈ രാജ്യത്ത് ഇംഗ്ലീഷിന് പ്രസക്തിയില്ലെന്ന് മഹാത്മാഗാന്ധി തുടങ്ങിയ ദേശീയ നേതാക്കൾ കാലേകൂട്ടി മനസ്സിലാക്കിയിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ദേശീയ തലത്തിൽ രാഷ്ട്രഭാഷയായി ഹിന്ദിയും സംസ്ഥാനങ്ങളിലെ ഭരണ ഭാഷ യായി അതതു പ്രദേശത്തെ ഭൂരിപക്ഷം ജനങ്ങൾ സംസാരിക്കുന്ന പ്രാദേശിക ഭാഷയും ഉപയോഗിക്കണമെന്ന് അവർ ആഗ്രഹിച്ചു. സ്വാതന്ത്ര്യം കിട്ടിയാലുടൻ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവത്ക്കരിക്കു മെന്ന് 1938 ജൂലൈയിൽ വാർധായിൽ സമ്മേളിച്ച കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി പ്രഖ്യാപിച്ചു.

1948 ഡിസംബറിൽ ജയ്പൂരിൽ നടന്ന കോൺഗ്രസ്സ് സമ്മേ ളനം ജവഹർലാൽ നെഹ്റു, വല്ലഭായ് പട്ടേൽ, പട്ടാഭി സീതാ രാമയ്യ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ഭാഷാ പ്രവിശ്യാ പ്രശ്നം പഠിക്കാൻ നിയോഗിച്ചു. "രാജ്യത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ ഭദ്രതയ്ക്ക് ഹാനി തട്ടാത്തവിധം ഭാഷാ പ്രവിശ്യകൾ രൂപീകരിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തു. തെലുങ്കു ഭാഷക്കാർക്കു വേണ്ടി ഒരു സംസ്ഥാനം രൂപവത്ക്ക രിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോറ്റി ശ്രീ രാമുലു 58 ദിവസം നിരാഹാരവ്രതമനുഷ്ഠിച്ച് 1952 ഡിസംബറിൽ ചരമ മടഞ്ഞു. ഇതേത്തുടർന്ന് 1953 ഒക്ടോബർ ഒന്നിന് ഇന്ത്യയിൽ ആദ്യത്തെ ഭാഷാ സംസ്ഥാനമായി ആന്ധ്രാപ്രദേശ് രൂപവത്കൃ തമായി.

കേന്ദ്ര സർക്കാർ ഇന്ത്യൻ സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാ നത്തിൽ പുന:സംഘടിപ്പിക്കുന്നതിനു വേണ്ടി 1953-ഡിസംബർ 23ന് ഒരു കമ്മീഷനെ നിയമിച്ചു. അന്ന് ഒറീസ്സയിൽ ഗവർണ റായിരുന്ന എസ്. ഫസൽ അലി ആയിരുന്നു അതിന്റെ ചെയർമാൻ. രാജ്യസഭാംഗമായ എച്ച്.എൻ. കുൺസ്രു ഈജി പ്റ്റിലെ ഇന്ത്യൻ സ്ഥാനപതിയും മലയാളിയുമായിരുന്ന സർദാർ കെ.എം. പണിക്കർ എന്നിവർ കമ്മീഷനിൽ അംഗങ്ങളായി. "ഒരു ജനാധിപത്യ ഭരണത്തിൽ ജനങ്ങൾ മനസ്സിലാകുന്ന ഭാഷ യിൽ തന്നെ ഭരണകാര്യങ്ങൾ നടത്തേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. അതിലേക്ക് ജനങ്ങൾക്ക് ന്യായമായി അവ കാശപ്പെടാവുന്നതാണ്" എന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു. സംസ്ഥാന പുന:സംഘടനാ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം രൂപവത്ക്കരിക്കപ്പെട്ട 16 ഭാഷാധിഷ്ഠിത സംസ്ഥാന ങ്ങളിൽ ഒന്നാണ് കേരളം. 1956 നവംബർ ഒന്നിനാണ് കേരള സംസ്ഥാനം പിറവിയെടുത്തത്. കേരളപ്പിറവിയുടെ ഉദ്ദേശ്യം ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഉപയോഗിക്കുക എന്നതായിരുന്നു. എന്നാൽ സംസ്ഥാനത്ത് ഭരണം, നീതിന്യായം, നിയമനിർമ്മാണം, വിദ്യാഭ്യാസം തുടങ്ങി സമസ്ത മേഖലക ളിലും മലയാളം അവഗണിക്കപ്പെടുകയും, ഇംഗ്ലീഷ് ആധിപ ത്യമുറപ്പിക്കുകയും ചെയ്തത് കേരളപ്പിറവിക്കു ശേഷമാണ്. മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിലെങ്കിലും ഭരണം ഉൾപ്പെടെ എല്ലാത്തലങ്ങ ളിലും മലയാള ഭാഷയുടെ പ്രാമുഖ്യം വീണ്ടെടുക്കുന്നതിന് നാം പരിശ്രമിക്കേണ്ടതുണ്ട്.

മലയാളം എന്തുകൊണ്ട്?

മലയാളം കേരളത്തിന്റെ ഏക ഔദ്യോഗിക ഭാഷ ആയിരി ക്കണമെന്ന് പറയുന്നത് പ്രധാനമായും നാല് കാരണങ്ങൾ കൊണ്ടാണ്.

(എ) മലയാളം നമ്മുടെ മാതൃഭാഷയാണ്

നമുക്ക് ഏറ്റവുമധികം മനസ്സിലാവുന്നതും അനായാസം ആശയ വിനിമയം നടത്താവുന്നതും മാതൃഭാഷയിലൂടെയാണ്. കേരളത്തിലെ ഏതാണ്ട് 96% ജനങ്ങളുടെ ഭാഷയാണ് മലയാളം. സംസ്ഥാനത്തിന്റെ തനതു ഭാഷ സംസാരിക്കുന്ന ജനങ്ങൾ ഇത്രയേറെയുള്ള മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല. തമി ഴ്നാട്ടിൽ തമിഴരുടെ തോത് 85 ശതമാനവും കർണാടകയിൽ അത് 65 ശതമാനവും മാത്രമാണ്. മാതൃഭാഷ നമ്മുടെ മജ്ജ യിലും മാംസത്തിലും സിരാപടലങ്ങളിലും സ്വാഭാവികമായി അലിഞ്ഞു ചേർന്നിട്ടുള്ള ഭാഷയാണ്. അത് നമ്മുടെ സംസ്കാ രത്തിന്റെയും വ്യക്തിത്വത്തിന്റെയും അടിസ്ഥാന ഘടകമാണ്.

(ബി) ജനാധിപത്യം സാർത്ഥകമാകാൻ

'ഭരിക്കുന്നവരുടെ ഭാഷ ഭരണഭാഷ' എന്ന സിദ്ധാന്തപ്ര കാരം ജനാധിപത്യ ഭരണ വ്യവസ്ഥയിൽ ഭൂരിപക്ഷം ജനങ്ങ ളുടെ മാതൃഭാഷ അഥവാ പ്രാദേശിക ഭാഷ ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഭാഷയായി ഉപയോഗിച്ചേ മതിയാവൂ. അതനുസരിച്ച് കേരളത്തിലെ ഏതാണ്ട് മുഴുവൻ ജനങ്ങളു ടെയും മാതൃഭാഷയായ മലയാളം ആയിരിക്കണം ഈ സംസ്ഥാനത്തിന്റെ ഏക ഔദ്യോഗിക ഭാഷ. ജനാധിപത്യം അർത്ഥപൂർണ്ണമാക്കാൻ ഇത് അനിവാര്യമാണ്.

(സി) ഭരണഘടനാപരം

ഭരണഘടനയുടെ 345-ാം വകുപ്പ് പ്രകാരം "സ്റ്റേറ്റിൽ ഉപ യോഗത്തിലിരിക്കുന്ന ഭാഷകളിൽ ഏതെങ്കിലും ഒന്നോ അതി ലധികമോ അല്ലെങ്കിൽ ഹിന്ദിയോ ആ സ്റ്റേറ്റിലെ മുഴുവനുമോ



ഏതെങ്കിലും ഔദ്യോഗിക ആവശ്യങ്ങൾക്കു വേണ്ടിയോ സ്വീകരിക്കാവുന്നതാണ്. എന്നാൽ സ്റ്റേറ്റിലെ നിയമനിർമ്മാണ മണ്ഡലം നിയമം മുഖേന മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന തുവരെ ഈ ഭരണഘടനയുടെ പ്രാരംഭത്തിനും തൊട്ടുമുൻപ് ആ സ്റ്റേറ്റിനുള്ളിലെ ഏതെങ്കിലും ഔദ്യോഗിക ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ചു വന്നിരുന്നുവോ ആ ആവശ്യ ങ്ങൾക്ക് ആ ഭാഷ തുടർന്നും ഉപയോഗിക്കേണ്ടതാകുന്നു."

346-ാം വകുപ്പ് പ്രകാരം ബന്ധഭാഷയെപ്പറ്റിയും 346-ാം വകുപ്പ് പ്രകാരം ന്യൂനപക്ഷ ഭാഷക്കാർക്കുള്ള പ്രത്യേക വ്യവ സ്ഥകളെപ്പറ്റിയും നിയമത്തിൽ ചേർക്കേണ്ടതാണെന്ന് ഭരണ ഘടന അനുശാസിക്കുന്നു.

സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ റിപ്പോർട്ടിൽ ഇങ്ങനെപ്പറയുന്നു; "ഒരു സംസ്ഥാനത്തെ ആകെ ജനസംഖ്യ യുടെ ഉദ്ദേശം 70 ശതമാനമോ അതിൽ കൂടുതലോ ആണ് ഒരു ഭാഷാ ഗ്രൂപ്പിന് ഉള്ളതെങ്കിൽ ആ സംസ്ഥാനത്തെ ഒരു ഏക ഭാഷാ സംസ്ഥാനമായി പരിഗണിക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ജനസംഖ്യയുടെ 30 ശതമാനത്തോളമുള്ള ഗണ്യമായ ഒരു ഭൂരിപക്ഷമുണ്ടെങ്കിൽ ആ സംസ്ഥാനത്തെ ഒരു ദ്വിഭാഷാ സംസ്ഥാനമായി അംഗീകരിക്കേണ്ടതാണ്." ഇതനു സരിച്ച് 96 ശതമാനം മലയാളികളുള്ള കേരളം ഒരു ഏകഭാഷാ സംസ്ഥാനമാണ്; ഇവിടത്തെ ഔദ്യോഗിക ഭാഷ മലയാളം തന്നെ ആയിരിക്കണം. ഭരണഘടനാ നിലവിൽ വരുന്നതിനു മുമ്പ് കേരളത്തിൽ മലയാളത്തിൽ നടന്നു കൊണ്ടിരുന്ന കീഴ് കോടതി നടപടികളും ഓഫീസ് നടപടികളും ഇംഗ്ലീഷിലേക്ക് മാറ്റിയത് ഭരണഘടനാവ്യവസ്ഥകൾക്ക് അനുസൃതമല്ല. 1969 - ലെ ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) നിയമത്തിന് 1973-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം പുതുതായി ചേർത്ത 1 എ വകുപ്പിൽ ഇംഗ്ലീഷും മലയാളവും കേരള സംസ്ഥാന ത്തിന്റെ ഔദ്യോഗിക ഭാഷകൾ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ വ്യവസ്ഥ ഭരണഘടനയിലെ അനുശാസനങ്ങൾക്ക് അനുസൃതമാണോ എന്ന് സംശയമുണ്ട്. ഈ നിയമത്തിലെ 1 ബി വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ബഹുഭൂരിപക്ഷം സർക്കാർ വകുപ്പുകളിലും മലയാളം മാത്രം ഉപയോഗിക്കണമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി 1 എ വകുപ്പിൽ ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളെ പ്രതിഷ്ഠിക്കുകയും തൊട്ടടുത്ത വകുപ്പ് പ്രകാരം പ്രത്യേക ഔദ്യോഗിക ആവശ്യ ങ്ങൾക്ക് ഇവയിൽ ഒന്നു മാത്രം ഉപയോഗിക്കാൻ നിർദ്ദേശി ക്കുകയും ചെയ്യുന്നതിൽ വൈരുധ്യമുണ്ട്. കേരളത്തിലെ ഏക ഔദ്യോഗിക ഭാഷയായി മലയാളത്തെ പ്രതിഷ്ഠിക്കുന്ന നിയ മനിർമ്മാണം നടത്തുകയാണ് വേണ്ടത്.

(ഡി) ചരിത്രപരം

അതിപുരാതന കാലം മുതൽ കേരളത്തിലെ ഭരണഭാഷ മലയാളമായിരുന്നു. കൊല്ലവർഷാരംഭം മുതൽ മലയാളത്തി ലെഴുതിയ രാജകല്പനകൾ ശിലാശാസനങ്ങളുടെയും ചെപ്പേ ടുകളുടെയും താളിയോലകളുടെയും രൂപത്തിൽ ഇപ്പോഴും കാണാൻ കഴിയും. വിദേശികളായ വ്യാപാരികൾ ഇവിടത്തെ രാജാക്കന്മാരുമായി എഴുത്തു കുത്തുകൾ നടത്തുകയും അവർ അതിനു മറുപടികൾ നല്കുകയും ചെയ്തിരുന്നത് മലയാള ത്തിൽ തന്നെ. ബ്രിട്ടീഷ് ഭരണകാലത്ത് തിരുവിതാംകൂറിലും കൊച്ചിയിലും ഏതാണ്ട് പൂർണ്ണമായും മലബാറിൽ ഭാഗിക മായും മലയാളത്തിലാണ് ഭരണപരമായ കാര്യങ്ങൾ നിർവഹി ച്ചിരുന്നത്. കീഴ്ക്കോടതികളിലെ നടപടികൾ നടന്നിരുന്നതും മലയാളത്തിലാണ്. തിരുവിതാംകൂർ ഹൈക്കോടതിയിൽ ഇംഗ്ലീഷ് ഉപയോഗിച്ചുരുന്നുവെങ്കിലും വിധിതീർപ്പുകളുടെ പകർപ്പ് മലയാളത്തിലും ലഭ്യമാക്കിയിരുന്നു. ദിവാന്മാർ അന്യ സംസ്ഥാനക്കാരോ ബ്രിട്ടീഷുകാരോ ആയിരുന്നാൽപ്പോലും നീട്ടുകൾ (സർക്കാർ ഉത്തരവുകൾ), വിജ്ഞാപനങ്ങൾ മുത ലായവ ഇറക്കിയിരുന്നത് മലയാളത്തിലാണ്. അഞ്ചാം ക്ലാസു വരെ പഠനത്തിന് മലയാളമാധ്യമം മാത്രമാണ് ഉപയോഗിച്ചിരു ന്നത്. ആറാം ക്ലാസുമുതൽ ഇംഗ്ലീഷ് മാധ്യമത്തിൽ പഠിക്കു ന്നവർ പോലും നിർബന്ധിത ഭാഷയായി മലയാളം പഠിച്ചിരു ന്നു. കേരളപ്പിറവിക്കു ശേഷമാണ് ഈ സ്ഥിതി മാറിയത്.

പ്രായോഗിക പ്രശ്നങ്ങൾ

ഇന്നത്തെ സ്ഥിതിയിൽ ഭരണഭാഷ പൂർണ്ണമായും മലയാ ളമാക്കുന്നതിന് പ്രായോഗികമായ ചില പ്രശ്നങ്ങളും ബുദ്ധി മുട്ടുകളുമുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

(എ) കേരളത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗത്തിന് മല യാള ഭാഷയോടുള്ള പുച്ഛവും അവഗണനയും.

'ഭരിക്കുന്നവരുടെ ഭാഷ ഭരണഭാഷ' എന്ന സിദ്ധാന്ത പ്രകാരം ജനാധിപത്യ ഭരണ വ്യവസ്ഥയിൽ ഭൂരി പക്ഷം ജനങ്ങളുടെ മാതൃഭാഷ അഥവാ പ്രാദേശിക ഭാഷ ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഭാഷയായി ഉപയോഗിച്ചേ മതിയാവൂ. അതനുസരിച്ച് കേരളത്തിലെ ഏതാണ്ട് മുഴുവൻ ജനങ്ങളുടെയും മാതൃഭാഷയായ മലയാളം ആയിരിക്കണം ഈ സംസ്ഥാനത്തിന്റെ ഏക ഔദ്യോഗിക ഭാഷ.

മലയാളം ഭരണമാക്കുന്നതു സംബന്ധിച്ച എല്ലാ പ്രശ്നങ്ങളുടെയും പ്രഭവസ്ഥാനം കേരളീയ ജനതയ്ക്ക് മാതൃഭാഷയോടുള്ള അവജ്ഞയും പുച്ഛവുമാണ്. മാനസികമായ അടിമത്തത്തിന് പണ്ടുമുതലേക്കു മലയാളികൾ വിധേയരാണ്. എന്നാൽ ഭാഷാസ്നേഹികളായ ഭരണാധികാരികളുടെ ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രമാണ് കേരളപ്പിറവിവരെയും മലയാളം എല്ലാ മേഖലകളിലും പ്രാമുഖ്യം പുലർത്തിയിരുന്നത്.

(ബി) കേരളത്തിലെ വളർന്നുവരുന്ന വിദ്യാർത്ഥികളിൽ ഏതാണ്ട് പകുതിയോളം പേർ പാഠ്യപദ്ധതിയുടെ ഭാഗമായി മലയാളം പഠിക്കുന്നില്ല.

(സി) കേരളത്തിലെ യാതൊരു രാഷ്ട്രീയ കക്ഷിയും മലയാളത്തെ ഭരണ ഭാഷയാക്കുകയെന്നത് ഒരു ലക്ഷ്യമായി പ്രഖ്യാപിക്കുയോ ആ ലക്ഷ്യം തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ഡി) കേരളത്തിലെ ഒരൊറ്റ സർവ്വീസ് സംഘടനയും ഭരണ ഭാഷ മലയാളമാക്കുന്നതിനുവേണ്ടി മുൻകൈ എടുത്ത് പ്രവർത്തിച്ചിട്ടില്ല.

(ഇ) മലയാളത്തിനു വേണ്ടി ശക്തമായ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനു വേണ്ടി പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ നമുക്കില്ല.

(എഫ്) കേരളത്തിലെ ഭരണഭാഷാ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ഡയറക്ടറേറ്റോ സെക്രട്ടറിയേറ്റ് വകുപ്പോ കേരളത്തിലില്ല. ആകെകൂടിയുള്ളത് സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥ - ഭരണ പരിഷ്ക്കാര വകുപ്പിലുള്ള ഔദ്യോഗിക ഭാഷ എന്ന സെക്ഷൻ മാത്രമാണ്.

(എച്ച്) കെ.എസ്.ആർ, കെ.ഇ.ആർ തുടങ്ങിയ ചട്ടങ്ങൾ, കോഡുകൾ, മാന്വലുകൾ തുടങ്ങി ഒട്ടേറെ ഔദ്യോഗിക മാർഗരേഖകൾക്കും ആക്ടുകൾക്കും ആധികാരികമായ മലയാള പരിഭാഷകൾ ഉണ്ടായിട്ടില്ല.

(ഐ) സെക്രട്ടേറിയേറ്റ്, കോടതികൾ, കേന്ദ്രസർക്കാരിന്റെ ഓഫീസുകൾ, അന്യസംസ്ഥാനങ്ങൾ മുതലായവയുമായുള്ള എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽത്തന്നെ നടത്തേണ്ടിവരുന്നു.

(ജെ) ഫയലുകളുടെ മലയാളത്തിലുള്ള മുൻമാതൃകകൾ പലപ്പോഴും ലഭിക്കുന്നില്ല.

(കെ) ഇംഗ്ലീഷിലുള്ള വാക്കുകൾക്ക് അനുയോജ്യമായ മലയാള പദങ്ങൾ മിക്കപ്പോഴും കിട്ടാറില്ല.

(എൽ) ഭരണകാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന മലയാളം പലപ്പോഴും വികലവും പരിഹാസ്യവും ആശയഗ്രഹണത്തിന് ഉപകരിക്കാത്തതുമാണ്.

(എം) ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിന് മേലുദ്യോഗസ്ഥർ ചിലപ്പോഴെങ്കിലും തടസ്സം നിൽക്കുന്നു.

(എൻ) മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്നതിന് മതിയായ പരിശീലനമോ പ്രോത്സാഹനമോ ജീവനക്കാർക്ക് ലഭിക്കുന്നില്ല.

(ഒ) വേണ്ടത്ര പ്രമാണഗ്രന്ഥങ്ങൾ ലഭ്യമല്ല. ഇപ്പോഴുള്ള ശബ്ദാവലികളും മറ്റും അപര്യാപ്തമാണ്.

(പി) ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകളിൽ മലയാള ഭാഷാപരിജ്ഞാനം പരിശോധിക്കുന്നില്ല.

(ക്യു) ഉദ്യോഗക്കയറ്റങ്ങൾക്ക് മലയാളഭാഷയോടുള്ള പ്രതിജ്ഞാ ബദ്ധത പരിഗണിക്കുന്നില്ല.

(ആർ) കേരളത്തിലെ ജനങ്ങൾ വ്യക്തിപരമായ കാര്യങ്ങളിൽപ്പോലും മലയാള ഭാഷയ്ക്ക് അർഹമായ സ്ഥാനം നൽകുന്നില്ല.

(എസ്) ഇംഗ്ലീഷ്, ഹിന്ദി, ന്യൂനപക്ഷ ഭാഷകൾ, പൗരാണിക ഭാഷകൾ എന്നിവയുടെ പേരിൽ മലയാള ഭാഷയെ ഒഴിവാക്കുന്നു.

പ്രശ്നപരിഹാരം - നിർദ്ദേശങ്ങൾ

മലയാളം ഭരണമാക്കുന്നതു സംബന്ധിച്ച എല്ലാ പ്രശ്നങ്ങളുടെയും പ്രഭവസ്ഥാനം കേരളീയ ജനതയ്ക്ക് മാതൃഭാഷയോടുള്ള അവജ്ഞയും പുച്ഛവുമാണ്. മാനസികമായ അടിമത്തത്തിന് പണ്ടുമുതലേക്കു മലയാളികൾ വിധേയരാണ്. എന്നാൽ ഭാഷാസ്നേഹികളായ ഭരണാധികാരികളുടെ ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രമാണ് കേരളപ്പിറവിവരെയും മലയാളം എല്ലാ മേഖലകളിലും പ്രാമുഖ്യം പുലർത്തിയിരുന്നത്. ഇതിനുസമാനമായ ഇച്ഛാശക്തി ആധുനിക കേരളത്തിലെ ഭരണകൂടങ്ങളും രാഷ്ട്രീയ കക്ഷികളും പ്രകടമാക്കുക എന്നതാണ് ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള ഏകപോം വഴി. അതിന് അനുപൂരകമായ നിലയിൽ രാഷ്ട്രീയ കക്ഷികളുടെ പോഷക സംഘടനകളും സർവ്വീസ് സംഘടനകളും സന്നദ്ധസംഘടനകളും ജനങ്ങളെ ബോധവത്ക്കരിക്കുകയും അവരുടെ ഭയാശങ്കകൾ ദൂരീകരിക്കുകയും ചെയ്യണം.

സർക്കാർ തലത്തിൽ അത്യന്താപേക്ഷിതമായി ചെയ്യേണ്ട കാര്യം കേരളത്തിലെ ഏക ഭരണഭാഷ, കോടതിഭാഷ, നിയമനിർമ്മാണ ഭാഷ, ഏതൊരു പാഠ്യപദ്ധതിയിലെയും നിർബന്ധിത ഒന്നാം ഭാഷ എന്നീ നിലകളിൽ മലയാളത്തെ പ്രതിഷ്ഠിക്കുന്ന സമഗ്രമായ ഒരു നിയമം പാസ്സാക്കുക എന്നതാണ്. സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് മലയാള പരിജ്ഞാനം നിർബന്ധിതമാക്കാനും നിയമത്തിൽ വ്യവസ്ഥ ചെയ്യണം. ന്യൂനപക്ഷ ഭാഷക്കാർക്ക് പ്രത്യേക പരിരക്ഷണം നൽകുകയും ഇംഗ്ലീഷ് ഹിന്ദി എന്നിവയ്ക്ക് അനുബന്ധ ഭാഷാ പദവി നൽകുകയും വേണം. ജീവനക്കാർക്ക് ഈ ഭാഷകളിലുള്ള പരിജ്ഞാനം യഥോചിതം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഭാഷാപരമായി സങ്കുചിതത്വമല്ല; വിശാല മന: സ്ഥിതിയാണ് നാം വളർത്തിയെടുക്കേണ്ടത്. വികലവും വിലക്ഷണവുമായ പരിഭാഷകളും വാക്യരീതികളും ഒഴിവാക്കി മനോഹരവും അബദ്ധരഹിതവും വസ്തുനിഷ്ഠവുമായ രീതിയിൽ ഭരണകാര്യങ്ങൾക്ക് മലയാളം ഉപയോഗിക്കുവാൻ ജീവനക്കാർക്ക് പരിശീലനം നൽകണം. ■

ലേഖകൻ പി.ആർ.ഡി. റിട്ട. ഡെപ്യൂട്ടി ഡയറക്ടറാണ്.

ഫീച്ചർ

വൈവിധ്യങ്ങൾ ഇഴപിരിച്ച് കയർബോർഡ് അറുപതാം വർഷത്തിലേക്ക്

ചകിരിനാരുപയോഗിച്ച് മാത്രം ഉണ്ടാക്കുന്ന പ്രകൃതിദത്തമായ പുൽത്തകിടിയാണ് കൊക്കോ ലോൺ. എളുപ്പത്തിൽ ചുരുട്ടിക്കൊണ്ടുപോകാവുന്നതും സിമന്റ്തറ ഉൾപ്പെടെ ഏത് പ്രതലത്തിലും പുൽത്തകിടിയുമായി വിരിക്കാവുന്നതുമായ ഇത് തികച്ചും പരിസ്ഥിതി സൗഹൃദവും യാതൊരുവിധ പാരിസ്ഥിതിക മാലിന്യങ്ങളുമില്ലാത്തതാണ്.

പരാധീനതകൾ പഴങ്കഥയാക്കി കയർവ്യവസായ മേഖലയിൽ നൂതന പരീക്ഷണങ്ങൾക്കും വിപണനമാർഗ്ഗങ്ങൾക്കും ആധുനികവൽക്കരണത്തിനും നേതൃത്വം നൽകി കയർബോർഡ് അറുപതാം വർഷത്തിലേക്ക് കടക്കുന്നു. 1953-ലെ കയർവ്യവസായ നിയമപ്രകാരം രൂപീകരിച്ച കയർബോർഡ് ഇന്ത്യയിലെ കയർവ്യവസായത്തിന്റെ പുരോഗതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതോടൊപ്പം ഈ മേഖലയിലെ ചെറുകിടക്കാരുടെയും തൊഴിലാളികളുടെയും താൽപ്പര്യം സംരക്ഷിക്കുന്ന ഉത്തരവാദിത്തവും നിർവ്വഹിച്ചു വരുന്നു. കയർത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതും കയർബോർഡാണ്.

1953-ൽ കയർ ബോർഡ് രൂപം കൊള്ളുമ്പോൾ കേരളം മാത്രമായിരുന്നു പ്രവർത്തനമേഖല. ഇന്നത് 14 സംസ്ഥാനങ്ങളിലായി വളർന്നിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കയർബോർഡിന് വിൽപ്പന കേന്ദ്രങ്ങളുണ്ട്. ഇന്ത്യയിൽ ഏകദേശം 10 ലക്ഷത്തിലധികം പേർ നേരിട്ടും അല്ലാതെയുമായി കയർ വ്യവസായത്തിലേർപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള കയർ വ്യവസായത്തിൽ വൈവിധ്യവൽക്കരണവും യന്ത്രവൽക്കരണവുമാണ് കയർ ബോർഡ് ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ന് ആയിരത്തിലധികം ചെറുകിട ഉൽപ്പാദകർ കയർ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇവർ നിർമ്മിക്കുന്ന കയറുമെത്ത, പരവതാനികൾ, കാർപെറ്റുകൾ, എന്നിവയ്ക്ക് ആഗോളവിപണിയിൽ ആവശ്യക്കാരേറെയാണ്. പരമ്പരാഗത കയർ ഉൽപ്പന്നങ്ങൾക്ക് പുറമെ പുത്തൻ തലമുറയെ ഉന്നമിട്ട് നിരവധി ഉൽപ്പന്നങ്ങളും കയർബോർഡ് വിപണിയിലിറക്കിയിട്ടുണ്ട്. കയർകുടകൾ, ഹാന്റ് ബാഗുകൾ, കയർ പാദരക്ഷകൾ, കർട്ടനുകൾ, കയർ ഭൂവസ്ത്രം, ആഭരണങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ തുടങ്ങി മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നീണ്ടനിര തന്നെ കയർബോർഡിന് ഇന്ന് സ്വന്തമായുണ്ട്.

നിലവിൽ കയർമേഖലയിൽ ചകിരി ഉണ്ടാക്കാനാവശ്യമായ തൊഴിൽ ലഭ്യത വളരെക്കുറവാണ്. ഗ്രാമീണ മേഖലകളിൽ വളരെക്കുറച്ച് തൊണ്ട് മാത്രമേ ലഭ്യമാവുന്നുള്ളൂ. ഈ പ്രതിസന്ധി മറികടക്കാനായാണ് കലവൂരിലെ കേന്ദ്ര കയർ ഗവേഷണ സ്ഥാപനം മൊബൈൽ തൊണ്ടുതല്ലൽ യന്ത്രം വികസിപ്പിച്ചെടുത്തത്.

എവിടെയാണോ തൊണ്ട് കിടക്കുന്നത്, അവിടേക്ക് നവീന തൊണ്ട് തല്ലൽ യന്ത്രം ഒരു ഓട്ടോറിക്ഷയിൽ എത്തിച്ച് ചകിരി വേർതിരിക്കാൻ ഉപയോഗിക്കാം. 500 കിലോഗ്രാം മാത്രം തൂക്കമുള്ള ഈ യന്ത്രം ഉപയോഗിച്ച് മണിക്കൂറിൽ 400 മുതൽ 500 വരെ തൊണ്ടിൽ നിന്ന് ചകിരി വേർതിരിക്കാം. ഡീസൽ എഞ്ചിനോ ഇലക്ട്രിക് മോട്ടോറോ ഉപയോഗിച്ച് യന്ത്രം പ്രവർത്തിപ്പിക്കാം. പരമ്പരാഗത രീതിയിൽ തൊണ്ട് ജലാശയങ്ങളിൽ മുക്കിയിടുമ്പോൾ ഉണ്ടാകുന്ന ജലമലിനീകരണത്തിന്റെ തോത് കുറയ്ക്കാനാകുമെന്നതും ഇതിന്റെ പ്രത്യേകതയാണ്. 1000 ലിറ്റർ ജലം മാത്രം മതി ഈ രീതിക്ക്. ചകിരി, വെള്ളത്തിൽ മുക്കിയിടാതെ സസ്യ എണ്ണ ഉപയോഗിച്ച് മൃദുവാക്കിയെടുക്കുന്ന സാങ്കേതിക വിദ്യ ഈ മേഖലയിലെ മികച്ച നേട്ടമാണ്. ആവണക്കെണ്ണയാണ് ഇതിനായി ഉപയോഗിക്കുന്നത്.

പരമ്പരാഗത തറികൾ പ്രവർത്തിപ്പിക്കാൻ ആരോഗ്യവാന്മാരായ പുരുഷതൊഴിലാളികൾ തന്നെ ആവശ്യമായിരുന്നു. എന്നാൽ വായു ഉപയോഗിച്ചു പ്രവർത്തിക്കുന്ന ന്യൂമാറ്റിക് സംവിധാനം പരമ്പരാഗത തറികളിൽ ഘടിപ്പിക്കുകയാണെങ്കിൽ സ്ത്രീത്തൊഴിലാളികൾക്ക് ഇത്തരം തറികൾ ലളിതമായി പ്രവർത്തിപ്പിക്കാൻ കഴിയും. കയർ വ്യവസായത്തിൽ സ്ത്രീ ശാക്തീകരണത്തിന് ഇത്തരം തറികൾ വഴി കഴിയും.

ബാംഗ്ലൂരിലെ കേന്ദ്രകയർ സാങ്കേതിക സ്ഥാപനം വികസിപ്പിച്ചെടുത്ത കയറും റസിനും തമ്മിലുള്ള മിശ്രിതം ചേർത്തുണ്ടാക്കുന്ന കയർ തടി വാതിലുകൾ, അടുക്കളയിലെ അലമാരകൾ, മേശ, കട്ടിൽ, സോഫ തുടങ്ങിയ ഫർണ്ണിച്ചറുകൾ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. മരത്തിനു പകരമായി ഇതുപയോഗിക്കുന്നത് വഴി അമൂല്യമായ വനസമ്പത്ത് സംരക്ഷിക്കാൻ കഴിയുന്നു. ചിതലരിക്കാത്ത, നീണ്ടകാലം ഈടുനിൽക്കുന്ന ഈ തടി ഇഷ്ടപ്പെട്ട ആകൃതിയിലും വലിപ്പത്തിലും മോൾഡ് ചെയ്ത് വരുന്നതിനാൽ പണിക്കൂലിയും വളരെക്കുറച്ചു മതി.

കയർ വ്യവസായത്തിന്റെ അവശിഷ്ടമായ ചകിരിച്ചോറിനെ വിഘടിപ്പിച്ച് പരിസരശുചിത്വം ഉറപ്പുവരുത്താനായി പിത്ത്പ്ലസ് എന്നൊരു പൂപ്പൽ മിശ്രിതം കയർബോർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ വ്യവസായ രംഗത്തെ ഏറ്റവും പുതിയ വാർത്തകൾ ജനങ്ങളിലെത്തിക്കാനായി മാസികകൾ, കയർ കൈപ്പുസ്തകങ്ങൾ, വീഡിയോ സീഡികൾ എന്നിവയും കയർബോർഡ് പുറത്തിറക്കുന്നുണ്ട്.

പരമ്പരാഗത തറികൾ പ്രവർത്തിപ്പിക്കാൻ ആരോഗ്യവാന്മാരായ പുരുഷതൊഴിലാളികൾ തന്നെ ആവശ്യമായിരുന്നു. എന്നാൽ വായു ഉപയോഗിച്ചു പ്രവർത്തിക്കുന്ന ന്യൂമാറ്റിക് സംവിധാനം പരമ്പരാഗത തറികളിൽ ഘടിപ്പിക്കുകയാണെങ്കിൽ സ്ത്രീത്തൊഴിലാളികൾക്ക് ഇത്തരം തറികൾ ലളിതമായി പ്രവർത്തിപ്പിക്കാൻ കഴിയും.

കയർബോർഡ് വികസിപ്പിച്ചെടുത്ത ഭൂവസ്ത്രം മണ്ണൊലിപ്പിച്ച് തടയുന്നതിനും ഗ്രാമീണ റോഡുകൾ ബലപ്പെടുത്തുന്നതിനും റെയിൽവേ പാലങ്ങളുടെയും കനാലുകളുടെയും വശങ്ങളിലെ മണ്ണിടിച്ചിൽ പ്രതിരോധിക്കുന്നതിനും വ്യാപകമായി ഉപയോഗപ്പെടുത്തി വരുന്നു. കൊങ്കൺ റെയിൽവേ പാതയിലെ കുത്തനെയുള്ള ചരിവുകൾ ശക്തിപ്പെടുത്താൻ ഇതു ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ട്. ചതുരശ്ര മീറ്ററിന് 40 രൂപ മുതൽ 90 രൂപവരെ വിലയുള്ള വിവിധയിനം കയർ ഭൂവസ്ത്രങ്ങൾ വിപണിയിൽ ലഭ്യമാണ്.

ചകിരിനാരുപയോഗിച്ച് മാത്രം ഉണ്ടാക്കുന്ന പ്രകൃതിദത്തമായ പുൽത്തകിടിയാണ് കൊക്കോലോൺ. എളുപ്പത്തിൽ ചുരുട്ടിക്കൊണ്ടുപോകാവുന്നതും സിമന്റ്തറ ഉൾപ്പെടെ ഏത് പ്രതലത്തിലും പുൽത്തകിടിയുമായി വിരിക്കാവുന്നതുമായ ഇത് തികച്ചും പരിസ്ഥിതി സൗഹൃദവും യാതൊരുവിധ പാരിസ്ഥിതിക മാലിന്യങ്ങളുമില്ലാത്തതാണ്.

കയർ വ്യവസായത്തിന്റെ അവശിഷ്ടമായ ചകിരിച്ചോറിനെ വിഘടിപ്പിച്ച് പരിസരശുചിത്വം ഉറപ്പുവരുത്താനായി പിത്ത്പ്ലസ് എന്നൊരു പൂപ്പൽ മിശ്രിതം കയർബോർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ വ്യവസായ രംഗത്തെ ഏറ്റവും പുതിയ വാർത്തകൾ ജനങ്ങളിലെത്തിക്കാനായി മാസികകൾ, കയർ കൈപ്പുസ്തകങ്ങൾ, വീഡിയോ സീഡികൾ എന്നിവയും കയർബോർഡ് പുറത്തിറക്കുന്നുണ്ട്. 2013-14 വർഷത്തിൽ പതിനൊന്ന് അന്താരാഷ്ട്ര വിപണനമേളകളിൽ കയർബോർഡ് പങ്കെടുക്കും. ഇതുവഴി അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ അവസരങ്ങൾ കണ്ടെത്താമെന്നാണ് ബോർഡിന്റെ പ്രതീക്ഷ.

വജ്രജൂബിലി പ്രമാണിച്ച് വിപുലമായ പരിപാടികളാണ് ബോർഡ് ആസൂത്രണം ചെയ്തിരിക്കുന്നത്. കാശ്മീർ മുതൽ കന്യാകുമാരി വരെ നീളുന്ന റോഡ് ഷോയാണ് പ്രധാന ആകർഷണം. നവംബർ 14 മുതൽ 30 വരെ ന്യൂഡൽഹിയിൽ അന്താരാഷ്ട്ര കയർ മേള സംഘടിപ്പിക്കും. പ്രഗതി മൈതാൻ, ദില്ലി ഹാട്ട്, ചേതനാലയ എന്നിവിടങ്ങളിൽ കയർ ഉൽപ്പന്നങ്ങളുടെ പ്രദർശനവുമുണ്ടാവും. ദേശീയ-അന്താരാഷ്ട്ര സെമിനാറുകളും ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ ബയർ-സെല്ലർ മീറ്റും നടക്കും. ആഘോഷപരിപാടികളോടനുബന്ധിച്ച് പ്രത്യേക നാണയങ്ങളും സ്റ്റാമ്പുകളും പുറത്തിറക്കും. ■

അബ്ദു മനാഫ് കെ.
പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഗ്രാമ പഞ്ചായത്ത്

മലപ്പുറം -പുലമാന്തോൾ ഗ്രാമപഞ്ചായത്ത്

പുലമാന്തോൾ ഗ്രാമപഞ്ചായത്തും എം.ഇ.എസ് മെഡിക്കൽ കോളേജും സംയുക്തമായി നടപ്പിലാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് മാപ്സ് (എം.ഇ.എസ് ആരോഗ്യ പരിരക്ഷാ സ്കീം). ഗ്രാമപഞ്ചായത്തിലെ 1000 കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന ഇൻഷുറൻസ് പദ്ധയിൽ ഒരു കുടുംബത്തിലെ 5 അംഗങ്ങളുടെ വാർഷിക പ്രിമിയമായ 450 രൂപ എം.ഇ.എസ് മെഡിക്കൽ കോളേജ് വഹിക്കും വർഷത്തിൽ 30000 രൂപ വരെയുള്ള ചികിത്സ എം.ഇ.എസ് മെഡിക്കൽ കോളേജിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. സംസ്ഥാനത്ത് തന്നെ ഇത്തരം പദ്ധതി നടപ്പിലാക്കിയ ആദ്യ ഗ്രാമപഞ്ചായത്താണ് പുലാമന്തോൾ. പദ്ധതിയുടെ ഉദ്ഘാടനം നഗര കാര്യ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എം.കെ റഫീഖ അദ്ധ്യക്ഷത വഹിച്ചു.

കണ്ണൂർ -കൊളച്ചേരി ഇനി ജല സൗഹൃദ ഗ്രാമം

കുളങ്ങളുടെ ചേരി എന്ന സ്ഥല നാമത്തിലൂടെ തന്നെ ജലസൗഹൃദം പുലർത്തുന്ന കൊളച്ചേരി ഗ്രാമം ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ മാതൃകയാകുന്നു. അമൃത വർഷിണി എന്ന് പേരിട്ട പദ്ധതിയിലൂടെ ജനങ്ങളിൽ ജല സാക്ഷരതയുടെ പാഠങ്ങൾ പകരുവാനാണ് കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ശ്രമം. വളപട്ടണം പുഴ അതിരുകൾ തീർത്ത, വിശാലമായ നെൽ വയലുകളാലും കുന്നിൻ ചെരിവുകളാലും അരുവികളാലും അലങ്കാരം ചാർത്തിയ കൊളച്ചേരി ജല സ്രോതസ്സുകളുടെ കാര്യത്തിൽ വലിയ പഞ്ഞമില്ലാത്ത പ്രദേശമാണ്. എന്നാൽ വേനൽക്കാലമാകുമ്പോൾ കുടിവെള്ളത്തിനായി വലയുന്ന ചില സ്ഥലങ്ങളെങ്കിലും ഈ പഞ്ചായത്തിലുണ്ട്. നേരത്തെ മൂന്ന് വിള നെൽകൃഷി ഉണ്ടായിരുന്ന വയലുകൾ പലതും ജലക്ഷാമം മൂലം കൃഷി നടത്താൻ പറ്റാത്ത സ്ഥിതിയുമുണ്ട്. നെൽവയൽ നികത്തൽ. കുന്നിടിക്കൽ, അനിയന്ത്രിയമായ മണൽ വാരൽ തുടങ്ങിയ കയ്യേറ്റങ്ങൾ പ്രദേശത്തു നടക്കുന്നു. ഇവിടെ വരാനിരിക്കുന്ന വിപത്തുകളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകാനാണ് അമൃത വർഷിണി പദ്ധതി ലക്ഷ്യമിടുന്നത്. വിദ്യാലയങ്ങളിലും പുറത്തും നടക്കുന്ന വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, വാട്ടർ ബ്രിഗേഡുകളുടെ രൂപീകരണം. പരമ്പരാഗത ജലസംരക്ഷണ പ്രവർത്തനങ്ങളുടെ വ്യാപനം. ആധുനിക ജലസംഭരണ മാതൃകകൾ പരിചയപ്പെടുത്തൽ, തുടങ്ങിയവ ഇതിന്റെ ഭാഗമായി നടക്കും. പദ്ധതിയുടെ ഭാഗമായി 'ജല പർവ്വം' എന്ന പേരിൽ ഒരു വീഡിയോ ഡോക്യുമെന്ററിയും തയ്യാറാക്കിയിട്ടുണ്ട്. ജീവന്റെ ഉൽപ്പത്തിയിലും തുടർന്നുള്ള നിലനിൽപ്പിലുമുള്ള ജലത്തിന്റെ പ്രാധാന്യം, ജലക്ഷാമം വരുത്തുന്ന കെടുതികൾ ജലസംരക്ഷണ ഉപാധികൾ എന്നിവയെകുറിച്ച് പ്രതിപാദിക്കുന്ന ഡോക്യുമെന്ററിയിൽ പരിസ്ഥിതി ശാസ്ത്ര രംഗത്തെ വിദഗ്ധർ സന്ദേശങ്ങൾ നൽകുന്നുണ്ട്.

വി.വി ശ്രീനിവാസൻ മാസ്റ്റർ രചനയും വിജേഷ് കുട്ടിപ്പറമ്പിൽ സംവിധാനവും സുജിത്ത് മാസ്റ്റർ ഗവേഷണവും നിർവ്വഹിച്ച ഡോക്യുമെന്ററിയുടെ പ്രകാശനം ഒക്ടോബർ 2-ന് ബുധനാഴ്ച കാലത്ത് 10 മണിക്ക് കൊളച്ചേരിമുക്ക് മുല്ലക്കൊടി ബേങ്ക് ഓഡിറ്റോറിയത്തിൽ നടന്ന അമൃതവർഷിണി സെമിനാറിൽ ജില്ലാ കലക്ടർ ഡോ.രത്തൻ ഖേൽക്കർ നിർവ്വഹിച്ചു. കൊളച്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ മുസ്തഫയുടെ അധ്യക്ഷതയിൽ ജെയിംസ് മാത്യു എം.എൽ.എ സെമിനാർ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം സി.ഡി.ഡി.യു ഡയറക്ടർ വി.സുഭാഷ് ചന്ദ്രബോസ് വിഷയാവതരണം നിർവ്വഹിച്ചു.

...ത്തുകളിലൂടെ

കണ്ണൂർ –അഴീക്കോട് ഗ്രാമപഞ്ചായത്ത് ശയ്യാവലംബികൾക്ക് ഓണക്കിറ്റ്

കണ്ണൂർ ജില്ലയിൽ അഴീക്കോട് ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ വിവധ വാർദ്ധക്യകാല അസുഖം ബാധിച്ച് ശയ്യാവലംബികളായ 75 ഓളം പേർക്ക് അവരവരുടെ വീടുകളിൽ നേരിട്ടെത്തി ഓണക്കിറ്റുകൾ വിതരണം ചെയ്തു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. പവിത്രൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി നിഷ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ. രാമചന്ദ്രൻ, പി.എം. സുധാകരൻ, എന്നിവരുടെ സാന്നിദ്ധ്യത്തിൽ മുൻ എം.എൽ.എ എം. പ്രകാശൻ മാസ്റ്റർ ഓണകിറ്റുകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു.

കാസർകോട് – പുല്ലൂർ പെരിയയിൽ ശുചിത്വ ഗ്രാമത്തിനും ശുചിത്വ വീടിനും പുരസ്കാരം

ശുചീകരണ പ്രവർത്തനങ്ങളിൽ മാതൃകാ പ്രവർത്തനം നടത്തിയ കുടുംബശ്രീ എഡിഎസിനും വീടും പരിസരവും പരിപാലിച്ച് മാതൃകയായ കുടുംബനാഥനും പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്തിന്റെ ശുചിത്വ ഗ്രാമം ശുചിത്വ വീട് പുരസ്കാരം.

മഴക്കാല പൂർവ്വ രോഗങ്ങളെ പ്രതിരോധിക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകരും ആരോഗ്യ പ്രവർത്തകരും സന്നദ്ധ സംഘടനകളും കൈകോർത്ത് മികച്ച സേവന പ്രവർത്തനമാണ് പഞ്ചായത്ത് പരിധിയിൽ നടത്തിയത്. കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി പറയത്തക്ക രോഗങ്ങളൊന്നും ഗ്രാമ പഞ്ചായത്ത് പരിധിയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ആസൂത്രിതമായ രോഗ പ്രതിരോധ പ്രവർത്തനങ്ങളും ജനകീയ കൂട്ടായ്മകളിലൂടെ നടത്തികൊണ്ട് മാതൃകാപരമായ പ്രവർത്തനമാണ് ആരോഗ്യ ശുചിത്വമേഖലയിൽ ഗ്രാമപഞ്ചായത്ത് നടത്തിയത്.

15–ാം വാർഡ് (കായക്കുളം) എ.ഡി.എസ് ആണ് ശുചിത്വ ഗ്രാമം പുരസ്കാരത്തിന് അർഹത നേടിയത്. ചാലിങ്കാൽ സ്വദേശിയായ വി. സദാശിവനാണ് ശുചിത്വ വീട് പുസ്കാരം നേടിയത്. അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിലും വീടും പരിസരവും ശുചീകരിക്കുന്നതിലും അന്യദൃശ്യമായ പാടവമാണ് ഇദ്ദേഹം കാണിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്ത് സി.ഡി.എസ് ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ വെച്ച് പഞ്ചായത്ത് പ്രസിഡന്റ് സി.കെ അരവിന്ദാക്ഷൻ പുരസ്കാരം വിതരണം ചെയ്തു.

ക്ലിൻ പുല്ലൂർ-പെരിയ ക്യാപെയിനിൽ പങ്കെടുത്ത് മികച്ച സേവനം നടത്തിയ പെരിയ ഗവ. പോളി ടെക്നിക് എൻ.എസ്.എസ് യൂണിറ്റിനുള്ള സർട്ടിഫിക്കറ്റും ചടങ്ങിൽ വെച്ച് വിതരണം ചെയ്തു. ■

പ:ന്യൂ:സർവ്വീസ്

ജോൺ എസ്. ജയിംസ്

ഇനി നമുക്കാവശ്യം ഒരു തിരിച്ചറിവ്

1992-ലെ, 73-ം 74-ം ഭരണഘടനാ ഭേദഗതികളിലൂടെ, വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും അധികാര വികേന്ദ്രീകരണത്തിന്റേയും തലതൊട്ടപ്പനും സൂത്രധാരനും ആയി, ഒരു നിയോഗത്തിലൂടെ എന്നപോലെ ഈ യുഗത്തിൽ വന്ന് സംഭവിച്ച യുഗപ്രഭാവനായ മുൻ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ, 2013 സെപ്റ്റംബർ 6-ം 7-ം തീയതികളിൽ കിലയിൽ വച്ച്, **കേന്ദ്രാവിഷ്കൃത പദ്ധതികളും പഞ്ചായത്തുകളും** എന്ന വിഷയത്തിൽ നടന്ന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു കൊണ്ട് നടത്തിയ പ്രസംഗത്തിൽ, താഴെ പറയുന്ന രണ്ടു കാര്യങ്ങൾ ഊന്നിപ്പറഞ്ഞു.-

അധികാര വികേന്ദ്രീകരണത്തിനായുള്ള ഭരണഘടനാ ഭേദഗതി വന്നിട്ട് 20 വർഷം പൂർത്തിയായെങ്കിലും ഭേദഗതിയിലെ അന്തസത്ത ഉൾക്കൊള്ളാൻ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

അധികാര വികേന്ദ്രീകരണത്തിന് വേണ്ടി രാഷ്ട്രീയ നേതൃത്വം ഇഛാശക്തി പ്രകടിപ്പിച്ചുവെങ്കിലും (ഇത് നടപ്പിലാക്കുന്ന കാര്യത്തിൽ) പല സംസ്ഥാനങ്ങളും മുഖം തിരിഞ്ഞ് നിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

മേൽപറഞ്ഞ പരാമർശങ്ങളിൽ, അധികാര വികേന്ദ്രീകരണത്തിന് രാഷ്ട്രീയ നേതൃത്വം ഇഛാശക്തി പ്രകടിപ്പിച്ചു എങ്കിലും ഭേദഗതികളിലെ അന്തസത്ത ഉൾക്കൊള്ളാൻ കഴിയാത്തതു കൊണ്ട് ഭൂരിപക്ഷം സംസ്ഥാനങ്ങളിലെ ബ്യൂറോക്രസി ഇവ നടപ്പാക്കുന്ന കാര്യത്തിൽ മുഖം തിരിഞ്ഞ് നിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അദ്ദേഹം പറയാതെ തന്നെ പറഞ്ഞു വച്ചിരിക്കുകയാണ്. വികേന്ദ്രീകൃത ആസൂത്രണവും അധികാര വികേന്ദ്രീകരണവും നടപ്പാക്കുന്നതിൽ ഉദാത്തമായ ഒട്ടേറെ മാതൃകകൾ സൃഷ്ടിക്കാൻ കഴിഞ്ഞു എന്ന് ഊറ്റം കൊള്ളുന്ന കേരള മണ്ണിൽ കാലൂന്നി നിന്നു കൊണ്ടാണ് മണി ശങ്കർ അയ്യർ അദ്ദേഹത്തിന്റെ മേൽപറഞ്ഞ സുചിന്തിത അഭിപ്രായങ്ങൾ രേഖപ്പെടുത്തിയത്. ഭാരത സംസ്ഥാനങ്ങളെകുറിച്ച് പൊതുവായ ഒരഭിപ്രായമാണ് അദ്ദേഹം പരത്തിപ്പറഞ്ഞതെന്ന് വേണമെങ്കിൽ പറയാമെങ്കിലും, കേരള മോഡൽ എന്ന് വിശേഷിപ്പിക്കുന്ന പ്രാദേശിക ജനകീയ ആസൂത്രണ സമ്പ്രദായം നടപ്പാക്കിയെന്ന് അഭിമാനിക്കുന്ന കേരള സംസ്ഥാനത്തിന് മുകളിൽപറഞ്ഞ ആരോപണങ്ങൾ എത്ര മാത്രം ബാധകമാണെന്ന്, അഥവാ ഭേദഗതികളിലെ അന്തസത്ത ഉൾക്കൊള്ളാൻ കഴിയാത്ത സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരള സംസ്ഥാനം ഉൾപ്പെടുമോ എന്ന് സ്വയംവിമർശന ബുദ്ധ്യാ മനസ്സ് തുറന്ന് പരിശോധിക്കുന്നത് ഉചിതവും ന്യായവുമത്രേ. അധികാര വികേന്ദ്രീകരണം 1992-ലെ ഭരണഘടനാ ഭേദഗതികളിലൂടെ സാക്ഷാത്കൃതമായി എങ്കിലും സംസ്ഥാന നിയമസഭകളുടെ നിർദ്ദിഷ്ട നിയമ നിർമ്മാണത്തിലൂടേയും അതിൻ കീഴിൽ രൂപീകരിക്കേണ്ട ചട്ടങ്ങളിലൂടേയും ഉള്ള ഒരു വികേന്ദ്രീകൃത ആസൂത്രണമാണ് സംസ്ഥാനങ്ങളിൽ പൂർത്തിയാക്കേണ്ടതായിട്ടുണ്ടായിരുന്നത്. അത് സംഭവിച്ചുവോ എന്ന വിഷയമാണ് ഇനി പരിശോധിക്കേണ്ടതായിട്ടുള്ളത്.

1992-ലെ 73-ം 74-ം ഭരണഘടനാ ഭേദഗതികൾക്ക് ചുക്കാൻ പിടിച്ച മണി ശങ്കർ അയ്യർ, ഭേദഗതികളിലൂടെ ഉന്നം വച്ചത്, പട്ടിക 11-ലും 12-ലും അക്കമിട്ട് പറഞ്ഞിട്ടുള്ളതും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ മറ്റ് അനുഛേദങ്ങളിലൂടെയും സംസ്ഥാന നിയമങ്ങളിലൂടേയും പറഞ്ഞ് ഏൽപ്പിച്ചിട്ടുള്ളതുമായ കാര്യങ്ങളിൽ ഉൾപ്പടെ, സാമൂഹിക നീതിയും, സാമ്പത്തിക ഉന്നമനവും ലാക്കാക്കിയുള്ള പദ്ധതികളും പരിപാടികളും തൃണമൂലതലത്തിൽ രൂപീകരിക്കുന്നതിനും

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, ഭരണഘടനാ ഭേദഗതികൾക്ക് അനുസൃതമായി രൂപകൽപന ചെയ്തതായിരുന്നു. അനുഛേദം 243 G അനുസരിച്ച് ഭേദഗതി ചേർത്ത 11–ാം പട്ടികയും പഞ്ചായത്തുകളുടെ ചുമതലകളുടെ കൂട്ടത്തിൽ യഥാവിധി ഉൾപ്പെടുത്തിയിരുന്നു അതിനാൽ 11ാം പട്ടികയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾക്കും പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് ലഭ്യമായി. അദ്ധ്യായം 15–ൽ പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും എന്ന അദ്ധ്യായത്തിൽ (വകുപ്പ് 161 മുതൽ 178 വരെ) പദ്ധതി രൂപീകരണത്തിനും നടപ്പാക്കുന്നതിനുമുള്ള അധികാരങ്ങൾ സംസ്ഥാന നിയമം നൽകിയിട്ടുണ്ട്.

നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ, അധികാര - ചുമതല കൈമാറ്റങ്ങളിലൂടെ, കഴിവുറ്റതാക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും, സംസ്ഥാന നിയമസഭ നിയമ നിർമ്മാണത്തിലൂടെ സാധ്യമാക്കണം എന്നാണ്. (അനുഛേദം 243 G–ം W–ം പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 167–ം, 175–ം കാണുക.) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമൂഹിക നീതിക്കും സാമ്പത്തിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതികളും പരിപാടികളും തൃണമൂല തലത്തിൽ തന്നെ രൂപീകരിക്കുവാനും നടപ്പിലാക്കുവാനും പ്രാപ്തമാക്കുന്ന വിധം അധികാരങ്ങളും ചുമതലകളും കൈമാറ്റം നടത്താനുള്ള വ്യവസ്ഥകൾ ഉൾകൊള്ളിച്ച് സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തണം എന്നാണ് മുകളിൽ പറഞ്ഞ വ്യവസ്ഥകളുടെ ചുരുക്കം. ഇത് തന്നെയാണ് ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും ഉൾക്കൊള്ളാൻ കഴിയാതെ പോയത് എന്ന് പറയപ്പെടുന്ന ഭരണഘടനാ ഭേദഗതികളുടെ അന്തസത്ത. ഇക്കാര്യം കേരള സംസ്ഥാനത്ത് എത്രമാത്രം നടപ്പിലാക്കി എന്ന് പരിശോധിക്കാം.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, ഭരണഘടനാ ഭേദഗതികൾക്ക് അനുസൃതമായി രൂപകൽപന ചെയ്തതായിരുന്നു. അനുഛേദം 243 ഏ അനുസരിച്ച് ഭേദഗതി ചേർത്ത 11–ാം പട്ടികയും പഞ്ചായത്തുകളുടെ ചുമതലകളുടെ കൂട്ടത്തിൽ യഥാവിധി ഉൾപ്പെടുത്തിയിരുന്നു അതിനാൽ 11–ാം പട്ടികയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾക്കും പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് ലഭ്യമായി. അദ്ധ്യായം 15–ൽ പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും എന്ന അദ്ധ്യായത്തിൽ (വകുപ്പ് 161 മുതൽ 178 വരെ) പദ്ധതി രൂപീകരണത്തിനും നടപ്പാക്കുന്നതിനുമുള്ള അധികാരങ്ങൾ സംസ്ഥാന നിയമം നൽകിയിട്ടുണ്ട്. ഇവയിൽ വകുപ്പ് 163 പ്രവർത്തന കമ്മിറ്റികളുടെ രൂപീകരണത്തെ സംബന്ധിച്ചാണ്. ഈ വകുപ്പ് താഴെ പറയും വിധം വായിച്ചെടുക്കാം.

163 പ്രവർത്തന കമ്മിറ്റികളുടെ രൂപീകരണം.–

(1) ഓരോ പഞ്ചായത്തും ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, കൃഷി, ശുചീകരണം, വാർത്താവിനിമയം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക്, പഞ്ചായത്ത് അംഗങ്ങൾക്കും, പൊതുജനക്ഷേമത്തിൽ താൽപര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്തവരുമായ മറ്റാളുകളുമടങ്ങിയ പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

എന്നാൽ, പഞ്ചായത്ത് നാമ നിർദ്ദേശം ചെയ്ത അംഗങ്ങൾക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

(2) പ്രവർത്തന കമ്മിറ്റികളുടെ അധികാരങ്ങളും ചുമതലകളും ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടേക്കാവുന്ന പ്രകാരമുള്ളവ ആയിരിക്കുന്നതാണ്.

ഈ കമ്മിറ്റി പദ്ധതി രൂപീകരണ നടത്തിപ്പ് കമ്മിറ്റിയായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. കമ്മിറ്റിയുടെ ചുമതലകളും അധികാരങ്ങളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുമെന്ന് ഈ വകുപ്പിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇത് അനുസരിച്ച് ചട്ടങ്ങൾ രൂപീകരിച്ചതായി കാണുന്നില്ല. എന്നാൽ ജനകീയാസൂത്രണം വന്നപ്പോൾ ഈ ചുമതല തട്ടിക്കൂട്ടിയ വർക്കിംഗ് ഗ്രൂപ്പുകൾക്കായി. പൊതുജന പങ്കാളിത്തത്തിന്റെ പേരിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനറും അംഗങ്ങളും സ്ഥലത്തെ ദിവ്യൻമാർ ആയി തീർന്നു. അതനുസരിച്ച് ബസ് കണ്ടക്ടർമാരും ഡ്രായിംഗ് മാസ്റ്റർമാരും മറ്റു ബുദ്ധി ജീവികളും മെമ്പർമാരും കൺവീനർമാരുമായി. ഈ കമ്മിറ്റികളുടെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന എന്നു പറഞ്ഞാൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടേക്കാവുന്നവ എന്നാണ് അർത്ഥം. എന്നാൽ പദ്ധതികൾ രൂപീകരിക്കുന്നതിനോ നടപ്പിലാക്കുന്നതിനോ മോണിറ്റർ ചെയ്യുന്നതിനോ ഇതിനുള്ള ചട്ടങ്ങൾ ഇതേ വരെ വിജ്ഞാപനം ചെയ്തിട്ടില്ല എന്നതാണ് വാസ്തവം.

2011–ൽ തന്നെ പദ്ധതി രൂപീകരണ ചട്ടങ്ങൾ കൺസൾട്ടേറ്റീവ് കമ്മിറ്റി തയ്യാറാക്കി സർക്കാരിന് നൽകിയിരുന്നു. ജനകീയാസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ ഈ കരട് ചട്ടങ്ങൾ മാറി വന്ന സർക്കാരിന്റെ നിലപാട് അനുസരിച്ച് പരിഷ്കരിക്കണമെന്നും പദ്ധതി ആസൂത്രണ ചട്ടങ്ങൾ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കി എഴുതണമെന്നും കാണിച്ച് 2012–ൽ

വീണ്ടും, സർക്കാർ ആവശ്യപ്പെട്ടതനുസരിച്ചും, ഇതേ കരട് ചട്ടങ്ങളുടെ പകർപ്പ് സർക്കാരിന് അയച്ച് കൊടുത്തിരുന്നു.

വകുപ്പ് 166 (2) അനുസരിച്ച് ഈ ആക്ടിലെ വ്യവസ്ഥകൾക്കും സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്കും സഹായങ്ങൾക്കും വിധേയമായി ഗ്രാമ പഞ്ചായത്തിന് മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടത്തുന്നതിനും അവയെ സംബന്ധിച്ച് **സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും അവ നടപ്പാക്കുന്നതിനുമുള്ള** അധികാരം ഉണ്ടായിരിക്കുന്നതാണ്. **വകുപ്പ് 167-ൽ ഗ്രാമ പഞ്ചായത്തുകളിലേക്കുള്ള ചുമതലകളുടേയും സ്ഥാപനങ്ങളുടേയും പണികളുടേയും കൈമാറ്റം നിർണ്ണയിച്ചേക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ് എന്ന് പറഞ്ഞിരിക്കുന്നു. തുടർന്ന് വകുപ്പ് 175(1) പഞ്ചായത്തുകൾ വികസന പദ്ധതികൾ തയ്യാറാക്കുന്നത് നിർണ്ണയിക്കപ്പെട്ട ഫാറത്തിലും രീതിയിലും അതത് പഞ്ചായത്ത് പ്രദേശത്തിന് വേണ്ടി അതിൽ നിക്ഷിപ്തമായ ചുമതലകളുടെ കാര്യത്തിൽ ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെട്ട തീയതിക്കു മുമ്പായി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ് എന്ന് പറഞ്ഞിരിക്കുന്നു.** വികസന പദ്ധതികൾ തയ്യാറാക്കുന്നത് നിർണ്ണയിക്കപ്പെട്ട പ്രകാരവും ചട്ടങ്ങൾ അനുസരിച്ചുമാണ് എന്ന് ഇതിൽ നിന്ന് വ്യക്തം.എന്നാൽ നാളിതുവരെ ഇത്രയും പ്രാധാന്യമേറിയ കാര്യങ്ങളിൽ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരുവുകളിലും സർക്കുലറുകളിലും കൂടി നൽകിയ മാർഗരേഖകൾ അനുസരിച്ചാണ് നിർവ്വഹിക്കപ്പെടുന്നത്. മാർഗ രേഖകൾക്ക് നിയമ പ്രാബല്യമില്ലാത്തിനാൽ അവ കാലാകാലങ്ങളിൽ മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുകയും ചെയ്യും മാർഗനിർദ്ദേശം അനുസരിച്ച് ചെയ്യുന്ന കാര്യങ്ങൾക്ക് ആധികാരികതയോ അക്കൗണ്ടബലിറ്റിയോ ആൻസറബിലിറ്റിയോ സ്ഥിരതയോ തുടർച്ചയോ ഉണ്ടായിരിക്കുന്നതല്ല. ഇവിടെയാണ് പദ്ധതി ചട്ടത്തിന്റെ പ്രസക്തി മുഴച്ച് കാണുന്നത്.

ജനകീയാസൂത്രണ കാലത്ത് പദ്ധതി രൂപീകരണവും നടത്തിപ്പും പൊതുജന പങ്കാളിത്തത്തോടെ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. 20 ഓളം പേർ ചേർന്ന 12 ഓളം ആൾക്കൂട്ടങ്ങളായിരുന്നു ഇവ. തികച്ചും അപ്രായോഗികമായ നിർദ്ദേശങ്ങളടങ്ങിയ കുട്ടി ബുക്കുകളാണ് മാർഗ്ഗരേഖകളായി ഉണ്ടായിരുന്നത്. ബനിഫിഷ്യറി കമ്മിറ്റി, സ്റ്റേക് ഹോൾഡേഴ്സ് കമ്മിറ്റി തുടങ്ങി കുറേ കമ്മിറ്റി യോഗങ്ങളും സെമിനാറുകളും വർക്ക് ഷോപ്പുകളും നടന്നു എന്നല്ലാതെ പദ്ധതി ഉണ്ടാക്കുന്നതിൽ ക്രിയാത്മകമായി ഒന്നും നടന്നില്ല. തണ്ണീർതടങ്ങളെയും, നീർമറി പ്രദേശങ്ങളെയും പറ്റി പറഞ്ഞ് പ്രചരിപ്പിച്ച കഥകൾക്ക് കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനേയോ പാരമ്പര്യ വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനെപറ്റിയോ യാതൊന്നും പറയാനില്ലാതെ പോയി. ജനകീയാസൂത്രണം ഒരു പറ്റം ബുദ്ധി ജീവികളുടെ അധര വ്യായാമമായി രേഖപ്പെടുത്തപ്പെട്ടു; വിദ്യാഭ്യാസ രംഗത്ത് നടത്തിയ ഡി.പി.ഇ.പി. പരിഷ്കാരം പോലെ ജനകീയാസൂത്രണവും ഊർജം കിട്ടാതെ കെട്ടടങ്ങി. ഒടുവിൽ പദ്ധതികൾ പഞ്ചായത്തുകൾക്ക് ഉണ്ടാക്കേണ്ടി വന്നപ്പോൾ പഞ്ചായത്ത് ജീവനക്കാർ ദിവസങ്ങളോളം കുത്തിയിരുന്ന് പദ്ധതികൾ എഴുതി ഉണ്ടാക്കി ജില്ലാ ആസൂത്രണ കമ്മിറ്റികളുടെ അംഗീകാരം ഓടി നടന്ന് ഒപ്പിക്കേണ്ടി വന്നു. ജനകീയാസൂത്രണ വിധാതാക്കൾ തന്നെ, ഒടുവിൽ സമ്മതിച്ച ഒരു സത്യം, ജനകീയാസൂത്രണവും അധികാരവികേന്ദ്രീകരണവും പരാജയപ്പെടാൻ കാരണം അവ സ്ഥാപനവൽക്കരിക്കപ്പെട്ടില്ല എന്നതാണ് എന്നത്രേ. സ്ഥാപനവൽക്കരിക്കുകയെന്നാൽ ചട്ടങ്ങൾ രൂപീകരിച്ച് പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനുള്ള അധികാര സ്ഥാനങ്ങളും ഭരണ യന്ത്ര സംവിധാനവും ധനപരമായ സ്രോതസ്സും നിർണ്ണയിക്കപ്പെടുക എന്നതാണ്. ഇതിന് ചട്ടങ്ങൾ കൂടിയേ തീരു. പദ്ധതി രൂപീകരണ നടത്തിപ്പ് ചട്ടങ്ങൾ ഇന്നേവരെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ഉള്ളത് കുറേ മാർഗ്ഗരേഖകൾ മാത്രം. ചട്ടങ്ങൾ ഉണ്ടാക്കാൻ അടിയന്തിര നടപടികൾ എടുക്കേണ്ടതാണ്.

വകുപ്പ് 175(3), 175(4), 175(5), 175(6) എന്നിവയിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും അവയുടെ കീഴിൽ ചട്ടങ്ങൾ രൂപീകരിക്കുക അനിവാര്യമാണ്. വിസ്താരഭയത്താൽ ഈ വകുപ്പുകളുടെ ഉള്ളടക്കം ഇവിടെ വിവരിക്കുന്നില്ല. വകുപ്പ് 176, സർക്കാർ നേരിട്ട് 11-ാം പട്ടികയിൽ പറയുന്ന കാര്യങ്ങളിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുവാൻ പഞ്ചായത്തുകളെ നേരിട്ട് ചുമതലപ്പെടുത്തുന്ന പദ്ധതികളെ പറ്റിയാണ് വിവരിക്കുന്നത്. ഇതിന് വ്യവസ്ഥകൾ സർക്കാർ നിശ്ചയിക്കുകയും ആവശ്യമായ തുക ഉദ്യോഗസ്ഥർ മറ്റു സംവിധാനങ്ങൾ എന്നിവ സർക്കാർ ലഭ്യമാക്കുകയും ചെയ്യും. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി ക്രമങ്ങൾ നിശ്ചയിച്ചു കൊണ്ടുള്ള ചട്ടങ്ങൾ അനിവാര്യമത്രേ. കൂടാതെ പദ്ധതി നടത്തിപ്പിന് സർക്കാർ നൽകുന്ന പ്ലാൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനും ചട്ടങ്ങൾ കൂടിയേ തീരൂ. ഇത്തരം ഫണ്ട് ഉൽപ്പാദനക്ഷമമായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനും, സാമൂഹ്യ നീതിക്കായുള്ള പദ്ധതികൾ നടപ്പാക്കുന്നതിലും അതിന് തുക മാറ്റി വയ്ക്കുന്നതിനും ചട്ടങ്ങൾ ആവശ്യമാണ്. സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾക്ക് 60 ശതമാനം തുകയും സാമൂഹിക നീതിക്ക് ഉള്ള പദ്ധതികൾക്ക് 40 ശതമാനവും ഫണ്ട് വിനിയോഗിക്കുക എന്നതാണ് പൊതുവേ അംഗീകരിക്കപ്പെട്ട മാനദണ്ഡം. പദ്ധതിക്കായി സർക്കാർ നൽകിയ തുക വർഷാവസാനം വരെ ചെലവാക്കാതെ ഒടുവിലത്തെ രണ്ടു മൂന്നു മാസത്തിനുള്ളിൽ

ശേഷം 29-ാം പേജിൽ

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട്
സംശയങ്ങളും മറുപടികളും

? ചോദ്യം – മെയിന്റനൻസ് ഫണ്ടിന്റെ 10 ഗഡു അലോട്ട്മെന്റ് കഴിഞ്ഞ വർഷം ലഭിച്ചു. ഇതിൽ രണ്ടു ഗഡു പൂർണ്ണമായും വാട്ടർചാർജിനുവേണ്ടി സ്രോതസ്സിൽ നിന്നു തന്നെ കുറവു ചെയ്തിരുന്നു. ഇതു സാംഖ്യയിൽ അക്കൗണ്ട് ചെയ്തത് താഴെ പറയുന്ന പ്രകാരമാണ്:

1. 8 ഗഡു – വിപിഎഫ്എ III അക്കൗണ്ടിന് ഡെബിറ്റും 320 മെയിന്റനൻസ് ഫണ്ടിന് ക്രെഡിറ്റും നൽകിക്കൊണ്ട് രസീത്.

2. 2 ഗഡു – 220 വാട്ടർ ചാർജിന് ഡെബിറ്റും 320 മെയിന്റനൻസ് ഫണ്ടിന് ക്രെഡിറ്റും നൽകിക്കൊണ്ട് ജേണൽ എൻട്രി. തുടർന്ന് തത്തുല്യമായ തുകയ്ക്കു 320 മെയിന്റനൻസ് ഫണ്ടിന് ഡെബിറ്റും 160 മെയിന്റനൻസ് ഫണ്ടിന് ക്രെഡിറ്റും നൽകിക്കൊണ്ട് അടുത്ത ജേണൽ എൻട്രി. എന്നാൽ ഇവിടെ ഓഡിറ്റ് നടന്നപ്പോൾ ചോദിച്ചത് 10 ഗഡുവിനും രസീത് രേഖപ്പെടുത്താതിരുന്നത് എന്തുകൊണ്ട് എന്നാണ്. മാത്രമല്ല, രസീത് രേഖപ്പെടുത്താത്ത തുകയിൽ നിന്ന് എങ്ങനെ വാട്ടർ ചാർജ് ചെലവ് നിർവഹിക്കാനാകും എന്നും ചോദിച്ചു. ഇതിനുപുറമേ മെയിന്റനൻസ് ഫണ്ടിന്റെ വരവ് റസീറ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും വ്യത്യസ്തമായിരിക്കുകയും ചെയ്യുന്നു. ഈ പ്രശ്നം പരിഹരിക്കാൻ എന്തു ചെയ്യാൻ കഴിയും?

= ഉത്തരം – ചെയ്തതെല്ലാം ശരിയാണ്. അതുകൊണ്ടുതന്നെ ഒരു പ്രശ്നവും പരിഹരിക്കാനായി അവശേഷിക്കുന്നില്ല. താഴെ പറയുന്ന രീതിയിൽ കാര്യങ്ങൾ വിശദീകരിച്ചാൽ മാത്രം മതിയാകും.



1. ഇൻകം, റസീറ്റ് എന്നിവ തമ്മിലും, എക്സ്പെൻഡിച്ചർ, പേയ്മെന്റ് എന്നിവ തമ്മിലുമുള്ള വ്യത്യാസം കൃത്യമായി മനസ്സിലാക്കണം. സിംഗിൾ എൻട്രികാഷ് അടിസ്ഥാനത്തിലുള്ള സമ്പ്രദായത്തിൽ ഇതൊന്നും വളരെ പ്രസക്തമായിരുന്നില്ല. അവിടെ റസീറ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് മാത്രമായിരുന്നു വാർഷിക കണക്ക്. എന്നാൽ അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ മേല്പറഞ്ഞ വ്യത്യാസം വളരെ പ്രധാനമായും മൂന്നു ഭാഗങ്ങളുണ്ട്.

a) ബാലൻസ് ഷീറ്റ്,

b) ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

c) റസീറ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്.

2. 'ഇൻകം' എന്നാൽ തന്നാണ്ടിലേക്ക് ലഭിക്കാൻ അർഹതപ്പെട്ടതും കാഷ് ആയോ ബാങ്കിലേക്കോ ലഭിച്ചിട്ടുള്ളതോ ലഭിച്ചിട്ടില്ലാത്തതോ ആയ 'വരുമാനം'. 'റസീറ്റ്' എന്നാൽ തന്നാണ്ടിൽ കാഷ് ആയോ ബാങ്കിലേക്കോ വന്നു ചേർന്നിട്ടുള്ളതും എന്നാൽ വന്നു ചേർന്നതു മുഴുവൻ അർഹതപ്പെട്ടത് തന്നാണ്ടിലേക്കാണോ, മുൻവർഷങ്ങളിലേക്കാണോ, ഭാവിവർഷങ്ങളിലേക്കാണോ എന്നൊന്നും വേർതിരിച്ചറിയാത്ത 'പണം വരവ്' 'എക്സ്പെൻഡിച്ചർ' എന്നാൽ തന്നാണ്ടിലേക്കു വേണ്ടി ചെയ്യാൻ ബാധ്യതപ്പെട്ടതും എന്നാൽ കാഷ് ആയോ ബാങ്കിൽ നിന്നോ കൊടുത്തുതീർത്തിട്ടുള്ളതോ കൊടുത്തുതീർത്തിട്ടില്ലാത്തതോ 'ചെലവ്' എന്നർത്ഥം. 'പേയ്മെന്റ്' എന്നാൽ തന്നാണ്ടിൽ കാഷ് ആയോ ബാങ്കിൽ നിന്നോ കൊടുത്തുതീർത്തിട്ടുള്ളതും എന്നാൽ കൊടുത്തു തീർത്തതു മുഴുവൻ തന്നാണ്ടിലേക്കു വേണ്ടിയാണോ, മുൻ വർഷങ്ങളിലേക്കു വേണ്ടിയാണോ, ഭാവിവർഷങ്ങളിലേക്കു വേണ്ടിയാണോ എന്നൊന്നും വേർതിരിച്ചറിയാനാവാത്ത 'പണം കൊടുക്കൽ' എന്നർത്ഥം.

3. മേൽപറഞ്ഞ കാരണങ്ങളാൽ തന്നെ ഒരേ കാലഘട്ടത്തിലേക്കുള്ള 'ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും' 'റസീറ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റും' പാടേ വ്യത്യസ്തമായിരിക്കുമെന്ന് പറയേണ്ട കാര്യമില്ലല്ലോ.

4. വി.പി.എഫ് അക്കൗണ്ട് III ലേക്ക് വന്നു ചേർന്ന തുകയ്ക്ക് നാം രസീത് രേഖപ്പെടുത്തി. അർഹതപ്പെട്ടതു വിപിഎഫ് അക്കൗണ്ട് III ലേക്ക് ചേരാത്തതുമായ തുക ജേണൽ എൻട്രി വഴിയും രേഖപ്പെടുത്തി.

5. ഇപ്രകാരം ചെയ്യുന്നതു വഴി യഥാർത്ഥത്തിൽ വി.പി.എഫ്. അക്കൗണ്ട് III ലേക്ക് വന്നു ചേർന്നതും. അതിൽനിന്നു കൊടുത്തുതീർത്തതുമായ തുകകളുടെ കണക്ക് റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും, തന്നാണ്ടിലേക്ക് ലഭിക്കാൻ അർഹതപ്പെട്ട മെയിന്റനൻസ് ഫണ്ട് വരുമാനവും അതിൽ നിന്നും ചെയ്യാൻ ബാദ്ധ്യതപ്പെട്ട ചെലവും 'ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും' വ്യക്തമായി കാണിച്ചിരിക്കുന്നു. ഇതു തന്നെയാണ് ശരി.

? ചോദ്യം – ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയോജിത പ്രോജക്ടുകൾക്കായി അവരുടെ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്തിന് ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ലഭിച്ച തുക തനതുഫണ്ടിനായുള്ള വി.പി.എഫ് I അക്കൗണ്ടിലാണ്/ബാങ്കിലാണ് 2012-13 നിക്ഷേപിച്ചത്. അതുകൊണ്ടു തന്നെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ പ്രാരംഭബാക്കിയിൽ ഈ തുകകൾക്കു തുല്യമായ തുക മൈനസ് ബാലൻസ് ആയി കാണുന്നു. 2013-14 ലെ പ്രാരംഭബാക്കി എഡിറ്റ് ചെയ്ത് ശരിയാക്കാൻ എന്താണ് മാർഗം?



= ഉത്തരം – വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് സംയോജിത പ്രോജക്ടിനായി മറ്റൊരു പഞ്ചായത്തിന് ഡിഡി മുഖേന തുകനൽകിയാൽ ലഭിക്കുന്ന പഞ്ചായത്ത് അത് പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് 12.04.2006 ലെ ജിഒ(പി) 177/2006 ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 11-ാം ഖണ്ഡികയിൽ നിഷ്കർഷിക്കുന്നുണ്ട്. പബ്ലിക് അക്കൗണ്ടിലെ വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് അക്കൗണ്ട് II എന്ന് ആ ഭാഗത്ത് വ്യക്തമായി നിർദ്ദേശിച്ചിട്ടില്ലാത്തതിനാലാണ് തെറ്റിദ്ധാരണ മൂലം തനതു ഫണ്ടിനും ജനറൽ പർപ്പസ് ഫണ്ടിനും വേണ്ടിയുള്ള വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് അക്കൗണ്ട്Iൽ പലരും ഈ തുക നിക്ഷേപിക്കുന്നത്. മറ്റുചിലരാകട്ടെ തനതുഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിലാണ് ഈ തുക നിക്ഷേപിക്കുന്നത്. എന്നാൽ ധനകാര്യവകുപ്പ് വികസന ഫണ്ടിൽ നിന്നുള്ള ചെലവിന്റെ ശതമാനവും ഷോർട്ട് ഫാളും കണക്കാക്കുമ്പോൾ സംയോജിത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൂടെ വികസന ഫണ്ട് വരുമാനമായി കണക്കാക്കും എന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണ്. അതിനാൽ 2013-14 വർഷം മുതലെങ്കിലും എല്ലാ തദ്ദേശ സർക്കാരുകളും തങ്ങൾക്കു സംയോജിത പ്രോജക്ടുകൾക്കായി മറ്റു തദ്ദേശ സർക്കാരുകളിൽ നിന്നു ലഭിച്ച വികസന ഫണ്ട് വിഹിതം വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് II അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇപ്പോൾ തനതുഫണ്ടിനായുള്ള വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് അക്കൗണ്ട് I ലോ ബാങ്കിലോ ആണ് തുക കിടപ്പുള്ളതെങ്കിൽ ആ തുക പിൻവലിച്ച് വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. അതിനു ശേഷം 2012-13ലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ പ്രാരംഭബാക്കി എഡിറ്റ് ചെയ്യാം. ഇതു വഴി 2013-14ലെ പ്രാരംഭബാക്കിയിൽ മാറ്റം വരും. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഒരു തുടർച്ചയായതിനാൽ 2013-14 മുതൽ ഒരു വർഷവും പ്രാരംഭബാക്കി എഡിറ്റ് ചെയ്യാനാവില്ല. ഇപ്പോൾ 2012-13ലെ പ്രാരംഭബാക്കി എഡിറ്റ് ചെയ്യാനുള്ള സൗകര്യം സാംഖ്യയിൽ നിലനിൽക്കുന്നതിനാൽ അത് പ്രയോജനപ്പെടുത്താവുന്നതാണ്.

? ചോദ്യം – വികസനഫണ്ടിൽ നിന്ന് 2012-13ൽ പിൻവലിച്ച തുക 2013-14 ൽ തിരിച്ചടയ്ക്കുമ്പോൾ 3604-00-911-99 ROP എന്ന ഹെഡ് ഓഫ് അക്കൗണ്ട് ആണല്ലോ ചലാനിൽ എഴുതേണ്ടത്. എന്നാൽ ഇപ്രകാരം എഴുതിക്കൊടുത്ത ചാലാൻ സബ്ട്രഷറി സ്വീകരിക്കുന്നില്ല. എന്തുചെയ്യാൻ കഴിയും?

= ഉത്തരം – ഇപ്രകാരം തന്നെയാണ് ചെയ്യേണ്ടതെന്ന കാര്യം 12.04.2006 ലെ ജി.ഒ(പി) 177/2006/ഫിൻ നമ്പർ ഉത്തരവിന്റെ 10.2-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന കാര്യം സബ് ട്രഷറി ഓഫീസറുടെ ശ്രദ്ധയിൽ പെടുത്തുക. പ്രശ്നം അതു വഴി പരിഹരിക്കപ്പെടും. ഇല്ലെങ്കിൽ ട്രഷറി ഡയറക്ടറുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരിക.

? ചോദ്യം – ബ്ലോക്ക് പഞ്ചായത്തുകളിൽ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്കുള്ള ചെക്ക് എഴുതുന്നതും അത് സാംഖ്യയിൽ രേഖപ്പെടുത്തുന്നതും ഭാരിച്ച ജോലിയായിത്തീർന്നിരിക്കുന്നു. കാരണം ഓരോ ഗുണഭോക്താവും വന്നു മുന്നിൽ നില്ക്കുമ്പോൾ അദ്ദേഹത്തിന് 'അക്കൗണ്ട് പേയി' ചെക്ക് എഴുതിക്കൊടുക്കണം. തുടർന്ന് ഓരോ ചെക്ക് ആയി സാംഖ്യയിൽ രേഖപ്പെടുത്തണം. ഈ ജോലി ലഘൂകരിക്കാനെന്താണ് വഴി?

= ഉത്തരം – പുതുതായി കൈവന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാൽ ഗുണഭോക്താക്കൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഒരു പോലെ പ്രയോജനകരമായിരിക്കും. ഓരോ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താവിനും ഓരോ ബാങ്ക് അക്കൗണ്ട് ഉണ്ട്. ദേശസാൽകൃത ബങ്കിലോ സഹകരണ ബാങ്കിലോ ആയിരിക്കും അക്കൗണ്ട്. ഗുണഭോക്താക്കൾക്കുള്ള ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സമ്പ്രദായം ഗ്രാമപഞ്ചായത്തുകളിലെ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കും സാമൂഹ്യ സുരക്ഷാ പെൻഷനും വേണ്ടി നിലവിൽ വന്നു കഴിഞ്ഞിരിക്കുന്നു. ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഇന്ദിരാ ആവാസ് യോജന തുക നിക്ഷേപിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്താൽ ഈ സമ്പ്രദായം നടപ്പാക്കാം.

'ഇൻകം' എന്നാൽ തന്നാണ്ടിലേക്ക് ലഭിക്കാൻ അർഹതപ്പെട്ടതും കാഷ് ആയോ ബാങ്കിലേക്കോ ലഭിച്ചിട്ടുള്ളതോ ലഭിച്ചിട്ടില്ലാത്തതോ ആയ 'വരുമാനം'.

a) ബാലൻസ് ഷീറ്റ്

b) ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

c) റസീറ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

ഒരു ദിവസം ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ച സ്റ്റേജ് സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ പിറ്റേന്നു തന്നെ പണം എത്തിച്ചേരും. ബ്ലോക്ക് പഞ്ചായത്തിലേക്ക് യാത്ര ചെയ്ത് ചെക്കിനുവേണ്ടി കാത്തു നില്ക്കേണ്ട ദുരിതത്തിൽ നിന്ന് ഗുണഭോക്താക്കൾ ഇതുവഴി മോചിതരാകും. എണ്ണമറ്റ ചെക്കുകളെഴുതി അവക്കോരോന്നിനും പേയ്മെന്റ് ഓർഡർ സാംഖ്യയിൽ രേഖപ്പെടുത്തേണ്ട ജോലിഭാരത്തിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരും രക്ഷപ്പെടും.

ഒരു ദിവസം ലഭിച്ച സ്റ്റേജ് സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ പിറ്റേന്ന് ഉച്ചയ്ക്ക് രണ്ടുമണിക്കകം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിക്കുമെന്നു തീരുമാനിക്കുക. ഈ തീരുമാനം ഗുണഭോക്താക്കളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുക. ഇതിനായി ഒരു ദിവസം ലഭിച്ച സ്റ്റേജ് സർട്ടിഫിക്കറ്റുകൾ മുഴുവൻ ഉൾപ്പെടുത്തി ഒരൊറ്റ പ്രൊസീഡിംഗ്സ് തയ്യാറാക്കുക. ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ അക്കൗണ്ട് ഉള്ളവർക്കെല്ലാം ചേർത്ത് ഒരു ബില്ലും, ഓരോ സഹകരണ ബാങ്കിലും അക്കൗണ്ടുള്ളവർക്ക് ഓരോ ബില്ലും തയ്യാറാക്കുക (ഓരോ പേയ്മെന്റ് നടത്തുന്നതിനും ഓരോ ബിൽ വേണമെന്ന് നിർബന്ധമാണ്. ഓരോ ഗുണഭോക്താവിന്റെയും പേരിൽ ചെക്ക് എഴുതിയാണ് പേയ്മെന്റ് നടത്തുന്നതെങ്കിൽ അത്രയും ബില്ലുകളും തയ്യാറാക്കേണ്ടിവരും. എന്നാൽ ഇവിടെ നിർദേശിച്ച രീതിയിൽ ചെയ്താൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾക്കെല്ലാം കൂടി ഒരു ബില്ലും, ഓരോ സഹകരണ ബാങ്കിന് ഓരോ ബില്ലും തയ്യാറാക്കിയാൽ മതി.)

തയ്യാറാക്കിയ ഓരോ ബില്ലിനും സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തി സെക്രട്ടറിയുടെ പാസ് ഓർഡറും പ്രസിഡന്റിന്റെ ഓതറൈസേഷനും നേടുക. തുടർന്ന് ഓരോ ബില്ലിനും ഓരോ ചെക്ക് എഴുതി സാംഖ്യയിൽ പേയ്മെന്റ് രേഖപ്പെടുത്തുക. ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിലെ മൊത്തം ഉപഭോക്താക്കൾക്കുള്ള തുകയ്ക്കുള്ള ചെക്ക് ഇന്ദിരാ ആവാസ് യോജന തുക നിക്ഷേപിച്ച ബാങ്ക് മാനേജർക്കാണ് നൽകേണ്ടത്. NEFT വഴി അത് ഗുണഭോക്താവിനു ലഭിക്കും. ഓരോ സഹകരണ ബാങ്കിലേയും മൊത്തം ഗുണഭോക്താക്കൾക്കുള്ള ചെക്ക് അതത് സഹകരണ ബാങ്ക് മാനേജർക്കും നൽകണം. ഗുണഭോക്താക്കളുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പരും ഉൾപ്പെടുന്ന പ്രൊസീഡിംഗ്സ് കൂടെ ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകുകയും ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ പണം നിക്ഷേപിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുക. ഒരു ദിവസം ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ച സ്റ്റേജ് സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ പിറ്റേന്നു തന്നെ പണം എത്തിച്ചേരും. ബ്ലോക്ക് പഞ്ചായത്തിലേക്ക് യാത്ര ചെയ്ത് ചെക്കിനുവേണ്ടി കാത്തു നില്ക്കേണ്ട ദുരിതത്തിൽ നിന്ന് ഗുണഭോക്താക്കൾ ഇതുവഴി മോചിതരാകും. എണ്ണമറ്റ ചെക്കുകളെഴുതി അവക്കോരോന്നിനും പേയ്മെന്റ് ഓർഡർ സാംഖ്യയിൽ രേഖപ്പെടുത്തേണ്ട ജോലിഭാരത്തിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരും രക്ഷപ്പെടും. ഓരോ ഗുണഭോക്താവിന്റേയും പേരിലുള്ള ബില്ലും ചെക്കും ഒപ്പിടുന്നതിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മോചിതനാകും. ഓരോ ഗുണഭോക്താവിന്റേയും പേരിൽ തയ്യാറാക്കിയ നിരവധി ബില്ലുകളിൽ ഓതറൈസേഷൻ ഒപ്പിടേണ്ട ജോലിഭാരം പ്രഡിഡന്റിനും ഒഴിവാക്കിയിട്ടും ഇക്കാര്യം നടപ്പാക്കാൻ ഒരു പുതിയ സർക്കാർ ഉത്തരവിന്റെ ആവശ്യമില്ല. കാരണം നിലവിലുള്ള ചട്ടങ്ങളിലും ഉത്തരവുകളിലും അനുവദിച്ചു കഴിഞ്ഞ കാര്യങ്ങൾ മാത്രമേ ചെയ്യുന്നുള്ളൂ. അതിനാൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തുകഴിഞ്ഞാൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഈ രീതി നടപ്പാക്കാൻ കഴിയും.

? ചോദ്യം – ഇന്ദിരാ ആവാസ് യോജനയ്ക്കുള്ള ചെക്കുകൾ ഗുണഭോക്താക്കളുടെ പേരിൽ എഴുതുന്നതിനു വേണ്ടി ഞങ്ങളുടെ ബ്ലോക്ക് പഞ്ചായത്തിൽ ബിൽ ഒന്നും തന്നെ തയ്യാറാക്കുന്നില്ല. പ്രസിഡന്റ് ഓതറൈസേഷൻ രേഖപ്പെടുത്തുന്നുമില്ല. അപ്പോൾ പിന്നെ നിരവധി ബില്ലുകൾ തയ്യാറാക്കുക, അവയിലെല്ലാം പാസ് ഓർഡർ സെക്രട്ടറി ഒപ്പിടുക അവയെല്ലാം ഓതറൈസ് ചെയ്യുന്നതിനു വേണ്ടി പ്രസിഡന്റ് ഒപ്പിടുക എന്നീ ജോലികളൊന്നും ഞങ്ങളുടെ ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല. അപ്പോൾ പിന്നെ ഞങ്ങൾക്ക് എന്ത് ജോലിഭാരമാണ് മേൽപറഞ്ഞ നിർദേശം വഴി കുറഞ്ഞു കിട്ടുന്നത്?

= ഉത്തരം – ചോദ്യം ഗംഭീരമായി "ഓരോ പോയ്മെന്റും പ്രസിഡന്റ് അധികൃതമാക്കണം എന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 156-ാം വകുപ്പ് ഞങ്ങൾ അനുസരിക്കുന്നില്ല; ഓരോ പേയ്മെന്റിനും ഒരു ബിൽ വേണം എന്ന അക്കൗണ്ടിംഗ് ചട്ടവും അനുസരിക്കുന്നില്ല; അതിനാൽ ഞങ്ങൾക്ക് ഇപ്പോൾ തന്നെ ജോലിഭാരം കുറവാണ് എന്നാണല്ലോ ചോദ്യത്തിൽ സൂചിപ്പിക്കുന്നത്. നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും അനുസരിക്കാനുള്ളതാണ്, ലംഘിക്കാനുള്ളതല്ല എന്നു മാത്രം ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

■

പെൻ കൾചർ നൂതനമായ മത്സ്യകൃഷി

"........... കൈകുമ്പിൾ കാട്ടിയാൽ പോലും കൈ നിറയെ മീൻ കിട്ടുന്ന സംവിധാനം..........."

കേരളത്തിന്റെ കാലാവസ്ഥക്ക് അനുയോജ്യമായ മത്സ്യകൃഷി രീതിയാണ് പെൻകൾചർ എന്നും മത്സ്യകൃഷിയിൽ താൽപ്പര്യമുള്ള സ്വന്തമായി കൃഷിഭൂമിയില്ലാത്ത കർഷകർക്ക് അവരുടെ ഗ്രാമപഞ്ചായത്തിന്റെ അനുവാദത്തോടെ പുഴയോരങ്ങൾ/കായലോരങ്ങൾ പാട്ടത്തിനെടുത്ത് പെൻകൾച്ചർ മത്സ്യകൃഷി നടപ്പിലാക്കാൻ സാധിക്കുന്നതാണെന്നും ജയന്തി റ്റി.റ്റി. അഭിപ്രായപ്പെട്ടു.

സമുദ്രത്തിലും, കായലുകളിലും, പുഴകളിലും കുളങ്ങളിലും ഇന്ന് മത്സ്യത്തിന്റെ ലഭ്യത പരിതാപകരമായ വിധത്തിൽ കുറഞ്ഞ് വരുകയാണ്. മത്സ്യത്തിനുള്ള ആവശ്യം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഭക്ഷ്യയോഗ്യമായ മത്സ്യങ്ങൾക്ക് വില കുതിച്ച് കയറിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയിൽ ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റ് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുമായി ചേർന്ന് നൂതനമായ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിന് കേരള ഫിഷറീസ് വകുപ്പ് ഇതിനോടകം നടപടികൾ സ്വീകരിച്ച് കഴിഞ്ഞു.

ഗ്രാമീണ മേഖലകളിൽ ഉൾനാടൻ പരമ്പരാഗത മത്സ്യകർഷകർക്ക് വിവധങ്ങളായ മത്സ്യ കൃഷി രീതികൾ പരിചയപ്പെടുത്തുകയും ആയതിന് വേണ്ടിയുള്ള പരിശീലനവും സാമ്പത്തിക സഹായവും പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള മത്സ്യഭവനുകൾ വഴി നടപ്പിലാക്കി വരുന്നു. സാധാരണയായി കേരളത്തിലെ ഉൾനാടൻ മത്സ്യകൃഷി രംഗത്ത് അനുവർത്തിച്ച് പോരുന്ന രീതികൾ കൂട് കൃഷി, കെട്ട്കളിലെ ചെമ്മീൻ കൃഷി, നെല്ലും മീനും കൃഷി (പൊക്കാളി പാടങ്ങളിൽ), കുളങ്ങളിലെ മത്സ്യകൃഷി തുടങ്ങിയവ ആകുന്നു. എന്നാൽ കേരളത്തിൽ ആദ്യമായി കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പ് അതി നൂതനവും ഫലപ്രദവുമായ 'പെൻകൾചർ' മത്സ്യകൃഷി രീതി നടപ്പിലാക്കിക്കഴിഞ്ഞു. കേരള ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസിയും കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും ഒത്ത് ചേർന്നാണ് പെൻകൾച്ചർ മത്സ്യകൃഷി നടപ്പിലാക്കിയത്.

പെൻകൾച്ചർ മത്സ്യകൃഷി നടപ്പിലാക്കുന്നതിനുള്ള ആശയം മുന്നോട്ട് വച്ചത് കോഴിക്കോട് ഫിഷറീസ് വകുപ്പിൽ അക്വകൾച്ചർ എക്സ്പെർട്ട് ആയ ജയന്തി റ്റി.റ്റി. ആയിരുന്നു. പ്രസ്തുത പ്രോജക്ടിലെ അനന്ത സാധ്യതകൾ തിരിച്ചറിഞ്ഞ കോഴിക്കോട് ഫിഷറീസ് വകുപ്പും ഫിഷ്ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസിയുടെ ഭരണ സമിതിയും നിർവ്വഹണ അനുമതി നൽകുകയുണ്ടായി.

'പെൻ' എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം വളപ്പ് അഥവാ വേലി എന്നാണ്. ഉചിതമായ സ്ഥലം കണ്ടെത്തുക എന്നതാണ് ആദ്യപ്രവർത്തനം. കരയോട് ചേർന്ന് പരമാവധി ഒഴുക്ക് കുറഞ്ഞ് ജലം സമൃദ്ധമായി ലഭിക്കുന്ന ഭാഗങ്ങളാണ് പെൻകൾചറിനായി തിരഞ്ഞെടുക്കേണ്ടത്. കരയോട് ചേർന്ന പുഴയുടെയൊ കായലിന്റെയൊ അടിത്തട്ടിൽ നിന്നും നീളമുള്ള വേലികമ്പുകൾ ജലപ്പരപ്പിന്റെ മുകളിൽ ഒന്നര മീറ്ററോളമെങ്കിലും ഉയരത്തിൽ എത്തുന്ന വിധത്തിൽ സ്ഥാപിക്കേണ്ടതാണ്.

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ, അത്തോളി, ചേമഞ്ചേരി, കക്കോടി, ചേളന്നൂർ, തലക്കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന അകലാപ്പുഴ, കോരപ്പുഴ, തോരായിപ്പുഴ, കക്കോടിപ്പുഴ തുടങ്ങിയ പുഴകളിലാണ് ആദ്യമായി പെൻകൾച്ചർ പദ്ധതി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ആ പ്രദേശങ്ങളിലൂടെ ഒഴുകുന്ന പുഴയുടെ ഭാഗങ്ങൾ പാട്ടത്തിനെടുത്താണ് പദ്ധതി നടപ്പിലാക്കിയത്.

ആദ്യഘട്ടം

'പെൻ' എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം വളപ്പ് അഥവാ വേലി എന്നാണ്. ഉചിതമായ സ്ഥലം കണ്ടെത്തുക എന്നതാണ് ആദ്യപ്രവർത്തനം. കരയോട് ചേർന്ന് പരമാവധി ഒഴുക്ക് കുറഞ്ഞ് ജലം സമൃദ്ധമായി ലഭിക്കുന്ന ഭാഗങ്ങളാണ് പെൻകൾചറിനായി തിരഞ്ഞെടുക്കേണ്ടത്. കരയോട് ചേർന്ന പുഴയുടെയൊ കായലിന്റെയൊ അടിത്തട്ടിൽ നിന്നും നീളമുള്ള വേലികമ്പുകൾ ജലപ്പരപ്പിന്റെ മുകളിൽ ഒന്നര മീറ്ററോളമെങ്കിലും ഉയരത്തിൽ എത്തുന്ന വിധത്തിൽ സ്ഥാപിക്കേണ്ടതാണ്. വേലികമ്പുകൾ പ്രധാനമായും മുളകൾ, കമുകിൻ പാളികൾ, തെങ്ങിൻ തടികൾ, കാറ്റാടികമ്പുകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. പെൻ കൾചർ നടത്തുന്നതിന് ഉദ്ദേശിക്കുന്ന ജലാശയത്തിൽ 2500m^2 ൽ കുറയാത്ത വിസ്തൃതിയിൽ ചതുരാകൃതിയിൽ വേലി നിർമ്മാണം നടത്തേണ്ടതാണ്.

രണ്ടാം ഘട്ടം – തിരഞ്ഞെടുക്കപ്പെട്ട ജലാശയത്തിൽ സ്ഥാപിച്ചിരിക്കുന്ന വേലിയുടെ അടിത്തട്ട് മുതൽ ജലനിരപ്പിന് മുകളിൽ ഒന്നര മീറ്ററോളം ഉയരം വരെ ചെറിയ കണ്ണികളുള്ള നൈലോണൊ, ഫൈബറോ കൊണ്ട് നിർമ്മിതമായ വലകളാൽ വേലിയുടെ പുറം ഭാഗം മറച്ച് നിർമ്മാണം നടത്തേണ്ടതാണ്. വല സ്ഥാപിക്കുമ്പോൾ വലയുടെ കീഴെതട്ട് ചെളികൊണ്ട് ഉറപ്പിക്കേണ്ടതാണ്. ഇപ്രകാരം 'പെൻ' അഥവാ വേലി നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞ പ്രദേശം ജലം ഉള്ളിൽ നിറഞ്ഞ ഒരു വളപ്പ് പോലെ കാണപ്പെടും. ഈ കാരണം കൊണ്ടാണ് ഇത്തരം മത്സ്യകൃഷി രീതിയെ 'പെൻകൾചർ' അഥവാ വളപ്പിലെ മത്സ്യകൃഷി എന്ന് നാമകരണം ചെയ്തിരിക്കുന്നത്. (വളപ്പിന്റെ ഉള്ളിൽ ഒരു കാവൽ മാടം നിർമ്മിക്കുന്നത് മത്സ്യത്തിന് തീറ്റ നൽകുന്നതിനും വളർച്ച പൂർണ്ണമാകുന്ന മുറക്ക് മത്സ്യബന്ധനം നടത്തുന്നതിനും സഹായകരമാണ്)

മൂന്നാം ഘട്ടം – നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞ 'പെൻ' അഥവാ വളപ്പിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതാണ് മൂന്നാം ഘട്ടം. ഈ പദ്ധതി പ്രകാരം നിക്ഷേപിച്ചത് കേരള സംസ്ഥാന മത്സ്യമായ കരിമീൻ കുഞ്ഞുങ്ങളെയാണ്.

പെൻകൾച്ചർ നടപ്പിലാക്കിയ പ്രദേശങ്ങളിൽ നഞ്ച്കലക്കൽ, തോട്ടപൊട്ടിക്കൽ, നീരിലിറക്കൽ, മണൽവാരൽ തുടങ്ങിയ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ നിലച്ചിട്ടുണ്ട്' എന്ന് അത്തോളി ഗ്രാമപഞ്ചായത്തിലെ അക്വകൾച്ചർ കോ–ഓർഡിനേറ്റർ എൻ.കെ ഗോപിനാഥ് പറഞ്ഞു.

നാലാം ഘട്ടം – വളർച്ച പൂർത്തിയാകുന്ന മുറക്ക് മത്സ്യ ബന്ധനം നടത്തുന്നതാണ് ഈ ഘട്ടം. മത്സ്യബന്ധനത്തിനായി കോരുവലയൊ വീശ്വലയൊ ഉപയോഗിക്കാവുന്നതാണ്. 'കൈകുമ്പിൾ കാട്ടിയാൽ പോലും കൈനിറയെ മീൻ കിട്ടുന്ന സംവിധാനമാണ് പെൻ കൾച്ചർ' എന്ന് കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ മത്സ്യ കർഷകനായ നാരായണൻ അഭിപ്രായപ്പെട്ടു.

'പെൻകൾച്ചർ നടപ്പിലാക്കിയ പ്രദേശങ്ങളിൽ നഞ്ച്കലക്കൽ, തോട്ടപൊട്ടിക്കൽ, നീരിലിറക്കൽ, മണൽവാരൽ തുടങ്ങിയ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ നിലച്ചിട്ടുണ്ട്' എന്ന് അത്തോളി ഗ്രാമപഞ്ചായത്തിലെ അക്വകൾച്ചർ കോ-ഓർഡിനേറ്റർ എൻ.കെ ഗോപിനാഥ് പറഞ്ഞു.

പെൻകൾച്ചർ മത്സ്യ കൃഷിക്ക് ചില പ്രത്യേകതകൾ ഉള്ളതായി ജയന്തി പറഞ്ഞു.

1. മറ്റ് കൃഷിരീതികളെ അപേക്ഷിച്ച് പെൻകൾച്ചർ മുഖാന്തിരമുള്ള കൃഷിരീതിയിൽ വളർത്തപ്പെടുന്ന മത്സ്യങ്ങളുടെ അതിജീവന ശതമാനം കൂടുതലാണ്.
2. വളപ്പിനുള്ളിൽ പോഷക സമ്പുഷ്ടമായ ആഹാരം ലഭ്യമാകുന്നതിനാൽ അവയുടെ വളർച്ചയും ത്വരിതഗതിയിലായിരിക്കും.
3. മത്സ്യങ്ങളുടെ പ്രജനനത്തിന് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നു.
4. വീണ്ടും മത്സ്യ കൃഷിക്കായി കുഞ്ഞുങ്ങളെ നിക്ഷേപിക്കേണ്ടതില്ല.
5. ജലാശയങ്ങളിൽ തന്നെ വളരുന്നതിനാൽ രുചിക്ക് വ്യത്യാസങ്ങൾ ഉണ്ടാകുന്നില്ല.

കേരളത്തിന്റെ കാലാവസ്ഥക്ക് അനുയോജ്യമായ മത്സ്യ കൃഷി രീതിയാണ് പെൻകൾച്ചർ എന്നും മത്സ്യകൃഷിയിൽ താൽപ്പര്യമുള്ള സ്വന്തമായി കൃഷിഭൂമിയില്ലാത്ത കർഷകർക്ക് അവരുടെ ഗ്രാമപഞ്ചായത്തിന്റെ അനുവാദത്തോടെ പുഴയോരങ്ങൾ/കായലോരങ്ങൾ പാട്ടത്തിനെടുത്ത് പെൻകൾച്ചർ മത്സ്യകൃഷി നടപ്പിലാക്കാൻ സാധിക്കുന്നതാണെന്നും ജയന്തി റ്റി.റ്റി. അഭിപ്രായപ്പെട്ടു.

നല്ല കെട്ടുറപ്പോടെ നിർമ്മിക്കുന്ന വളപ്പാണെങ്കിൽ മൂന്ന് വർഷം വരെ കേടുപാടുകൾ കൂടാതെ വളപ്പ് അഥവാ പെൻ നിലനിൽക്കുന്നതാണ്. ലോക രാജ്യങ്ങളായ അമേരിക്ക, ജപ്പാൻ, തായിലന്റ്, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം പെൻകൾച്ചർ വൻ വിജയങ്ങൾ കൈവരിച്ച് കഴിഞ്ഞു. ഇന്ത്യയിലെ ആസ്സാം പോലുള്ള സംസ്ഥാനങ്ങൾ ഇതിനോടകം പെൻകൾച്ചർ നടപ്പിലാക്കി കഴിഞ്ഞു.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കോഴിക്കോട് ഫിഷ് ഫാർമേഴ്സ് ഡവലപ്മെന്റ് ഏജൻസിയുടെ ഭരണ സമിതി അദ്ധ്യക്ഷയുമായ കാനത്തിൽ ജമീല പെൻകൾച്ചർ പദ്ധതിക്ക് നിർലോഭമായ സഹകരണവും പിൻതുണയും നൽകിയിരുന്നതായും കോഴിക്കോട് ജില്ലയിലെ കീഴരിയൂർ, അത്തോളി, ചേമഞ്ചേരി, കക്കോടി, ചേളന്നൂർ, തലകുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്മാരും ഭരണസമിതികളും അനുകൂലവും സഹായകരവുമായ നിലപാടുകൾ സ്വീകരിച്ചിരുന്നതായും കോഴിക്കോട് ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അഹമ്മദ് കുട്ടിയുടെ ഭരണപരമായ സഹകരണവുമാണ് തനിക്ക് പെൻകൾച്ചർ പദ്ധതി കേരളത്തിൽ ആദ്യമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് സഹായകരമായത് എന്ന് അക്വകൾച്ചർ എക്സ്പേർട്ട് ജയന്തി റ്റി.റ്റി പറഞ്ഞു. ■

റിപ്പോർട്ട്: ബിന്ദുരാജ്.എം.എ.

പേജ് 22-ന്റെ തുടർച്ച

പ്രയോജനപ്രദമല്ലാത്ത കാര്യങ്ങൾക്ക് വെറുതെ ചെലവാക്കി തീർക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതിനു കാരണം പദ്ധതി ഫണ്ട് മാനേജ്മെന്റിന് ചട്ടങ്ങളും സംവിധാനങ്ങളും ഇല്ലാതെ പോയതാണ്. ഈ വർഷം തന്നെ ഇതുവരെ 25 ശതമാനം മാത്രമേ ചെലവായിട്ടുള്ളു എന്ന് സംസ്ഥാന പ്ലാനിംഗ് ബോർഡ് കണ്ടെത്തിയിരിക്കുന്നു. ഈ പ്രശ്നത്തിന് ഒരു പരിഹാരം സർക്കാർ കണ്ടുപിടിക്കുകയും ഇത് ഒഴിവാക്കുന്നതിലേക്ക് ചട്ടങ്ങളിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും വേണം.

മേൽപറഞ്ഞ സാഹചര്യങ്ങളിലാണ് **ഭരണഘടനാ ഭേദഗതികളിലൂടെ സാധ്യമാക്കിയ അധികാര വികേന്ദ്രീകരണം വിജയകരമായി നടപ്പാക്കുന്നതിനും വികേന്ദ്രീകൃത ആസൂത്രണം അടിസ്ഥാനമാക്കിയുള്ള സ്ഥാപനവൽക്കരണവും സാധ്യമാക്കത്തക്ക രീതിയിൽ ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കിയേതീരൂ എന്ന ഒരു തിരിച്ചറിവ് നമുക്ക് ആവശ്യമാണെന്ന് ഊന്നിപ്പറയുന്നത്.**

അധികാര വികേന്ദ്രീകരണം ശക്തമായി നടപ്പാക്കുന്നതിന് 1992-ലെ 73-ം 74-ം ഭരണഘടനാ ഭേദഗതികളിൽ മുന്നോട്ട് വച്ച മറ്റൊരു നിർദേശം. അനുഛേദം 243 H 243 W എന്നിവയിലാണ്. നികുതി ഡ്യൂട്ടി, ടോൾ ഫീസ് എന്നിവ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കത്തക്ക വിധം സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തണമെന്നാണ് ഈ നിർദ്ദേശം. ഇതനുസരിച്ച് ഒരു വസ്തു നികുതി, ഒരു തൊഴിൽ നികുതി, ഒരു പരസ്യ നികുതി, ഒരു വിനോദ നികുതി എന്നിവ ചുമത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ നികുതികൾ ഭരണഘടനാ ഭേദഗതികൾക്ക് മുമ്പ് തന്നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഉണ്ടായിരുന്നവയാണ്. ഭരണ ഘടനാ ഭേദഗതികൾ ലക്ഷ്യം വച്ചത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ ഒഴുകി എത്തി അവയെ സമ്പന്നമാക്കുന്നതിന് പുതിയ സ്രോതസ്സുകളും, ശക്തമായ നടപടിക്രമങ്ങളും പുതിയ നിയമനിർമ്മാണത്തിലൂടെ ലഭ്യമാക്കുന്നതിലേക്കാണ്. മുകളിൽ പറഞ്ഞ നാലു നികുതികളിൽ വസ്തു നികുതിയുടെ കാര്യത്തിൽ മാത്രമാണ് ഒരു വിധം മെച്ചപ്പെട്ട നിയമ നിർമ്മാണം 2012-ലെ ഓർഡിനൻസ് മുഖേന ലഭ്യമായത്. മറ്റു മൂന്നു **നികുതികളുടെ കാര്യത്തിൽ നിലവിലുള്ള നിയമം പര്യാപ്തമാണെന്ന് പറയാൻ നിവൃത്തിയില്ല. ഭരണഘടനയിലെ അനുഛേദം 265-ൽ പറയുന്നത് നിയമാനുസൃതമല്ലാതെ യാതൊരു നികുതിയും പിരിക്കാവുന്നതല്ല എന്നത്രേ.** നിയമാനുസൃതമല്ലാതെ എന്നാൽ നിയമസഭ പാസാക്കിയ ഒരു നിയമപ്രകാരമല്ലാതെ എന്നാണ് അർത്ഥം. എന്നാൽ പഞ്ചായത്തു നികുതികളുടെ കാര്യത്തിൽ നികുതി നിരക്ക് നിയമപ്രകാരമല്ല; പ്രത്യുത ചട്ടപ്രകാരവും വിജ്ഞാപന പ്രകാരവുമാണ് നിശ്ചയിക്കുന്നത്. ഇത് ശരിയല്ല. **നിയമപ്രകാരം തന്നെ നികുതി നിർണ്ണയം നടത്തേണ്ടതാണ്.** വിനോദ നികുതിയുടെ കാര്യത്തിലാണെങ്കിൽ സർക്കാർ ഉത്തരവ് പ്രകാരമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ഇത് നിയമ വിരുദ്ധവുമാണ്. വിനോദ നികുതിയുടെ കാര്യത്തിൽ യുക്തിക്കും ബുദ്ധിക്കും ചേരാത്തവിധമാണ് നിരക്കുകൾ സർക്കാർ ഉത്തരവു പ്രകാരം നിശ്ചയിച്ചിരിക്കുന്നത്. പരസ്യ നികുതിയുടെ കാര്യത്തിലും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിയമപ്രകാരം നിർണ്ണയിക്കേണ്ടിയിരിക്കുന്നു. പൊതുവേ നികുതികളുടെ കാര്യത്തിൽ നിയമ നിർമ്മാണം തന്നെ അനുപേക്ഷണീയമാണ്. ഈ സാഹചര്യത്തിൽ **ഭരണഘടനാ ഭേദഗതി അനുഛേദം 243 H, W എന്നിവ അനുസരിച്ച് നികുതികളുടേയും ഫീസുകളുടേയും സെസ്സുകളുടേയും ടോളുകളുടേയും കാര്യത്തിൽ പുതിയ നിയമ നിർമ്മാണം അനിവാര്യമത്രേ. അപ്പോൾ മാത്രമേ അധികാര വികേന്ദ്രീകരണം അർത്ഥവത്താക്കുന്നതിലേക്ക് പഞ്ചായത്ത് ഫണ്ടുകൾ സമ്പന്നമാവുകയും അധികാര വികേന്ദ്രീകരണത്തിന്റെ ഫലം സമൂഹത്തിന് ലഭ്യമാവുകയും ചെയ്യുകയുള്ളു.**

നികുതി ഡ്യൂട്ടി, ടോൾ ഫീസ് എന്നിവ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കത്തക്ക വിധം സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തണമെന്നാണ് ഈ നിർദ്ദേശം. ഇതനുസരിച്ച് ഒരു വസ്തു നികുതി, ഒരു തൊഴിൽ നികുതി, ഒരു പരസ്യ നികുതി ഒരു വിനോദ നികുതി എന്നിവ ചുമത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തിയിട്ടുണ്ട്.

അതിനാൽ മേൽ വിവരിച്ച സാഹചര്യങ്ങളിൽ **അധികാര വികേന്ദ്രീകരണം പൂർണ്ണ തോതിൽ നടപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനം മുഖം തിരിച്ച് അഥവാ പുറം തിരിഞ്ഞ് നിൽക്കുന്നു എന്നുള്ള ആരോപണം തള്ളിക്കളയാനാവില്ല. ഈ ആരോപണം അംഗീകരിച്ചു കൊണ്ട് നിയമങ്ങളും ചട്ടങ്ങളും പൂർണ്ണതോതിൽ ഉണ്ടാക്കാതെ ലക്ഷ്യത്തിലെത്താൻ കഴിയില്ല എന്ന ഒരു തിരിച്ചറിവ് ഉണ്ടായേ തീരൂ.**

വാൽകഷ്ണം;

ശിഷ്യൻ: - ആശാനെ ! പ്ലാൻ ഫണ്ട് ചെലവ് ഇത് വരെ 20 ശതമാനം എത്തിയിട്ടേയുള്ളു. ഡിസംബർ മാസം എത്തിപ്പോയ്, ഇനി മൂന്ന് മാസം കൊണ്ട് എന്ത് ചെയ്യും ?

ആശാൻ: - നീയ് പെടെക്കാതെ നില്ല് മോനെ, വഴി ഞങ്ങൾ കണ്ട് വച്ചിട്ടുണ്ട്.

ഇലക്ട്രിസിറ്റി ബോർഡ് - ഡെപ്പോസിറ്റ് വർക്ക് ഒരു മുപ്പത് ശതമാനം,

വാട്ടർ അതോറിറ്റി-ഒരു മുപ്പത് ശതമാനം, ഹൗസിങ്ങ് ബോർഡ് ഒരു ഇരുപത് ശതമാനം, തീർന്നില്ലേ നിന്റെ പ്ലാൻ ഫണ്ട്.

ശിഷ്യൻ:-ചുമ്മാതല്ല ആശാനെ,നിങ്ങളെ ആശാനെ ആശാനെ എന്ന് എല്ലാവരും വിളിക്കുന്നത്. എന്റെ ആശാനെ !!!

ആശാൻ:- തടി കണ്ടിട്ട് മൂത്താശാരി പേടിക്കുമോടേയ് !

- പിന്നല്ലാതെ ! ■

ലേഖകൻ സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.

എം. എ സുധീർ ബാബു, പട്ടാമ്പി

കാഴ്ച്ചക്കുലകളാവുന്ന ചെങ്ങാലിക്കോടൻ

മണ്ണ് കൂട്ടി വെണ്ണീറിട്ട് (ചാരം), മുക്കാൽക്കെട്ട് പച്ചിലതോലും, ചേർക്കലാണ് ആദ്യപ്പടി. ഓരോ വാഴയ്ക്കും ഒരു കുട്ട ചാണകമിടണം. ഇതിനുമേലെ, കുമ്മായം ചേർക്കണം. മണ്ണ് , കൊത്തിയിളക്കി ഒരിക്കൽ കൂടി ചാരം ചേർക്കണം. ഓണം, നേരത്തെയെങ്കിൽ, വൃശ്ചികം മുതൽ നനച്ചു തുടങ്ങണം. വൈകിയാണെങ്കിൽ, ധനുമാസം മുതൽ നന മതി.

ഓണത്തിന്, തൃശ്ശൂർ ജില്ലക്കാർക്ക്, പ്രത്യേകിച്ച് തലപ്പിള്ളി താലൂക്കിലെ കർഷകർക്ക് നല്ല മോഹവില കിട്ടുന്ന സൗന്ദര്യ കുലകളാണ്, കാഴ്ച്ചക്കുലകൾ. ചെങ്ങാലിക്കോടൻ എന്ന നേന്ത്ര ഇനമാണി തുണ്ടാക്കാൻ പ്രത്യേകം പരിപാലന മുറകൾ നൽകി കർഷകർ നട്ടു പിടിപ്പിച്ച്, വിളവെടുത്ത് വിപണനം നടത്തി വരുന്നത്. വേലൂർ, പോട്ടോർ, തെക്കേപ്പറമ്പ്, പുത്തൂർ, ആളൂർ, മിണാലൂർ, മുണ്ടത്തിക്കോട്, വടക്കാഞ്ചേരി, എരുമപ്പെട്ടി, തെക്കും കര, മുള്ളൂർക്കര, എന്നിവിടങ്ങളിലാണ് കാഴ്ച്ചക്കുലകൾ, മുഖ്യമായി കൃഷിയിറക്കി വരുന്നത്. എന്നാൽ ഇതിനുപുറമെ, ഗുരുവായൂർ, ചൂണ്ടൽ, കുന്നംകുളം, എയ്യാൽ, കേച്ചേരി, മങ്ങാട്, നെല്ലുവായ്, പാണഞ്ചേരി, ആമ്പല്ലൂർ, നടത്തറ, പുതുക്കാട് എന്നീ പ്രദേശങ്ങളിലെ ചില കർഷകരും ചെങ്ങാലിക്കോടൻ വാഴകൾ, പ്രത്യേകമായി നട്ട്, കാഴ്ച്ചക്കുലയാക്കി വിപണിയിലെത്തിക്കാറുണ്ട്. നേന്ത്രനിൽ, പേരുക്കൊണ്ടും, പെരുമയാലും, സ്വഭാവ വ്യത്യാസത്താലും പലയിനങ്ങൾ കാണാറുണ്ട്. കേരളത്തിൽ ഏറ്റവും (ഏറെയായി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്ന വാഴയിനവും നേന്ത്രനാണല്ലോ. ഇതിൽ "ചെങ്ങാലിക്കോടനെ" "ചെങ്ങഴിക്കോടൻ" എന്നും പറയും. വേറെ ചില നേന്ത്രൻ തരങ്ങളാണ് നെടുനേന്ത്രൻ, കുഴി നേന്ത്രൻ, മഞ്ചേരി നേന്ത്രൻ, കോട്ടയം നേന്ത്രൻ, ആറ്റു നേന്ത്രൻ, വാളിയേത്തൻ, ചങ്ങനാശ്ശേരി നേന്ത്രൻ, മിൻറ്റോളി (ക്വിന്റൽ വാഴ), സാൻസി ബാർ എന്ന "ആനക്കൊമ്പൻ" എന്നിവയെല്ലാം വ്യത്യസ്ത നേന്ത്രയിനങ്ങളാണ്. ഇതിൽ നമുക്കിടയിൽ, ഓണ സമയത്തു കടന്നു വരുന്നത്, സൗന്ദര്യമിഴുകി ചേർന്ന ചെങ്ങഴിക്കോടൻ തന്നെയാണ്.

നേന്ത്രപ്പഴങ്ങളിൽ, ഏറ്റവും കൂടുതൽ രുചിയുള്ളത്, ഈയിനത്തിന്റെ കുലകളിലെ പഴത്തിനാണ്. ഉപ്പേരിയുണ്ടാക്കാനും, പഴം നുറുക്കിനും, ശർക്കര വരട്ടിക്കും ഈയിനം കേമം തന്നെയാണ്. പണ്ടൊക്കെ വിവാഹശേഷം നല്ലോണം പോവുന്നതിനും കാഴ്ച്ചക്കുല വേണ്ടിയിരുന്നുവത്രെ!

നേന്ത്രനിൽ, പേരുക്കൊണ്ടും, പെരുമയാലും, സ്വഭാവ വ്യത്യാസത്താലും പലയിനങ്ങൾ കാണാറുണ്ട്. കേരളത്തിൽ ഏറ്റവും (ഏറെ യായി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്ന വാഴയിനവും നേന്ത്രനാണ ല്ലോ. ഇതിൽ "ചെങ്ങാലിക്കോടനെ" "ചെങ്ങഴി ക്കോടൻ" എന്നും പറയും. വേറെ ചില നേന്ത്രൻ തരങ്ങളാണ് നെടുനേന്ത്രൻ, കുഴി നേന്ത്രൻ, മഞ്ചേരി നേന്ത്രൻ, കോട്ടയം നേന്ത്രൻ, ആറ്റു നേന്ത്രൻ, വാളിയേത്തൻ, ചങ്ങനാശ്ശേരി നേന്ത്രൻ, മിൻറ്റോളി (ക്വിന്റൽ വാഴ), സാൻസി ബാർ എന്ന "ആനക്കൊമ്പൻ" എന്നിവ യെല്ലാം വ്യത്യസ്ത നേന്ത്രയിനങ്ങളാണ്.

പത്തര-പതിനൊന്നു മാസമാണിതിന്റെ മൂപ്പ്. നല്ല തുറന്ന സ്ഥല ത്തു നടാൻ ഉത്തമം. ചെങ്കൽനിറഞ്ഞ വെട്ടുകൽ മണ്ണിൽ കൃഷി ചെയ്യാൻ ഏറ്റവും യോജിച്ചയിനവുമാണ് "ചെങ്ങാലിനേന്ത്രൻ".

തിരഞ്ഞെടുത്ത, മാതൃവാഴയിൽ നിന്നും ഇളക്കിയെടുത്ത മൂന്ന രമാസം, മൂപ്പുള്ള കന്നുകളാണ് നടീൽ വസ്തു.

കന്നിമാസം പത്തുകഴിഞ്ഞാണ്. കാഴ്ചക്കുലക്കുള്ള വാഴനടീൽ നടക്കുന്നത്. ചെങ്ങാലിക്കോടന്റെ വിത്ത് തിരയാൻ പ്രത്യേകം ശ്രദ്ധി ക്കണം. ഓണം, നേരത്തെയെങ്കിൽ വലിയ കന്നും. വൈകിയാണേൽ ചെറിയ കന്നും നടണം. കാഴ്ചക്കുലകൾ, സ്വർണ്ണവർണ്ണ മണിഞ്ഞ താവണം. വളഞ്ഞ്, നീണ്ട് വാഴപ്പിണ്ടിയും, വെട്ടിമാറ്റാത്ത നീളൻ കൂമ്പുമെല്ലാം, ചേർന്ന കാഴ്ചക്കുല കാണാൻ കൗതുകമാണ്.

വാഴകൾ, തമ്മിലകലം മൂന്നേക്കാൽ കോലാണ്. മുക്കാൽക്കോൽ താഴ്ച്ചയുണ്ടായിരിക്കണം.

മണ്ണ് കൂട്ടി വെണ്ണീറിട്ട് (ചാരം), മുക്കാൽക്കെട്ട് പച്ചിലതോലും, ചേർക്കലാണ് ആദ്യപ്പടി. ഓരോ വാഴയ്ക്കും ഒരു കുട്ട ചാണകമിട ണം. ഇതിനുമേലെ, കുമ്മായം ചേർക്കണം. മണ്ണ് , കൊത്തിയിളക്കി ഒരിക്കൽ കൂടി ചാരം ചേർക്കണം. ഓണം, നേരത്തെയെങ്കിൽ, വൃശ്ചികം മുതൽ നനച്ചു തുടങ്ങണം. വൈകിയാണെങ്കിൽ, ധനു മാസം മുതൽ നന മതി. വൃശ്ചികത്തിൽ കിളച്ച് വെണ്ണീർ ചേർക്ക ണം. കന്ന്, പൊട്ടിയാൽ മെല്ലെ ഇളക്കി മാറ്റണം. വിളവിന്റെ സമയമ നുസരിച്ചാവണം വളം ചേർക്കൽ. ഇതിനു പുറമെ കുല കെട്ടിനിർത്ത ണം. മേടത്തിൽ, കുലവന്നാൽ, നല്ല ശ്രദ്ധവേണം പിന്നീട്. കാല വർഷത്തിന് മുമ്പായി കൃഷിയിടത്തിലെ മണ്ണ്, ചുട്ടെടുക്കും. വെന്ത മണ്ണ്. പിന്നീട്, വാഴയുടെ ചുവട്ടിൽ കൂട്ടിയിടും. നേന്ത്രക്കായ്ക്ക്, സ്വർണ്ണ നിറം പകരുന്ന വിദ്യയാണിത്, ഒരു കർഷകൻ വിശദീകരി ച്ചു. ആവശ്യക്കാർക്കനുസരിച്ച് വലിയ കുലയും മികച്ച വിലയും കിട്ടാറുണ്ടെന്ന് കാഴ്ച്ചക്കുല വിൽക്കുന്ന സുകുമാരൻ വ്യക്തമാക്കി.

ചെങ്ങാലിക്കോടന്, നന നിർബന്ധമാണ്. നന കുറഞ്ഞു പോ യാൽ, കായ്കളുടെ രുചി കുറയും. കാഴ്ച്ചക്കുലയുടെ "കുല പൊതി യലും" പ്രധാന പണിയാണ്.

വാഴ, കുലച്ച് 20-25 ദിവസത്തിനകം, ഉണങ്ങിയ വാഴയിലയുപ യോഗിച്ച് പൊതിയണം. കുല പൊതിയുന്നത് നല്ല ശ്രദ്ധയാവശ്യമാ യിട്ടുള്ള കാര്യമാണ്. ഇതിലൂടെ, കായ്കൾക്ക് നല്ല വലിപ്പവും വെടി പ്പും, ചുവന്ന നിറവും കിട്ടാൻ വഴിയൊരുക്കും. 7 മുതൽ 9 പടല വരെയുള്ള കുലകളെ "ലക്ഷണമൊത്ത, കാഴ്ച്ചക്കുലകളായി കരു തുന്നു. ഓണക്കാലത്ത് മാത്രമേ കാഴ്ച്ചക്കുലകൾക്ക് വിലയുള്ളൂ. ആയ തിനാൽ ഓണത്തിന് മുമ്പു തന്നെ ഇവ, വിറ്റഴിയുന്ന തരത്തിൽ, കൃഷി യിറക്കാനും, കർഷകർ ശ്രദ്ധിക്കുന്നു. വി.എഫ്.പി.സി.കെ. യുടെ മുണ്ട ത്തിക്കോട് വിപണിയും, മുള്ളൂർക്കരയിലെ വാഴക്കോട് വിപണിയും "ചെങ്ങാലിക്കോടൻ കുലകൾ, വിൽക്കാൻ കർഷകരെ സഹായിക്കു ന്നുണ്ട്. ഇതല്ലാതെ നേരിട്ടു തോട്ടത്തിൽ ചെന്ന്, ആദ്യമേ നല്ല വില നൽകി, കാഴ്ച്ചക്കുല, വാങ്ങുന്ന കച്ചവടക്കാരാണേറെയുള്ളത്. "ഓണ മുണ്ണാൻ, കാണവും വിൽക്കാം" എന്ന പഴയ ചൊല്ലും, "മാവേലീ നാടു വാണീടും കാലം, മാനുഷരെല്ലാരുമൊന്നുപ്പോലെ" എന്ന കവി വാക്യ വും നമ്മെ ഓണത്തിന്റെ മഹത്വമറിയിക്കുന്നവയാണ്. ഇതിൽ കാഴ്ച്ച ക്കുലകളായി മാറുന്ന ചെങ്ങാലിക്കോടൻ വാഴക്കുലകൾക്കും പ്രാധാ ന്യമുണ്ട് എന്ന് നാം അഭിമാനത്തോടെ ഓർക്കുന്നത് നല്ലതാണ്. ■



അജിത്ത് വെണ്ണിയൂർ

നഗര ഭരണത്തിന് ഇ-ഗവേണൻസ് സാധ്യതകളും അവസരങ്ങളും

വർദ്ധിച്ചു വരുന്ന സേവനാവശ്യങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വികേന്ദ്രീകൃത സേവന പ്രദാന സംവിധാനങ്ങൾ സജ്ജീകരിക്കാൻ ഗ്രേറ്റർ മുംബൈ നഗരസഭ കൈകൊണ്ട നടപടികൾ നിർണായക പുരോഗതിക്ക് വഴിയൊരുക്കി.

നഗരങ്ങളെയും നഗരവികസനത്തേയും സംബന്ധിച്ച കാഴ്ചപ്പാടുകൾ അതിവേഗം മാറുകയാണ്. ഗ്രാമത്തിന്റെ വിപരീതപദമായാണ് നഗരത്തെ പലരും അടുത്തകാലം വരെ വിശേഷിപ്പിച്ചിരുന്നത്. അതുകൊണ്ടുതന്നെ നഗരവികസനം നാടിന് വിനയായിത്തീരും എന്ന ആശങ്കയും പ്രബലമായിരുന്നു. അത് ഒരു പരിധിവരെ ശരിയാണെന്ന് അനുഭവങ്ങൾ നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. അതേ സമയം ലോകമെങ്ങും ദ്രുതവേഗമാർജിച്ച നഗരവൽക്കരണം, മാറിചിന്തിക്കാൻ ജനങ്ങളേയും ഭരണകർത്താക്കളേയും നിർബന്ധിതമാക്കി. ഒരു അനിവാര്യ യാഥാർത്ഥ്യമായി ഇന്നത് അംഗീകരിക്കപ്പെട്ടിരിക്കുന്നു. നാടെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ അതിവേഗം മുന്നേറുന്ന പ്രക്രിയയാണ് നഗരവൽക്കരണം.

ഇന്ത്യയിൽ നഗരവത്ക്കരണം ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. 1951ൽ നഗരങ്ങളിലെ ജനസംഖ്യ 6.2കോടി ആയിരുന്നു. 2011ൽ അത് 54കോടിയായി വർദ്ധിച്ചു. അടുത്ത പത്തുവർഷത്തുനുള്ളിൽ അത് 31 ശതമാനവും പിന്നീടുള്ള പത്തുവർഷത്തിനുള്ളിൽ 37 ശതമാനവും വർദ്ധനയാണ് നഗരജനസംഖ്യയിൽ ഉണ്ടാവുകയെന്ന് കണക്കാക്കപ്പെടുന്നു.

കേരളത്തിൽ നഗരവത്ക്കരണത്തിന്റെ വേഗത അഖിലേന്ത്യാ നിരക്കിനേക്കാൾ കൂടുതലാണ്. സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നഗരജനസംഖ്യ ഏതാണ്ട് ഇരട്ടിയായിട്ടുണ്ട്. 2001ൽ അത് 8.26 ദശലക്ഷമായിരുന്നു. 2011ൽ 15.9 ദശലക്ഷമായി. ഇടതടവില്ലാത്ത ഗ്രാമം എന്നാണ് അടുത്തകാലം വരെ മറുനാട്ടുകാർ കേരളത്തെ വിശേഷിപ്പിച്ചിരുന്നത്. ആ വിശേഷണത്തിൽ ഇന്ന് നേരിയ മാറ്റം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമങ്ങൾ നഗര-ഗ്രാമവ്യത്യാസം അതിവേഗം കുറഞ്ഞു വരുന്നു. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റമാണ് ഒരു കാലത്ത് നഗരവികസനാസൂത്രകരുടെ കണക്കുകൂട്ടലുകളെ തെറ്റിച്ചിരുന്നതെങ്കിൽ ദൈനംദിനം നഗരത്തിലേക്ക് വന്നുപോകുന്നവരുടെ എണ്ണത്തിലുണ്ടായ അമിത വർദ്ധനവാണ് വികസന ഏജൻസികളെ ഇന്ന് ഏറെ അലട്ടുന്നത്.

വളരുന്തോറും സങ്കീർണമായി വരികയാണ് നഗരഭരണം. ഇത്തരമൊരു സാഹചര്യത്തിലാണ് ഇ-ഗവേണൻസിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ നഗരസഭകൾ ഇന്ന് മത്സരബുദ്ധിയോടെ പരിശ്രമിക്കുന്നത്.

മുംബൈ മാതൃക

പശ്ചിമ ഭാരതത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയ വൻനഗരമാണ് മുംബൈ. രാജ്യത്തിന്റെ വാണിജ്യ തലസ്ഥാനം അതുകൊണ്ടു തന്നെ അടിസ്ഥാന സൗകര്യങ്ങളുടേയും സേവനങ്ങളുടേയും കാര്യത്തിൽ നഗരസഭയുടെ ചുമതലയും ഉത്തരവാദിത്തവും ഭാരിച്ചതാണ്.

വർദ്ധിച്ചു വരുന്ന സേവനാവശ്യങ്ങൾ കാര്യക്ഷമമായും ഫല പ്രദമായും നടപ്പാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപ യോഗപ്പെടുത്തി വികേന്ദ്രീകൃത സേവന പ്രദാന സംവിധാനങ്ങൾ സജ്ജീകരിക്കാൻ ഗ്രേറ്റർ മുംബൈ നഗരസഭ കൈകൊണ്ട നട പടികൾ നിർണായക പുരോഗതിക്ക് വഴിയൊരുക്കി.

ജനങ്ങൾക്ക് സേവനം ലഭ്യമാക്കേണ്ട വിവധ സർക്കാർ വകു പ്പുകൾ, സ്ഥാപനങ്ങൾ, നഗരസഭാ വിഭാഗങ്ങൾ, ഏജൻസികൾ എന്നിവയെ ബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കമ്പ്യൂ ട്ടറൈസ്ഡ് സാങ്കേതിക സേവന സംവിധാനമാണ് ഇവയിൽ ഏറ്റവും ശ്രദ്ധേയം.

ലക്ഷ്യം, മാർഗ്ഗം

ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിന് തടസ്സമായി നിന്ന ഘടകങ്ങൾ കണ്ടെത്തി അവയ്ക്ക് പ്രായോഗികവും സുസ്ഥിരവുമായ പരിഹാരങ്ങൾ ആവിഷ്കരിക്കുക എന്ന ലക്ഷ്യ ത്തോടെയാണ് ആധുനിക വിവര വിനിമയ സാങ്കേതികവിദ്യ ഉപ യോഗപ്പെടുത്തി നഗരസഭ സമഗ്ര പദ്ധതിക്ക് രൂപം നൽകിയത്.

കൃത്യമായ അടിസ്ഥാന വിവരങ്ങളുടെ ദൗർബല്യം, വിവര ങ്ങൾ യഥാസമയം പുതുക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം, വിവധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ അപര്യാപ്തത, അപ്രായോഗികവും അപരിഷ്കൃതവുമായ നട പടിക്രമങ്ങൾ, വർധിച്ച ആവശ്യങ്ങൾ കണക്കിലെടുക്കാതുള്ള ഭരണ സംവിധാനങ്ങൾ, പൗരജനങ്ങളുടെ പരാതി കേൾക്കു ന്നതിലും പരിഹരിക്കുന്നതിലും പുലർത്തിപ്പോന്ന അലംഭാവം എന്നിങ്ങനെ സേവന പ്രദാനം ദുർബലമാക്കുന്ന അനേകം ഘട കങ്ങൾ മറ്റു പല നഗരസഭകളിലുമെന്നപോലെ മുംബൈയിലും നിലനിന്നിരുന്നു. ഇവയ്ക്കുള്ള സുസ്ഥിര പരിഹാരം എന്ന നില യിലാണ് ഐ.ടി ഉദ്യമങ്ങളിലൂടെ നഗരസഭ ആവിഷ്കരിച്ച സംയോജിത സേവന പ്രദാന സംവിധാനം.

മുഖ്യ നേട്ടങ്ങൾ

ആഗോളാടിസ്ഥാനത്തിൽ പരീക്ഷിച്ച് അംഗീകാരം നേടിയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക വഴി സേവന പ്രദാന ത്തിന്റെ ഗുണനിലവാരം ഉയർത്താനും കാര്യശേഷി വർദ്ധിപ്പി ക്കാനും കഴിഞ്ഞു എന്നതാണ് മുംബൈ നഗരസഭയുടെ അനു ഭവ പാഠം. ഈ സംവിധാനം വഴി ഉണ്ടായ പ്രധാന നേട്ടങ്ങൾ ഇവയാണ്.

- സാർവത്രിക ദേശീയാംഗീകാരമുള്ള സാങ്കേതിക വിദ്യയി ലൂടെ സേവന സംവിധാനങ്ങൾ പുനഃക്രമീകരിക്കുന്നതിനു ള്ള അവസരം.
- കേന്ദ്രീകൃത വിവരശേഖര സംവിധാനത്തിൽ നിന്ന് ആവ ശ്യാനുസൃതം ഓരോ വിഭാഗത്തിനും വേണ്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത.
- കാലദൈർഘ്യം അനിവാര്യമാക്കുന്ന പരമ്പരാഗത നടപടി ക്രമങ്ങൾ നീക്കി കമ്പ്യൂട്ടർ സഹായത്തോടെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള ശേഷി.
- വിവിധ വകുപ്പുകൾക്കും വാർഡുകൾക്കും ബാധകമായ ഏകീകൃത മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ, സംയോജിത സംവിധാനം
- ബജറ്റിംഗ്, ആസൂത്രണം, ധനമാനേജ്മെന്റ് എന്നിവയിന്മേൽ സുതാര്യമായ നിയന്ത്രണങ്ങൾ
- സുവ്യക്തമായ റിപ്പോർട്ടിംഗ് സംവിധാനം

ഓൺലൈൻ സേവനങ്ങൾ

ഓൺലൈൻ സംവിധാനത്തിലൂടെയുള്ള സേവനങ്ങളിലൂടെ പൊതുജനങ്ങളുടെ സമയനഷ്ടവും അദ്ധ്വാന ഭാരവും ലഘൂ കരിക്കാനായി എന്നതാണ് എടുത്തുപറയത്തക്ക ഒരു പ്രത്യക്ഷ നേട്ടം. 24 മണിക്കൂറും പ്രവർത്തിക്കുന്ന പോർട്ടൽ സൗകര്യ മാണ് ഇതിനായി ഏർപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയിൽ നഗരവത്ക്കരണം ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. 1951ൽ നഗരങ്ങളിലെ ജന സംഖ്യ 6.2കോടി ആയിരുന്നു. 2011ൽ അത് 54കോടി യായി വർദ്ധിച്ചു. അടുത്ത പത്തുവർഷത്തുനുള്ളിൽ അത് 31 ശതമാനവും പിന്നീടുള്ള പത്തുവർഷത്തിനു ള്ളിൽ 37 ശതമാനവും വർദ്ധനയാണ് നഗരജനസംഖ്യ യിൽ ഉണ്ടാവുകയെന്ന് കണക്കാക്കപ്പെടുന്നു.

പ്രധാന പരിഷ്കാരങ്ങൾ

ആധുനിക കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് ആശയ ങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യാധിഷ്ഠിത സേവനങ്ങൾ യഥാസമയം ഗുണനിലവാരത്തോടെ ലഭ്യമാക്കുന്നതിനും അതി നുള്ള നടപടിക്രമങ്ങൾ സുതാര്യമായി നിർവ്വഹിക്കുന്നതിനുമുള്ള സംവിധാനമാണ് നഗരസഭ രൂപകൽപന ചെയ്തത്. അതിന് പ്രധാനമായും ഉപയോഗപ്പെടുത്തിയത് സാപ് (SAP) അധി ഷ്ഠിത എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം ആണ്. ഏഴു പ്രധാന ഘടകങ്ങളെയാണ് ഈ സംവിധാനത്തിലൂടെ ഏകോപിപ്പിച്ചത്.

1. ധന മാനേജ്മെന്റ്
2. സാധന സാമഗ്രികൾ
3. മാനവശേഷി വിഭവം
4. വാഹനവ്യൂഹം/വർക്ക്ഷോപ്പ്
5. സിറ്റിസൺ പോർട്ടൽ, വാർഡ് മാനേജ്മെന്റ്
6. പ്രോജക്ട് സിസ്റ്റം
7. റിയൽ എസ്റ്റേറ്റ്

ജനന മരണ സർട്ടിഫിക്കറ്റുകൾ, ലൈസൻസ് പുതുക്കൽ എന്നിവയ്ക്ക് ഇന്റർനെറ്റ് വഴി അപേക്ഷിക്കുകയും പണമടയ്ക്കു കയും ചെയ്യാം. സർട്ടിഫിക്കറ്റുകൾ (പുതിയതും ഡ്യൂപ്ലിക്കറ്റും) കൊറിയർ വഴി വീട്ടിലെത്തിക്കും.

പേയ്മെന്റ് ഗേറ്റ് വേ വഴി വെള്ളത്തിന്റെ ബിൽ, വീട്ടുകരം, മറ്റു ബിൽ കുടിശ്ശകകൾ തുടങ്ങിയവയ്ക്ക് പണമടയ്ക്കാം. ഇവയ്ക്ക് പുറമേ ലഭ്യമാകുന്ന ഓൺലൈൻ സേവനങ്ങൾ ഇവ യാണ്.

- വിവരങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാം.
- അഭിപ്രായങ്ങൾ രേഖപ്പെടുത്താം, അഭിപ്രായ വോട്ടെടുപ്പു കളിൽ ഓൺലൈനായി പങ്കെടുക്കാം.
- അപേക്ഷകളുടെ സ്ഥിതിവിവരം ഓൺലൈനായി അപ്പ പ്പോൾ അറിയാം.
- പരാതികൾ രജിസ്റ്റർ ചെയ്യാം. അവയിന്മേലുള്ള നടപടികൾ ഓൺലൈനായി നിരീക്ഷിക്കാം.

- ഫോമുകൾ പൂരിപ്പിക്കുന്നതിലെ കുറവുകൾ പരിഹരിക്കുന്നതിന് ഓൺലൈൻ ഇന്ററാക്ടീവ്-സെൽഫ് അസസ്മെന്റ് - പ്രീപ്രോസസിംഗ് സംവിധാനത്തിന്റെ സഹായം.
- എല്ലാ വിവരങ്ങളും രണ്ടു ഭാഷകളിൽ – മറാത്തി, ഇംഗ്ലീഷ്

ഹാജർ രേഖപ്പെടുത്താൻ

താൽക്കാലിക ജീവനക്കാരുൾപ്പെടെ ഒരു ലക്ഷത്തിൽപ്പരം ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയ 'ബയോമെട്രിക് ഇലക്ട്രോണിക്' സംവിധാനമാണ് നഗരസഭ നടപ്പാക്കിയ രണ്ടു പ്രധാന പരിഷ്കാരം. ഇതുവഴി സമയനിഷ്ഠ, കാര്യക്ഷമത, കൃത്യമായ നിരീക്ഷണം മികച്ച റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ചുരുങ്ങിയ കാലത്തിനുള്ളിൽ ക്രമീകരിക്കാനായി.

നികുതി/കരം ശേഖരണം

വെള്ളക്കരം, കെട്ടിട നികുതി, ഒക്ട്രോയ് തുടങ്ങി എല്ലാത്തരം നികുതികളും കരവും ഓൺലൈൻ വഴി സ്വീകരിക്കുന്നതിനും അതു സംബന്ധിച്ച എല്ലാ രേഖകളും ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നഗരസഭയിൽ സജ്ജീകരിച്ചു കഴിഞ്ഞു. ബന്ധപ്പെട്ട ഇതര വകുപ്പുകളും സംവിധാനങ്ങളുമായി സംയോജിപ്പിച്ചുള്ള ഈ വെബ് അധിഷ്ഠിത ഇലക്ട്രോണിക് സിസ്റ്റം ഏർപ്പെടുത്തിയതോടെ വരുമാനം വർധിച്ചു. നടപടിക്രമങ്ങൾ സുതാര്യമായി, ജനങ്ങളുടേയും ഉദ്യാഗസ്ഥരുടേയും സമയനഷ്ടം ഒഴിവാക്കാനായി.

വാഹന നിരീക്ഷണ സംവിധാനം

നഗരത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്ന് ഖരമാലിന്യങ്ങൾ ശേഖരിച്ച് സംഭരണ ശാലകളിലേക്കും സംസ്കരണവും നിരീക്ഷിക്കുന്നതിന് ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും ഏതാണ്ട് പൂർത്തിയായി. ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) ജനറൽ പാക്കറ്റ് റേഡിയോ സർവീസ് എന്നീ സാങ്കേതിക വിദ്യകളാണ് ഇതിന് ഉപയോഗിച്ചിരിക്കുന്നത്. ഓരോ വാഹനവും ഗാരേജിൽ നിന്ന് യാത്രപുറപ്പെടുന്നതു മുതലുള്ള ഓരോ ചലനവും സൂക്ഷ്മമായി നിരീക്ഷിക്കാനും രേഖപ്പെടുത്താനും ഇതുവഴി കഴിയും. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (RFI) ടാഗ് ഉപയോഗിച്ചാണ് പ്രവർത്തനം തത്സമയം നിരീക്ഷിക്കുന്നത്.

നഗരസഭയുടെ വിജിലൻസ് വാഹനങ്ങൾ, ആംബുലൻസുകൾ, 'കാഷ്' വാഹനങ്ങൾ എന്നിവയും ഇതിന്റെ നിയന്ത്രണത്തിലാക്കി. മറ്റു വാഹനങ്ങൾക്കു കൂടി ഇത് ബാധകമാക്കാനുള്ള നടപടികൾ നടന്നുവരികയാണ്.

ആരോഗ്യ സംരക്ഷണം

ആരോഗ്യ പരിപാലനത്തിൽ 25 പ്രധാന ആശുപത്രികളെ കണ്ണിചേർത്ത് ഒരു വെബ് ശൃംഖലയ്ക്ക് ഇതിനകം രൂപം നൽകിക്കഴിഞ്ഞു. ഒരു പൊതു ഡാറ്റാ വെയർഹൗസിൽ ഈ ആശുപത്രികളിലെ രോഗികൾ, സേവനങ്ങൾ, സൗകര്യങ്ങൾ തുടങ്ങി എല്ലാ വിവരങ്ങളും വിന്യസിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ മാതൃകാ (പ്രൊട്ടോ ടൈപ്പ്) വിശകലനം പൂർത്തിയായി. എല്ലാ ആശുപത്രികളേയും ഇ-ഗവേണൻസിന്റെ പരിധിയിൽ കൊണ്ടുവരികയാണ് ദീർഘകാല പദ്ധതി.

ഡാറ്റാ സെന്റർ, നെറ്റ് വർക്കിംഗ്

നഗരസഭയിൽ വിവധ പദ്ധതികളും സേവനങ്ങളുമായി ബന്ധപ്പെട്ട് വ്യത്യസ്ത കമ്പ്യൂട്ടർ പ്രോഗ്രാമുകളിലും ഭാഷകളിലും കിട്ടുന്ന അപേക്ഷകൾ, പരാതികൾ, പദ്ധതികൾ തുടങ്ങിയവ സ്വീകരിക്കുന്നതിനും തരംതിരിക്കുന്നതിനും കാര്യക്ഷമമായി അവ കൈകാര്യം ചെയ്യുന്നതിനുമായി വർളിയിൽ നഗരസഭ ഒരു ഡാറ്റാ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 2000 ചതുരശ്ര അടി വിസ്താരമുള്ള സെർവർ റൂം, നെറ്റ് വർക്ക് ഓപ്പറേഷൻ സെന്റർ എന്നിവ ഉൾപ്പെട്ടതാണ് ഡാറ്റാ സെന്റർ.

നിർവഹണ ഉദ്യാഗസ്ഥരെ ഇ-ഗവേണൻസ് സംവിധാനത്തിൽ സഹായിക്കുന്നതിനായി പ്രത്യേകവർക്ക് സ്റ്റേഷനുകൾ, ഇരുപതു പേർക്കിരിക്കാവുന്ന കോൺഫറൻസ് റൂം, വീഡിയോ കോൺഫറൻസ് റൂം എന്നിവയും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനുപുറമെയാണ് കാൾ സെന്ററും റിസപ്ഷൻ ഡസ്കും.

പതിനൊന്ന് ഐ.ബി.എം.പി സീരീസ്, 40 എക്സ് സീരീസ് മെഷീനുകൾ ഉൾപ്പെടെ 170 സി.പി.യുകൾ സെർവർ റൂമിൽ സ്ഥാപിച്ചിട്ടുണ്ട്. CISCO റൂട്ടേഴ്സ്, സ്വിച്ചുകൾ എന്നിവ ഉൾപ്പെട്ടതാണ് നെറ്റ് വർക്ക് ഓപ്പറേഷൻ സെന്റർ. എം. റ്റി. എൻ. എൽ-ന്റെ 2 എം.ബി.ഐ.എ സ്.ഡി.എൻ, 64 കെ.ബി.പി.എസ് ലീസ്ഡ് ലൈനുകൾ വഴി മുംബൈ നഗരസഭയുടെ 500ൽപ്പരം കേന്ദ്രങ്ങളുമായി വർളി ഡാറ്റാ സെന്ററിനെ ബന്ധിപ്പിച്ചിരിക്കുന്നു.

പതിനൊന്ന് ഐ.ബി.എം.പി സീരീസ്, 40 എക്സ് സീരീസ് മെഷീനുകൾ ഉൾപ്പെടെ 170 സി.പി.യുകൾ സെർവർ റൂമിൽ സ്ഥാപിച്ചിട്ടുണ്ട്. CISCO റൂട്ടേഴ്സ്, സ്വിച്ചുകൾ എന്നിവ ഉൾപ്പെട്ടതാണ് നെറ്റ് വർക്ക് ഓപ്പറേഷൻ സെന്റർ. എം. റ്റി. എൻ. എൽ-ന്റെ 2 എം.ബി.ഐ.എസ്.ഡി.എൻ, 64 കെ.ബി.പി.എസ് ലീസ്ഡ് ലൈനുകൾ വഴി മുംബൈ നഗരസഭയുടെ 500ൽപ്പരം കേന്ദ്രങ്ങളുമായി വർളി ഡാറ്റാ സെന്ററിനെ ബന്ധിപ്പിച്ചിരിക്കുന്നു.

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക സൈറ്റ്, നഗരസഭയുടെ പ്രധാന ഉദ്യോഗസ്ഥർക്ക് VOIP ഇ-മെയിൽ സംവിധാനം എന്നിവയ്ക്കുള്ള പ്രവർത്തനവും നടന്നുവരുന്നു.

സിറ്റിസൻ ഫെസിലിറ്റേഷൻ സെന്റർ

നഗരസഭാ പരിധിയിലുള്ള പൗരന്മാർക്ക് വേഗത്തിലും കാര്യക്ഷമമായും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനം മുംബൈയിൽ സജ്ജീകരിച്ചിട്ടുണ്ട്. വിവധ വകുപ്പുകളിലും സീറ്റുകളിലും കാര്യങ്ങൾ തേടിപ്പോകുന്നതിന്റെ ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ കസ്റ്റമർ റിലേഷൻഷിപ്പ് (CRM) സങ്കൽപ്പമനുസരിച്ച് സേവന പ്രദാനത്തിന്റെ ഫലങ്ങളും ഗുണനിലവാരവും കൃത്യമായി അളക്കുന്നതിനുള്ള സംവിധാനത്തോടെയാണ് സിറ്റിസൻ ഫെസിലിറ്റേഷൻ സെന്റർ രൂപകൽപന ചെയ്തിരിക്കുന്നത്.

ഏകജാലക സംവിധാനത്തിൽ ഇതിനകം ഏർപ്പെടുത്തിയ സേവനങ്ങൾ

- സർട്ടിഫിക്കറ്റുകൾ ലൈസൻസുകൾ തുടങ്ങിയവയ്ക്കുള്ള അപേക്ഷകളും ഫീസുകളും സ്വീകരിക്കൽ - എല്ലാ കൗണ്ടറുകളിലും
- ലൈസൻസുകളും അപേക്ഷകളും പുതുക്കുന്നതിനുള്ള അപേക്ഷ, ഫീസ് - എല്ലാ കൗണ്ടറുകളിലും
- കെട്ടിട നികുതി, വെള്ളക്കരം എന്നിവ അടയ്ക്കാനുള്ള സംവിധാനം
- കമ്പ്യൂട്ടറൈസ്ഡ് സംവിധാനമില്ലാത്ത വിവധ വകുപ്പുകളിൽ വിവധ ആവശ്യങ്ങൾക്കായി അടയ്ക്കേണ്ട എല്ലാത്തരം ഫീസുകളും ചാർജ്ജുകളും നികുതികളും സ്വീകരിക്കൽ-എല്ലാ കൗണ്ടറിലും
- പുതിയ അപേക്ഷകൾ, ഫോമുകൾ സ്വീകരിക്കൽ
- പരാതി സമർപ്പണം, പരാതി പരിഹാരം, പരാതിയുടെ സ്ഥിതിവിവരം അറിയാനുള്ള സംവിധാനം
- വിവരവ്യാപനം

എസ്.എം.എസിലൂടെ പണമടയ്ക്കാം

പൗരന്മാർക്ക് കെട്ടിട നികുതി, വെള്ളക്കരം എന്നിവ എസ്.എം.എസ് അധിഷ്ഠിത പേമെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് സൗകര്യമൊരുക്കാനുള്ള പ്രവർത്തനവും മുംബൈ നഗരസഭയിൽ നടന്നുവരുന്നു. ■

ടി.സി. സുനിൽ ദത്ത്

ലാസ്യത്തിന്റെ പരിശുദ്ധി നിറഞ്ഞ തിരുവാതിരക്കളി

കേരളീയ സ്ത്രീകളുടെ മാത്രം പങ്കാളിത്തമുള്ള പവിത്രമായ ഒരു നാടൻ കലാരൂപമാണ് തിരുവാതിരക്കളി. കൈകൊട്ടിക്കളി എന്നാണ് ഇതിന്റെ തനിനാടൻ പേരു. ഇമ്പമാർന്ന ആതിരരാവിന്റെ കുളിരും ധനുമാസത്തിന്റെ പരിശുദ്ധിയും നിറഞ്ഞ കേരളീയ നാട്ടരങ്ങുകളിൽ തിരുവാതിരക്കളിയുടെ ഐശ്വര്യം കോരി ഒഴിച്ച അനുഭവങ്ങളാണ് പോയ കാലത്തിന് പറയാനുള്ളത്. കൊതിയോടെ ഓർമ്മിച്ചു പോകുന്ന ഹൃദ്യാനുഭവങ്ങളായിരുന്നു അവയൊക്കെയും. ഇന്നിപ്പോൾ കേരളീയ ജീവിതത്തിന് വന്നുഭവിച്ച തകിടം മറിച്ചിലിൽ ഈ ഭവ്യമായ കലാരൂപം ഏറെക്കുറെ അടിപ്പെട്ടുപോയിരിക്കുന്നു. നന്മയുടെ തിരുശേഷിപ്പ് ആഗ്രഹിക്കുന്ന ചുരുക്കം പേരുടെ ശ്രമഫലമായി ഏതാനും തിരുവാതിരക്കളി സംഘങ്ങളും കലാസമിതികളും ഇന്നും നിലനിൽക്കുന്നത് ആശ്വാസം തന്നെ.

കേരളത്തിന്റെ പ്രകൃതിയുടെയും കാലാവസ്ഥയുടേയും കൃഷിയുടെയും ഒരു അനവദ്യസമ്മാനമാണ് തിരുവാതിരക്കളി. ധനുമാസത്തിലെ തിരുവാതിരയും വെളുത്ത വാവും ഒന്നിച്ചു വരുന്ന ദിവസമാണ് തിരുവാതിരക്കളിയുടെ നൈസർഗിക അരങ്ങ് രമണീയമാക്കുന്നത്. ധനുമാസത്തിലെ തിരുവാതിര ശ്രീപരമേശ്വരന്റെ തിരുനാളാണ്. അന്ന് വ്രതമെടുത്തുകൊണ്ട് രാത്രി ഉറക്കമിളയ്ക്കുന്ന കന്യകമാർക്ക് നല്ല ഭർത്താക്കന്മാരെ ലഭിക്കുമെന്ന വിശ്വാസം നിലനിന്നിരുന്ന കാലത്ത് ഈ കളി അതിനൊരു താങ്ങായ സങ്കല്പമായി പരിലസിച്ചു. കന്യകമാർക്ക് ലഭിക്കുന്ന അനുഗ്രഹം അപ്രകാരമാണെങ്കിൽ ഭർതൃമതികൾക്ക് നെടുമംഗല്യം ലഭിക്കാനും ഈ വിശ്വാസം ഒരു തുണയായി നിലനിന്നു.

അങ്ങനെ ഉറക്കമിളയ്ക്കുന്ന രാത്രി മുഴുവൻ ആട്ടവും പാട്ടുമായി കഴിയുന്നതിൽ നിശ്ചയമായും ഒരു ദിവ്യാനുഭൂതി അവർ അനുഭവിച്ചിരുന്നിരിക്കണം. കാവുകളും ക്ഷേത്രമുറ്റങ്ങളും തറവാട് മുറ്റങ്ങളും ഈ സമ്മോഹന കാലരൂപത്തെ കാലാകാലമായി നുകർന്നിരുന്നിരിക്കണം. കത്തിച്ചു വച്ച ഐശ്വര്യദായകമായ നിലവിളക്കാണ് തിരുവാതിര അരങ്ങിന്റെ കേന്ദ്ര ബിന്ദു. സമീപത്തായി പൂക്കുല വച്ച നിറപറ. ജലം നിറച്ച കിണ്ടിയും അഷ്ടമംഗല്യത്താലവും മുന്നിൽ തന്നെയുണ്ടാവും. ഇതിനു ചുറ്റും വട്ടത്തിൽ നിന്ന് പാട്ടുപാടി നൃത്തം ചെയ്യുകയാണ് സുന്ദരികളായ സ്ത്രീകൾ. തിരുവാതിര വിശ്വാസം രൂപപ്പെട്ട് ക്രമേണ അതൊരു കലാരൂപമായി പരിണമിച്ചതിന് ചില സുകൃതകഥകൾ കൂടി വഴിയായിട്ടുണ്ട്. തിരുവാതിര ആറാമത്തെ നക്ഷത്ര

കേരളത്തിന്റെ പ്രകൃതിയുടെയും കാലാവസ്ഥയുടേയും കൃഷിയുടെയും ഒരു അനവദ്യസമ്മാനമാണ് തിരുവാതിരക്കളി. ധനുമാസത്തിലെ തിരുവാതിരയും വെളുത്ത വാവും ഒന്നിച്ചു വരുന്ന ദിവസമാണ് തിരുവാതിരക്കളിയുടെ നൈസർഗിക അരങ്ങ് രമണീയമാക്കുന്നത്.

മാണ്. ഉല്ലാസപ്രദമായ ഒരു ഉത്സവത്തിന് എന്തുകൊണ്ടും യോജിച്ച നിലയിൽ പ്രകൃതി ഒരുക്കുന്ന ഒരു ഹൃദ്യമനോഹര രാവാണ് തിരുവാതിര. ബാലഗോപാലനെ ഭർത്താവായി ലഭിക്കുവാൻ വേണ്ടി ഗോപസ്ത്രീകൾ കാത്യായനി പൂജ നടത്തിയ ദിവസമാണ്. കാതര നയനങ്ങളും വികാരവതികളുമായ ഗോപസ്ത്രീകൾ പ്രാർത്ഥനയോടെ പാർവ്വതിയെ പൂജ ചെയ്ത് വരം വാങ്ങുന്ന രാവാണത്. കുമാരസംഭവത്തിന് മുമ്പ് ശിവന്റെ കോപാഗ്നിയിൽ കാമദേവൻ ദഹിച്ചപ്പോൾ ദു:ഖിതയായ രതീദേവി ഭർതൃസമാഗമത്തിനായി പരമശിവനെ പ്രാർത്ഥിച്ചു. ഭർതൃസംഗമം അചിരേണ ഉണ്ടാകട്ടെയെന്ന് പാർവ്വതി അനുഗ്രഹിച്ചാശ്വസിപ്പിച്ച് വരം കൊടുത്ത ദിവസം കൂടിയാണ് തിരുവാതിര. അതാണ് തിരുവാതിരക്കളിയുടെ യഥാർത്ഥ വിശ്വാസസങ്കേതം. തിരുവാതിര നാളിലെ കളി ആകയാലാണ് തിരുവാതിരക്കളി എന്ന് പേര് ലഭിച്ചിട്ടുള്ളത്.

വെള്ളമുണ്ടും ബ്ലൗസും വേഷ്ടിയുമാണ് തിരുവാതിരകളിയിൽ പങ്കെടുക്കുന്നവരുടെ വേഷം. വാലിട്ട് കണ്ണെഴുതി കളഭക്കുറിയിട്ട് തലമുടികെട്ടിവച്ച് പൂവ് ചൂടണം. ദശപുഷ്പങ്ങൾ ചൂടി ലാസ്യപ്രധാനമായാണ് സ്ത്രീകൾ തിരുവാതിരക്കളിക്ക് ഒരുങ്ങുന്നത്. അതിനായുള്ള ഒരുക്കം തന്നെ അവർക്കൊരു ഉത്സവമായി മാറുകയാണ്. മുല്ലകൾ പൂക്കുന്ന കാലമാകയാൽ വേണ്ടുവോളം മുല്ലപ്പൂവിന്റെ സാന്നിദ്ധ്യം നിലാവ് നിറഞ്ഞ രാവിനെ യഥാർത്ഥത്തിൽ സുരഭിലമാക്കും. മണമെല്ലാം നിലാവിൽ നിറഞ്ഞു നിൽക്കുന്ന മനോജ്ഞമായ അന്തരീക്ഷത്തിൽ മംഗളസൂചകമായ ഗണപതി സ്തുതിയോടെ കളി ആരംഭിക്കുകയായി.

തിരുവാതിര നൃത്തക്കാരുടെ അടുത്ത് നിന്ന് അല്പം മാറി നിന്നാണ് പാട്ടുകാർ ഇതിൽ പങ്കെടുക്കുന്നത്. അവർ കൈമണി കൊട്ടിയാണ് പാടുന്നത്. ഇതര വാദ്യങ്ങൾ ആവശ്യമില്ല. ചില വേദികളിൽ സൗകര്യാനുസരണം ഇടയ്ക്ക ഉപയോഗിച്ചെന്നുവരും. ഗണപതി സ്തുതിയെത്തുടർന്ന് സരസ്വതി വന്ദനം കൂടി പാടിക്കഴിഞ്ഞാൽ മറ്റ് നൃത്തഗാനങ്ങൾ പാടിത്തുടങ്ങും. തിരുവാതിരക്കളിയിൽ പങ്കെടുക്കുന്ന കലാകാരികൾ കൈമുദ്രകളോ അഭിനയമോ കാട്ടേണ്ടതില്ല. വലം വച്ചുള്ള നൃത്തച്ചുവടുകൾ മാത്രം മതിയാകും. അതും ലാസ്യഭംഗിയോടെ. അഴകാർന്ന ശരീരചലനങ്ങൾ കൊണ്ടാണിവിടെ ആസ്വാദ്യത പ്രകടിപ്പിക്കാൻ കഴിയുന്നത്. കൈമെയ് ചലനങ്ങളിലാണ് തിരുവാതിരക്കളിയുടെ ജീവൻ നിലനിൽക്കുന്നത്. ചങ്ങമ്പുഴ പാടിയതുപോലുള്ള മതിമോഹന ശുഭനർത്തനം നല്ലതുപോലെ നമുക്കിവിടെ ആസ്വദിക്കാം. താളം നിരനിരയായ് നുരയിട്ടിട്ടു തങ്ങുന്ന സന്ദർഭത്തിൽ അവരുടെ തങ്കത്തരിവളയിളകുന്നതായ തരളിത നിമിഷങ്ങളെ ചങ്ങമ്പുഴക്കെന്ന പോലെ നമുക്കേവർക്കും അനുഭവവേദ്യമാകുമ്പോഴാണ് ആ കലയുടെ മാഹാത്മ്യം തെളിയുന്നത്.

പാട്ടിലെ പദവിന്യാസങ്ങൾ പാട്ടുകാരി ഇഷ്ടദാനമായി പ്രയോഗിക്കുമ്പോഴാണ് തിരുവാതിരക്കളിക്ക് ഓജസ്സ് ഒന്ന് കൂടി വർദ്ധിക്കുന്നത്. കളിയുടെ ഘട്ടങ്ങൾ, സമയ ദൈർഘ്യം എന്നിവ പരിഗണിച്ച് പ്രധാന പാട്ടുകാരി പദവിന്യാസം നിർവ്വഹിക്കും. വിന്യസിക്കുക എന്നു പറഞ്ഞാൽ പാട്ടിനെ വേണ്ടും പ്രകാരം ക്രമീകരിക്കുക എന്നേ അർത്ഥമാക്കേണ്ടതുള്ളൂ. അതായത് വരികളിൽ പ്രസക്തമായവ ഔചിത്യപൂർവ്വം തിരഞ്ഞെടുത്തും വേണ്ടാത്തവ മുറിച്ചുപാടിയും കളിനന്നാക്കുക എന്നാണ് ഉദ്ദേശിക്കുന്നത്. ക്രമപ്പെടുത്തി പാടുക എന്ന് ചുരുക്കിപ്പറയാം. കളിക്കാർക്കുണ്ടാവുന്ന കായികാദ്ധ്വാനം കൂടി പരിഗണിച്ചു കൊണ്ടായിരിക്കും പാട്ടുകാരിയുടെ ഈ ക്രമപ്പെടുത്തൽ. പാടിക്കേൾക്കാൻ പ്രത്യേക സുഖമുള്ള ഉണ്ണായി വാര്യരുടെ നളചരിതം, ഇരയിമ്മൻ തമ്പിയുടെ ഉത്തരാസ്വയംവരം തുടങ്ങിയ ആട്ടക്കഥകളിലെ മെച്ചപ്പെട്ട പദങ്ങൾ തിരഞ്ഞെടുത്ത് തിരുവാതിരക്കളിയിൽ ഉപയോഗപ്പെടുത്താറുണ്ട്. കഥകളിയിൽ കല്പിച്ചിട്ടുള്ള രാഗങ്ങളിലായിരിക്കില്ല ഇവിടെ പാടുന്നത് എന്നു മാത്രം. ഇവിടെ തിരുവാതിര കളിക്ക് ഇണങ്ങുന്ന രീതിയിൽ പ്രയോഗിക്കുകയാണ് പതിവ്. എങ്കിലും ഏറെ ഹൃദ്യമാണ് തിരുവാതിരക്കളിക്കാരുടെ ആട്ടപ്പാട്ടുകൾ. നളചരിതം രണ്ടാം ദിവസത്തെ കാട്ടാളന്റെ പ്രസിദ്ധ പദമായ "അംഗനേ ഞാനങ്ങു പോവാതെങ്ങനേ" എന്ന പാട്ട് തിരുവാതിരക്കളിയിലെ ഒരു ഹിറ്റ് പാട്ടാണ് അതുപോലെ ഉത്തരാസ്വയംവരം കഥകളിലെ "വീര വിരാട കുമാര വിഭോ" എന്ന പാട്ട് പ്രയോഗിച്ചു തിരുവാതിരക്കളിയിലെ 'കുമ്മിയടി'കളിയുടെ കാര്യത്തിലും പാട്ടിന്റെ കാര്യത്തിലും ഹിറ്റ് തന്നെ. എവർഗ്രീൻ ഹിറ്റ് എന്ന് പറയുന്നതാവും ശരി. 'കാളിന്ദീതീര വിഹാരനേ കൃഷ്ണാ കാളിയ മർദ്ദകനേ

ഗോവിന്ദനേ...' എന്നുള്ള കൃഷ്ണലീലപ്പാട്ട് പ്രധാനപ്പെട്ട ഒരു ഇനമാണ്. 'കമലാതികളാം നറുമലരെല്ലാം കാണുന്നൂ മുന്നിൽ' മറ്റൊരു മനോഹര ഗാനമാണ്. 'മാരാരി സുതനേ ഗിരിജാത്മജാ' എന്നുള്ള ഗണപതിയെക്കുറിച്ചുള്ള പാട്ടും പ്രസിദ്ധമാണ്. 'പങ്കജാക്ഷൻ കടൽവർണ്ണൻ വാസുദേവൻ ജഗന്നാഥൻ' എന്ന കേരളീയ ജനപ്രിയഗാനം മിക്കവാറും എല്ലാ നൃത്തപരിപാടികൾക്കും, കമ്പടികളികൾക്കും, വള്ളം കളികൾക്കുമെന്ന പോലെ തിരുവാതിരക്കളികൾക്കും ഒഴിവാക്കാനാവാത്ത ഒരു ഇനമാണ്. 'യാദവർകുലത്തുദിച്ച കൃഷ്ണനേ' എന്ന പാട്ട് കൃഷ്ണൻ കൂടി കഥാപാത്രമായി രംഗത്തെത്തുന്ന ചരടുപിന്നൽ കളി എന് വൈദഗ്ധ്യമേറുന്ന ഇനത്തിലാണ് പ്രയോഗിച്ചു വരുന്നത്. ചില തുഴച്ചിൽ പാട്ടുകളെയും വൈവിധ്യത്തിനായി തിരുവാതിരക്കളിയിൽ സ്വീകരിക്കാറുണ്ട്.

പുതിയകാലത്തിന്റെ സംഭാവനയായ 'പരിണയം' സിനിമയിൽ ഒരു തിരുവാതിരക്കളി രംഗമുണ്ട്. അവിടെ പാടുന്നതായ 'പാർവ്വണേന്ദു മുഖീ പാർവ്വതീ ഗിരീശ്വരന്റെ ചിന്തയിൽ മുഴുകി വലഞ്ഞു'. എന്ന മോഹന രാഗത്തിലെ മനോഹര ഗാനം യൂസഫലി കേച്ചേരി എഴുതിയതാണ്. ബോംബെ രവിയാണ് സംഗീത സംവിധാനം ചെയ്തത്. സദസ്യരുടെ നിർബന്ധം പരിഗണിച്ച് പല വേദികളിലും ഈ പാട്ട് അവതരിപ്പിക്കാൻ പല സമിതികളും തയ്യാറായിട്ടുള്ളത് വലിയ അംഗീകാരമായി കണക്കാക്കണം.

വെള്ളമുണ്ടും ബ്ലൗസും വേഷ്ടിയുമാണ് തിരുവാതിരകളിയിൽ പങ്കെടുക്കുന്നവരുടെ വേഷം. വാലിട്ട് കണ്ണെഴുതി കളഭക്കുറിയിട്ട് തലമുടികെട്ടിവച്ച് പൂവ് ചൂടണം. ദശപുഷ്പങ്ങൾ ചൂടി ലാസ്യപ്രധാനമായാണ് സ്ത്രീകൾ തിരുവാതിരക്കളിക്ക് ഒരുങ്ങുന്നത്. അതിനായുള്ള ഒരുക്കം തന്നെ അവർക്കൊരു ഉത്സവമായി മാറുകയാണ്. മുല്ലകൾ പൂക്കുന്ന കാലമാകയാൽ വേണ്ടുവോളം മുല്ലപ്പൂവിന്റെ സാന്നിദ്ധ്യം നിലാവ് നിറഞ്ഞ രാവിനെ യഥാർത്ഥത്തിൽ സുരഭിലമാക്കും.

തിരുവാതിരക്കളിയുടെ മഹിമ ഒന്നോർത്തു നോക്കൂ. ഒരു ശാസ്ത്രീയ നൃത്തത്തിനു പോലും പകർന്നു നൽകാൻ കഴിയാത്ത വിധത്തിലുള്ള ലാസ്യഭാവലളിത നർത്തനം എത്ര സമ്മോഹനമാണ്. ഇപ്പോഴത്തെ ഉത്സവവേദികളൊക്കെയും ചെകിടടപ്പിക്കുന്ന പാട്ടുകളാലും അമിത പ്രകാശരശ്മി പ്രവാഹത്താലും, പീരങ്കിസമാന ആംപ്ലിഫയറുകളാലും നിറച്ചിരിക്കുകയാണ്. ഈ അസഹ്യമായ അന്തരീക്ഷത്തിൽ സുകുമാരകലകൾക്ക് സ്ഥാനമെവിടെ. നൈസർഗ്ഗിക പശ്ചാത്തലമൊരുക്കി ഉത്സവവേദികളെ ലളിതമായി ക്രമീകരിക്കുവാൻ നമുക്ക് കഴിയണം. തിരുവാതിരക്കളി ഉൾപ്പെടെയുള്ള ഇമ്പമാർന്നതായ ലാവണ്യസംഗീത സുഷമകളെ നാമിവിടെ കുടിയിരുത്തണം. ■

ലേഖകൻ നാവായിക്കുളം നാടൻ കലാ പഠന കേന്ദ്രം ഡയറക്ടറാണ്.

താനാളൂർ ഗ്രാമ പഞ്ചായത്ത്

വി.പി. സുകുമാരൻ

മലപ്പുറം ജില്ലക്ക് ചരിത്ര നേട്ടം

തിരൂരങ്ങാടി ഗ്രാമ പഞ്ചായത്ത്

മലപ്പുറം ജില്ല ഗ്രാമ പഞ്ചായത്ത് മേഖലയിൽ ഒരു അവിസ്മരണീയ മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചിരിക്കുന്നു. ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നാളിതുവരെ റജിസ്റ്റർ ചെയ്ത മുഴുവൻ ജനന മരണ വിവാഹ - സിവിൽ റജിസ്ട്രേഷനുകളും ഡിജിറ്റൈസ് ചെയ്യുന്നത് ജില്ലയിൽ പൂർത്തീകരിച്ചു. ഒരു ജില്ലയിലെ മുഴുവൻ സിവിൽ റജിസ്ട്രേഷനുകളും വിവര സാങ്കേതിക വിദ്യയുടെ വിസ്മയ സാങ്കേതിക വിദ്യയുടെ വിസ്മയ സാധ്യതകൾ വിനിയോഗിച്ച് കമ്പ്യൂട്ടർ ശ്രംഖലകൾ വഴി ലോകത്തെവിടെയും ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ രാജ്യത്തെ ആദ്യ ജില്ലയായി മലപ്പുറം മാറുകയാണ്. മുഴുവൻ പഞ്ചായത്ത് ജീവനക്കാരുടെയും അശ്രാന്ത പരിശ്രമവും ഐ.കെ.എം ന്റെ സാങ്കേതിക സഹായവും ഭരണസമിതികളുടെ പിന്തുണയും ജില്ലാ ആഫീസിന്റെ കൃത്യമായ മോണീട്ടറിംഗുമാണ് ഈ ചരിത്ര നേട്ടത്തിന്റെ പിന്നിലുള്ളത്. ഈ മഹത് വിജയത്തിന്റെ ഔപചാരിക പ്രഖ്യാപനം 24.10.13 ന് മലപ്പുറം ടൗൺ ഹാളിൽ വെച്ച് പഞ്ചായത്ത്-സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ നിർവ്വഹിച്ചു. ഈ ചരിത്ര നേട്ടത്തിന് ജില്ലക്കുള്ള പുരസ്കാര സമർപ്പണവും മന്ത്രി നിർവ്വഹിച്ചു.

1970 മുതലുള്ള ജനനവും മരണവും നിർജ്ജീവ ജനനവും 1955-ലെ ഹിന്ദു വിവാഹ റജിസ്ട്രേഷൻ നിയമ പ്രകാരവും 2008-ലെ വിവാഹ റജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ പ്രകാരവുമുള്ള റജിസ്ട്രേഷനുകളാണ് ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്തത്. റജിസ്ട്രേഷൻ നടപടികളും നിയമ വ്യവസ്ഥകളും സുപരിചിതവും സാക്ഷ്യപത്രങ്ങളുടെ അനിവാര്യതയെക്കുറിച്ച് തികഞ്ഞ അവബോധവും ഏവർക്കുമുള്ളതാണ്. ഗ്രാമ പഞ്ചായത്തുകളിൽ 43 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച റജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി സൂക്ഷിച്ചുവരുന്ന രേഖകൾ അതേപടി സൂക്ഷിക്കുന്നതിന്റെ അഭംഗിയും അപകടവും പുസ്തക രൂപത്തിൽ ഇനിയും സൂക്ഷിക്കുന്നതിന്റെ അനൗചിത്യവും അതിലുപരി കാലാനുസൃതമായ മാറ്റങ്ങളും ഇത്തരം അടിസ്ഥാന രേഖകളെ ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റുന്നത് അനിവാര്യമാക്കി. മാത്രവുമല്ല ലോകം ഒരു ഗ്രാമമായി ചുരുങ്ങുകയും ജനകോടികൾ ലോകത്തിന്റെ പല ഭാഗങ്ങളിലും

ഐ.കെ.എം.

വാസമുറപ്പിക്കുകയും സിവിൽ റജിസ്ട്രേഷൻ സാക്ഷ്യപത്രങ്ങൾ പല ആവശ്യങ്ങൾക്കും അടിസ്ഥാന രേഖയാവുകയും ചെയ്തതോടെ പഞ്ചായത്ത് ആഫീസുകൾ കയറിയിറങ്ങാതെ കൈവിരൽത്തുമ്പിൽ തന്റെ സാക്ഷ്യപത്രം കണ്ടെത്താനും ലോകത്ത് ഏത് കോണിൽനിന്നും ആയവ കരഗതമാക്കാനും അത്തരം സാക്ഷ്യപത്രങ്ങൾക്ക് നിയമ സാധുത ലഭിക്കേണ്ടതും അനിവാര്യമാക്കി.

സേവന സോഫ്റ്റയർ വഴി ഇപ്പോഴത്തെ റജിസ്ട്രേഷൻ സുഗമമാണെങ്കിലും മുൻകാല വിവരങ്ങൾ വിവര സാങ്കേതിക വ്യൂഹത്തിലേക്ക് സന്നിവേശിപ്പിക്കുക അത്ര എളുപ്പമായിരുന്നില്ല. ഒരു ദശകത്തോളം പഴക്കമുള്ള ഈ പ്രവർത്തനങ്ങൾക്ക് ഇന്നും കേരളത്തിൽ മുഴുവനായും ഫലപ്രാപ്തി നേടാൻ കഴിയാത്ത സാഹചര്യത്തിൽ മലപ്പുറം ജില്ല നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളും ജീവനക്കാരുടെ അത്യദ്ധ്വാനവും ഭരണ സമിതികൾ നൽകിയ പിന്തുണയും മലപ്പുറം ജില്ലയിലെ ഐ. കെ. എം പ്രവർത്തകർ നൽകിയ നിർലോഭമായ സഹായവുമാണ് ഡിജിറ്റൈസേഷൻ പൂർത്തിയാക്കുന്നതിന് സഹായകമായത്. ഇത്തരുണത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ച ഇപ്പോഴത്തെ ജോയിന്റ് ഡയറക്ടറും മുൻ ഡപ്യൂട്ടി ഡയറക്ടറുമായ സി.എൻ. ബാബു, മുൻ അസിസ്റ്റന്റ് ഡയറക്ടർ ജോസ് മാത്യു, സീനിയർ സൂപ്രണ്ടുമാർ എന്നിവരെ സാന്ദർഭികമായി നന്ദിപൂർവ്വം സ്മരിക്കുന്നു. 1970 മുതലുള്ള 26 ലക്ഷത്തോളം രേഖകൾ ഡിജിറ്റൈസേഷൻ ചെയ്യുക അതീവ ശ്രമകരമായിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ സെക്രട്ടറിമാർക്ക് പുറമെ ഒരു ക്ളാർക്കിനെ നോഡൽ ആഫീസറായി നിയമിച്ചു. പഞ്ചായത്ത് ആഫീസിന്റെ പരമാവധി ഭൗതിക സാഹചര്യങ്ങളും കമ്പ്യൂട്ടറുകളും ജീവനക്കാരുടെ ദൈനംദിന ജോലികൾക്കുപുറമെ അദ്ധ്വാനവും ഏകോപിപ്പിച്ച് പിന്നീടുള്ള ദിനരാത്രങ്ങൾ അശ്രാന്ത പരിശ്രമങ്ങളുടേതായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിലും അല്ലാതെയും പഞ്ചായത്ത് വകുപ്പിനെ ഏൽപ്പിച്ച മുഴുവൻ ഉത്തരവാദിത്വങ്ങളും പരിപൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ കാര്യശേഷി തെളിയിച്ച ഈ ജില്ലയിലെ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യത്തിലും കാണിച്ച ആത്മാർത്ഥതയും അർപ്പണബോധവും പ്രശംസനീയമാണ്. 100 ഗ്രാമ പഞ്ചായത്തുകൾ, 43 സംവത്സരങ്ങൾ, 20000 ത്തോളം റജിസ്റ്ററുകൾ, 26 ലക്ഷത്തോളം ഡാറ്റകൾ — ഇവ വിവരവ്യൂഹത്തിലേക്ക് സന്നിവേശിപ്പിക്കുന്നതായിരുന്നു പിന്നീടുള്ള നടപടികൾ.

മറ്റു ജില്ലകളിൽനിന്ന് വ്യത്യസ്തമായി സമ്പൂർണ്ണ ഡിജിറ്റൈസേഷൻ ഒരു സപര്യയായി കണ്ട് തികഞ്ഞ മാസ്റ്റർപ്ലാനാണ് ഇക്കാര്യത്തിൽ ജില്ല തയ്യാറാക്കിയത്. ഓഫ്ലൈനായി ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ വിജയവും ജില്ലയിൽ ആദ്യമായി ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനവും ഈ ശ്രമങ്ങൾക്ക് പ്രചോദനമായി. ഡിജിറ്റൈസേഷൻ പ്രഖ്യാപനത്തിന്റെ ഭാഗമായി ഈ ഗ്രാമ പഞ്ചായത്തുകളേയും ഏറ്റവും കൂടുതൽ സിവിൽ റജിസ്ട്രേഷനുകൾ ഡിജിറ്റൈസ് ചെയ്ത തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തിനേയും സാങ്കേതിക സഹായം ഒരുക്കിയ ഐ. കെ. എം നേയും പഞ്ചായത്ത് വകുപ്പ് മന്ത്രി ഉപഹാരങ്ങൾ നൽകി ആദരിച്ചു. സമ്പൂർണ്ണ ഡിജിറ്റൈസേഷന്റെ നിയമ സാധുതയും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിന്റെ സാങ്കേതിക സ്വഭാവവും പ്രതിപാദിച്ച് ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ബ്രോഷർ മുൻ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കുട്ടി അഹമ്മദ് കുട്ടി പ്രകാശനം ചെയ്തു. ചടങ്ങിൽ എം.എൽ.എ ഉബൈദുള്ള അദ്ധ്യക്ഷം വഹിച്ചു. മന്ത്രിക്ക് മലപ്പുറം ജില്ലയുടെ സ്നേഹോപഹാരം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സുഹറാ മമ്പാട് സമർപ്പിച്ചു. ■

ലേഖകൻ: മലപ്പുറം ജില്ലാ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറാണ്.

പഞ്ചായത്ത് വകുപ്പ്-മലപ്പുറം ജില്ല

മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്

സാമൂഹ്യനീതി ദിനാഘോഷം



മലബാർ സിമന്റ്സ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്ന വിഹിതം ഐ.റ്റി. വ്യവസായവകുപ്പുമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പുമന്ത്രി എം.കെ. മുനീറിന് കൈമാറുന്നു.

സാമൂഹ്യ നീതി വകുപ്പിന് കീഴിലെ മന്ദിരങ്ങൾക്ക് 40 കോടി

– ഡോ. എം.കെ. മുനീർ

സാമൂഹ്യ നീതി വകുപ്പിന് കീഴിലെ വിവിധ മന്ദിരങ്ങൾ ഒരു വർഷത്തിനകം പുതുക്കി പണിയുമെന്ന് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ. ഇതിനായി 40 കോടി വകയിരുത്തിയതായി മന്ത്രി പറഞ്ഞു. മലപ്പുറത്ത് എം.എസ്.പി. പരേഡ് ഗ്രൗണ്ടിൽ സാമൂഹ്യ നീതി ദിനാചരണത്തോടനുബന്ധിച്ച സംസ്ഥാനതല പരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പാർശ്വവത്കരിക്കപ്പെട്ടവർക്ക് വേദി നൽകുന്നതിനാണ് സാമൂഹ്യ ദിനാചരണം നടത്തുന്നത്. വയോജന നയത്തിൽ കാര്യമായ മാറ്റം വരുത്തുന്നതിനായി എട്ട് ടാസ്ക് ഫോഴ്സുകൾ രൂപവത്ക്കരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. വയോജനങ്ങൾക്കുള്ള സേവനം അവകാശമാക്കുന്ന രീതിയിലാണ് നയത്തിൽ മാറ്റം വരുത്തുക. സ്ത്രീകളുടെയും കുട്ടികളുടെയും സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

വികസനത്തിനും കരുതലിനും വ്യവസായ–സാമൂഹ്യ നീതി വകുപ്പുകൾ ഒന്നിച്ച് പ്രവർത്തിക്കും

– പി.കെ. കുഞ്ഞാലിക്കുട്ടി

വികസനത്തിനും കരുതലിനും വ്യവസായ-സാമൂഹ്യ നീതി വകുപ്പുകൾ ഒന്നിച്ച് പ്രവർത്തിക്കുമെന്ന് ഐ.റ്റി-വ്യവസായ വകുപ്പ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി പറഞ്ഞു. സാമൂഹ്യ നീതി ദിനാചരണത്തോടനുബന്ധിച്ച് പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്ന വിഹിതം പഞ്ചായത്ത് സാമൂഹ്യ നീതിവകുപ്പ് മന്ത്രി ഡോ.എം.കെ.മുനീറിന് കൈമാറി സംസാരിക്കുകയായിരുന്നു അദ്ദേഹം. ലാഭത്തിലുള്ള മുഴുവൻ പൊതു മേഖലാ സ്ഥാപനങ്ങളും ഒരു വിഹിതം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റി വെക്കാൻ നിർദ്ദേശം നൽകിയതായി കുഞ്ഞാലിക്കുട്ടി അറിയിച്ചു. മൂന്ന് വയസ്സിൽ താഴെയുള്ള കുട്ടികൾക്കായുള്ള കോക്ലിയർ ഇംപ്ലാന്റേഷനുള്ള 50 ലക്ഷവും മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള കാരുണ്യ ഡെപ്പോസിറ്റ് സ്കീമിനുള്ള 20 ലക്ഷവുമാണ് മലബാർ സിമന്റ്സ് സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയത്.

അങ്കണവാടികൾക്ക് സ്കൂളുകളിൽ സ്ഥലമൊരുക്കുന്നത് പരിഗണിക്കും

– പി.കെ അബ്ദുറബ്ബ്

സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ അങ്കണവാടികൾക്ക് സ്കൂളുകളിൽ സ്ഥലമൊരുക്കുന്നത് പരിഗണിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ്. സാമൂഹ്യ ദിനാചരണത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അങ്കണവാടികൾ പ്രീ സ്കൂളുകളാക്കി മാറ്റുന്നതും പരിഗണനയിലുണ്ട്. അങ്കണവാടികളിലെ പദ്ധതികളുമായി സംയോജിപ്പിച്ച് മുന്നോട്ട് പോവുമെന്നും മന്ത്രി പറഞ്ഞു. സാമൂഹ്യ നീതി മന്ത്രി ഡോ. എം.കെ. മുനീർ അധ്യക്ഷനായി. ഐ സി ഡി എസ് പദ്ധതിയിൽ മികച്ച സേവനം കാഴ്ചവെച്ചതിന് മുൻ ജില്ലാ കലക്റ്റർ എം.സി. മോഹൻദാസിനും സി.ഡി.പി.ഒ പി. പ്രേമയ്ക്കും സ്പെഷൽ ഒളിംപിക്സിൽ വെങ്കലം നേടിയ ആകാശ് മാധവിനും മന്ത്രി ഉപഹാരം നൽകി.

എം.എൽ.എ മാരായ പി. ഉബൈദുള്ള, എം. ഉമ്മർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട്, എ.ഡി.എം പി. മുരളീധരൻ, ജില്ലാ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറി സി.കെ. ജയദേവൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സലീം കുരുവമ്പലം, റ്റി. വനജ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ വി.എൻ ജിതേന്ദ്രൻ, അസി. ഡയറക്റ്റർ കെ മുകുന്ദൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.അബൂബക്കർ ഹാജി, പി. ഉസ്മാൻ, സി.എച്ച്. ജമീല എന്നിവർ സംസാരിച്ചു.

സാമൂഹ്യ നീതിവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം നൽകിയ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറാ മമ്പാടിനെ മന്ത്രി എം.കെ. മുനീർ പ്രശംസിച്ചു. സാമൂഹ്യ നീതി വകുപ്പിന്റെ പുതിയ പദ്ധതിയായ വീ കെയർ പദ്ധതി ഡിസംബറിൽ പ്രഖ്യാപിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. കോക്ലിയാർ ഇംപ്ലാന്റേഷന് തിരഞ്ഞടുക്കപ്പെട്ട മൂന്ന് വയസിൽ താഴെയുള്ള കുട്ടികൾക്ക് മന്ത്രി കുഞ്ഞാലിക്കുട്ടി ഉപഹാരങ്ങൾ നൽകി. ശേഷം കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമൊപ്പം വേദിയിൽ നിന്ന് മന്ത്രിമാരും മറ്റു പ്രമുഖരും ഫോട്ടോയും എടുത്തു.

പി.ഉബൈദുള്ള എം.എൽ.എ അധ്യക്ഷനായിരുന്നു. അബ്ദുറഹ്മാൻ രണ്ടത്താണി എം.എൽ.എ പ്രദർശനം ഉദ്ഘാടനം ചെയ്തു. ഭിന്നശേഷി നിർണയ ക്യാമ്പ് എം. ഉമ്മർ എം.എൽ.എ യും ഡോക്യുമെന്ററി ഫെസ്റ്റ് കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എയും ഉദ്ഘാടനം ചെയ്തു. വനിതാ കമ്മീഷൻ അദാലത്ത് ചെയർപേഴ്സൻ – കെ.സി റോസക്കുട്ടി ഉദ്ഘാടനം ചെയ്തു. സാമൂഹ്യനീതി ഡയറക്ടർ വി.എൻ. ജിതേന്ദ്രൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ കുഞ്ഞു, തൃശൂർ ജില്ലാ കലക്ടർ എം.എസ്. ജയ, വനിതാ കമ്മീഷൻ അംഗം അഡ്വ. നുർബിനാ റഷീദ്, നഗരസഭാ ചെയർമാൻ കെ.പി. മുഹമ്മദ് മുസ്തഫ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ റ്റി.റ്റി. കോയാമു, പി.ഉസ്മാൻ, പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സി.കെ.എ. റസാഖ്, ജില്ലാപഞ്ചായത്ത് അംഗം സലീം കുരുവമ്പലം, അങ്കണവാടി വർക്കർ ആന്റ് ഹെൽപ്പർ ക്ഷേമനിധി ബോർഡ് അംഗം സി.എച്ച്. ജമീല, വനിതാ വികസന കോർപറേഷൻ ചെയർപേഴ്സൻ പി.കുൽസു എന്നിവർ സംസാരിച്ചു

മലബാർ സിമന്റ്സ് എം.ഡി. പി. പത്മ കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. എം.എൽ.എമാരായ കെ. മുഹമ്മദുണ്ണി ഹാജി, റ്റി.എ. അഹമ്മദ് കബീർ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറാ മമ്പാട്, തുടങ്ങിയവർ സംസാരിച്ചു. മലബാർ സിമന്റ്സ് ഡയറക്ടർ ബോർഡ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ റീജനൽ ഡയറക്ടർ മുഹമ്മദ് യൂനുസ് റ്റി.കെ. നന്ദി പറഞ്ഞു.

അങ്കണവാടികൾ നവീകരിക്കുന്നതിന് 700 കോടി

- ഡോ. എം.കെ. മുനീർ

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുമെന്ന് ഡോ. എം.കെ മുനീർ. സാമൂഹ്യ നീതി ദിനാചരണത്തിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നബാർഡിന്റെ 700 കോടി ഉപയോഗിച്ചാണ് സ്വന്തം കെട്ടിടമൊരുക്കുക. സ്വന്തം വീട്ടിൽ അങ്കണവാടികൾ നടത്തുന്ന ജീവനക്കാർക്ക് സാമൂഹ്യ നീതി വകുപ്പിൽ ജോലി നൽകും. അങ്കണവാടി ക്ഷേമ ബോർഡിന് ഭരണഘടന പദവി നൽകും. ഇതിനുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. നിയമസഭയിൽ അവതരിപ്പിച്ച് ബില്ലിന് അംഗീകാരം നേടും. അങ്കണവാടി ഹെൽപ്പർമാർക്കുള്ള യൂനിഫോം രണ്ട് മാസത്തിനകം പ്രാബല്യത്തിൽ വരും. വർക്കർമാർക്കുള്ള ഹോണറേറിയം വർധിപ്പിക്കുന്നത് പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു. ■

വാർത്തകളും വിശേഷങ്ങളും

ജനന-മരണ രജിസ്ട്രേഷൻ-കുട്ടിയുടെ പേര് തിരുത്തൽ നിർദ്ദേശം വ്യക്തത വരുത്തി സർക്കുലർ പുറപ്പെടുവിച്ചു.

01.02.2012-ലെ 35845/ആർഡി3/11/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്റ്ററിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ), സ്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്നശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്തകുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കണ്ടതുമാണ്. കുട്ടിയെ സ്കൂളിൽ ചേർത്തശേഷം ജനന രജിസ്ട്രേഷനിൽ പേരു ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതും അതു പ്രകാരം തന്നെ പേരു ചേർക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജനന രജിസ്റ്ററുകളിലെ കുട്ടിയുടെ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തലുകൾ നൽകാവുന്നതാണ്. ഇതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷയും (പ്രായപൂർത്തിയായ കേസുകളിൽ കുട്ടിയുടെ അപേക്ഷ) തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലവും മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണെന്ന് 07.05.2012-ലെ 9748/ആർഡി3/12/ തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ സർക്കുലറുകളിൽ സൂചിപ്പിച്ചിരിക്കുന്ന സത്യവാങ്മൂലം എന്നത് ഗസറ്റഡ് ഓഫീസർ/നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ടോ ഇല്ലെങ്കിൽ മാതാപിതാക്കൾ ജനന-മരണ രജിസ്ട്രാററുടെ മുമ്പിൽ നേരിട്ട് ഹാജരായി സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടോ ഉണ്ടെങ്കിൽ എത്ര രൂപയുടെ സ്റ്റാമ്പ് പേപ്പർ ആണ് ഉപയോഗിക്കേണ്ടത് എന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കുലറുകളിൽ താഴെപ്പറയുന്ന വിധം വ്യക്തത വരുത്തി.

തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/-കോമ്പൗണ്ടിംഗ് ഫീ ഈടാക്കൽ വ്യവസ്ഥയുള്ള സാഹചര്യത്തിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് കുട്ടിയുടെ പേരിൽ തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോടൊപ്പം വെള്ളപേപ്പറിൽ തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, സ്കൂളിൽ ചേർത്ത ശേഷമുള്ള കേസുകളിൽ സ്കൂൾ രേഖയിലെ പോലെ പേരു തിരുത്തുന്നതിന് അപേക്ഷയോടൊപ്പം തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന 100/- രൂപ, മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, മാതാവ്/പിതാവ്/നിയമാനുസൃതമായ രക്ഷകർത്താവ്/മാതാപിതാക്കൾ മരണപ്പെട്ട കേസുകളിൽ വ്യക്തിയും രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കണം. സർക്കുലർ നമ്പർ 31512/ആർഡി3/13 തസ്വഭവ തീയതി 17.10.13

ഫാം ഫോട്ടോഗ്രഫി - ലേഖന രചനാ മത്സരങ്ങൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ സംസ്ഥാനതല ഫാം ഫോട്ടോഗ്രാഫി ലേഖന രചനാ മത്സരങ്ങൾ നടത്തുന്നു. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 30 കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വിഷയങ്ങളിൽ 12X18" അളവിലുള്ള കളർ ഡിജിറ്റൽ ഫിലിം പ്രിന്ററുകൾ ഫോട്ടോഗ്രാഫി മത്സരത്തിനയക്കാം ഒരാൾക്ക് പരമാവധി 3 എൻട്രി. ഒന്നാം സമ്മാനം 10,000 രൂപ, രണ്ടാം സമ്മാനം 7,000 രൂപ, മൂന്നാം സമ്മാനം 5000രൂപ. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ കൃഷിപാഠങ്ങൾ എന്ന വിഷയത്തിലാണ് ലേഖന രചനാ മത്സരം നടത്തുന്നത് 5,000 രൂപ, 3,000 രൂപാ, 2000 രൂപ ഇപ്രകാരമാണ് ആദ്യത്തെ മൂന്ന് സമ്മാനങ്ങൾ

വിലാസം: പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3
ഫോൺ: 0471 2314358, 2318186

ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണ ചെലവിന്റെ പരിധി നിശ്ചയിക്കൽ സമിതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളിൽ ഏകദേശം 130 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ചും ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രങ്ങളിൽ ഏകദേശം 290 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിൽ പരമാവധി 25 ലക്ഷം രൂപ ചെലവഴിച്ചും ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രം നിർമ്മിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഗ്രാമ-പഞ്ചായത്ത് തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ പണിയുന്നതിന്റെ ചെലവിന്റെ പരിധി ഓരോ സംസ്ഥാനത്തും നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്സിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കാവുന്നതാണെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ പ്രകാരം ഗ്രാമ -ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ രാജീവ് ഗാന്ധി സേവാകേന്ദ്രങ്ങൾ പണിയുന്നതിന് ആവശ്യമായി വരുന്ന ചെലവിന്റെ പരിധി പുനർ നിശ്ചയിച്ച് ശുപാർശ ചെയ്യുന്നതിന് സമിതിയെ നിയോഗിച്ച് സർക്കാർ ഉത്തരവായി ♦ മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി ചെയർമാൻ ♦ ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് - കൺവീനർ ♦ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി അംഗം സ.ഉ(സാധാ).2587/13/തസ്വഭവ തീയതി 21.10.2013

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by Mithra.T. IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.





ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) November 2013
Annual Subscription ₹120/-, Published on 20th November 2013
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഊർജ്ജസംരക്ഷണത്തിന്റെ വിജയഗാഥയുമായി

ISI
BIS CERTIFIED

ലൈട്രോൺ
CFL വഴിവിളക്കുകൾ



11W | 22W | 36W | 72W

LEDtron
LED വഴിവിളക്കുകൾ

12W | 18W | 24W | 36W | 48W | 72W | 96W

അമ്മിണി എനർജി സിസ്റ്റംസ്

Special packages for
LOCAL BODY PROJECTS

കൂടുതൽ വിവരങ്ങൾക്ക്:
1800 300 00600 (Toll Free)
0471-3060200 (Call Centre)

The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- സോളാർ പവർ പ്ലാന്റുകൾ (With 30% MNRE Subsidy)

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
18 വർഷത്തെ
സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008
ONICRA
We Secure Trust
NSIC - ONICRA CREDIT RATED:SE1B
एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED
SIDCO
REGISTERED

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

CONTACT : 1800 300 00 600 (TOLL FREE)

Printed & Published by Mithra.T. IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: Mithra.T. IAS